കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2020 നവംബർ
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




ഇ എം എസിന്റെ ജീവിതകഥ
(ജീവചരിത്രം)
**പയ്യന്നൂർ കുഞ്ഞിരാമൻ**
വില ₹70





കുട്ടികളുടെ ലോകം
(വൈജ്ഞാനികം)
**ഡോ. എം ആർ തമ്പാൻ**
വില ₹40





തച്ചനാർ
(കഥ)
**സി രാധാകൃഷ്ണൻ**
വില ₹90




ഉൽപ്പത്തി കഥകൾ
(പുനരാഖ്യാനം)
**ഡോ. ഡി രാജേന്ദ്രൻ**
വില ₹90




മാർക്കോണി
(ജീവചരിത്രം)
**സുധീർ പൂച്ചാലി**
വില ₹60





നിധി
(കഥ)
**ഉണ്ണിക്കൃഷ്ണൻ പൂങ്കുന്നം**
വില ₹135





സുമയ്യ
(നോവൽ)
**തസ്മിൻ ഷിഹാബ്**
വില ₹90




പാടുവിൻ പഠിക്കുവിൻ
(കവിത)
**വട്ടപ്പറമ്പിൽ പീതാംബരൻ**
വില ₹110




നൂറ്റിയൊന്നു പ്രിയകഥകൾ
(കഥകൾ)
**സി ആർ ദാസ്**
വില ₹210




ഐതിഹ്യമാല കുട്ടികൾക്ക്
(പുനരാഖ്യാനം)
**ജ്യോതി കെ ജി**
വില ₹400

**കൂടുതൽ പുസ്തകങ്ങൾക്ക്** **website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471 – 233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം


**നവംബർ 2020**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**


**ഉള്ളടക്കം**

## നെഹ്റു-ഇന്ത്യയെ കണ്ടെത്തിയ സഞ്ചാരി

6

**സെബാസ്റ്റ്യൻ പള്ളിത്തോട്**




മികച്ച ഭരണാധികാരി മാത്രമായിരുന്നില്ല ലക്ഷ്യബോധമുള്ള ഒരെഴുത്തുകാരൻ കൂടിയായിയിരുന്നു ജവഹർലാൽ നെഹ്റു. ഇന്ത്യയെ കണ്ടെത്തിയ ആ സഞ്ചാരിയുടെ എഴുത്തുവഴികളിലൂടെ ഒരു യാത്ര.

## 2020 ലെ നോബൽ സമ്മാനത്തിൽ ജ്വലിച്ച പ്രതിഭകൾ

16

**വിനോദ് മങ്കര**



കോവിഡ് മഹാമാരിയുടെ കാലത്ത് ഇത്തവണത്തെ നോബൽ പുരസ്ക്കാര പ്രഖ്യാപനം റദ്ദുചെയ്യുമോ എന്ന് ഊഹാപോഹങ്ങളുണ്ടായിരുന്നു. ഇതിനിടയിലാണ് ഇക്കൊല്ലത്തെ നോബൽ പുരസ്ക്കാരം പ്രഖ്യാപിച്ചത്. പുരസ്ക്കാര ജേതാക്കളെ നമുക്ക് പരിചയപ്പെടാം.

## അമ്മേങ്കുഞ്ഞുണ്ണീം പിന്നെ പാച്ചുക്കരടിക്കുട്ടപ്പനും

26

**പ്രിയ എ എസ്**

കുഞ്ഞുണ്ണീടേം അമ്മയുടേയും പിന്നെ അവർക്ക് ഏറ്റവും പ്രിയപ്പെട്ട പാച്ചുക്കരടിക്കുട്ടപ്പന്റേയും രസകരമായ ഈ കഥ വായിക്കൂ...




**മുൻമൊഴി**.................................4
സുഗതകുമാരി
**ചാച്ചാജി വരുമ്പോൾ**.......................11
രാജഗോപാലൻ നാട്ടുകൽ
**ചാച്ചാജിയെ കുറിച്ചുള്ള രസകരമായ ചില സംഭവകഥകൾ**........................12
**മഹാകവി അക്കിത്തം അച്ച്യുതൻ നമ്പൂതിരി**........................15
**കവിതാപരിചയം**............................25
മഹാകവി കുമാരനാശാൻ
**തുലാവർഷം**..................................31
കെ കെ പല്ലശ്ശന
**കൊറോണ**.....................................32
പകൽക്കുറി വിശ്വൻ
**കൊക്കരേ കൊക്കരേ**..........................33
സുരേന്ദ്രൻ കാടങ്കോട്
**ഓൺലൈൻ പഠനം ആരോഗ്യകരമാക്കാം**..............................34
ഡോ. ബി പത്മകുമാർ
**മിഠായിത്തെരുവ്**...............................36
വിജയൻ കോതമ്പത്ത്
**സ്കൂൾഡെയ്സ്**..................................41
എൻ ടി രാജീവ്
**പറക്കാത്ത പക്ഷി**..............................42
റഫീഖ് പുതുപൊന്നാനി
**കടപയാദി**.......................................43
പള്ളിയറ ശ്രീധരൻ
**ടോം സോയറുടെ സാഹസിക ജീവിതം**...................................44
പുനരാഖ്യാനം : ജോളി വർഗീസ്
**അമ്മപ്പൂക്കളം** ..................................48
നൗഷാദ് പെരുമാതുറ
**ആകാശം**..........................................50
സജീവൻ കല്ലാച്ചി
**മഹാഭാരതം**......................................52
സുഗതകുമാരി
**ഇളംതളിര്**.......................................54



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**


എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**സന്തോഷ് വെളിയന്നൂർ**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org,**
**director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**






ഇന്ത്യയുടെ ഹൃദയത്തിലെ രാജകുമാരൻ. പിന്നീട് ഹൃദയചക്രവർത്തി എന്നൊക്കെ ജവഹർലാൽ നെഹ്റുവിന് പേരുകളുണ്ടായിരുന്നു. അദ്ദേഹത്തെ സ്നേഹിച്ചതുപോലെ നാട്ടുകാർ മറ്റൊരാളെയും സ്നേഹിച്ചിട്ടില്ല. നെഹ്റുതന്നെ പറയുകയുണ്ടായി 'ഞാൻ എത്രയധികം അവരെ സ്നേഹിച്ചോ അതിൽ എത്രയോ മടങ്ങ് സ്നേഹം അവർ എനിക്കു മടക്കി നൽകി' എന്ന്.

അതൊരു വിശിഷ്ടമായ കാലമായിരുന്നു. മഹർഷിതുല്യനായ ഗാന്ധിജി തലപ്പത്ത്, അർജ്ജുനനെപ്പോലെ ജവഹർലാൽ സമരം നയിക്കുവാൻ. വെളിച്ചത്തിന്റെ കാലം, ഊർജത്തിന്റെ കാലം. സ്വാതന്ത്ര്യത്തിനുവേണ്ടി സർവതും ത്യജിക്കുവാൻ ജനസഹസ്രങ്ങൾ മുന്നിട്ടിറങ്ങിയ കാലം.

മറന്നുപോകരുതേ കുഞ്ഞുങ്ങളേ, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ ശോഭ നിറഞ്ഞ കഥ മറന്നുപോകരുതേ. ആ സ്വാതന്ത്ര്യത്തിന്റെ മക്കളാണു നിങ്ങൾ. ഗാന്ധിജിയുടെയും ജവഹർലാലിന്റെയും കൊച്ചുമക്കൾ. ആ അഭിമാനത്തോടെ, വീര്യത്തോടെ, ശക്തിയോടെ വളർന്നുവരുവിൻ!

സ്നേഹപൂർവം
**സുഗതകുമാരി**




## നെഹ്റുവിന്റെ പിറന്നാൾ

സ്വന്തം പിറന്നാൾ എങ്ങനെ ആഘോഷിക്കണമെന്ന് നെഹ്റുവിനോട് ചില സുഹൃത്തുക്കൾ അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു.

''എനിക്ക് സ്വന്തമായി ഒരു പിറന്നാൾ വേണ്ട. എന്റെ ജന്മദിനം ഞാൻ ഇന്ത്യയിലെ മുഴുവൻ കുഞ്ഞുങ്ങൾക്കും നൽകുന്നു. ഇന്നുതൊട്ട് നവംബർ 14 ഇന്ത്യയിലെ കുഞ്ഞുങ്ങളുടെയെല്ലാം ജന്മനാളായിരിക്കട്ടെ.''

## ആനക്കാര്യം





രാജീവ് എൻ ടി
ntrajeev@gmail.com


Credit : Getty Images

**മികച്ച ഭരണാധികാരി മാത്രമായിരുന്നില്ല ലക്ഷ്യബോധമുള്ള ഒരെഴുത്തുകാരൻ കൂടിയായിയിരുന്നു ജവഹർലാൽ നെഹ്റു. നെഹ്റു രാഷ്ട്രീയത്തിൽ മുഴുകിയതുകൊണ്ട് ലോകസാഹിത്യത്തിനു നഷ്ടപ്പെട്ടത് മഹാനായ ഒരു എഴുത്തുകാരനെയാണ് എന്നാണ് ജോർജ് ബർണാഡ് ഷാ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇന്ത്യയെ കണ്ടെത്തിയ ആ സഞ്ചാരിയുടെ എഴുത്തുവഴികളിലൂടെ ഒരു യാത്ര.**

# നെഹ്റു – ഇന്ത്യയെ കണ്ടെത്തിയ സഞ്ചാരി

**സെബാസ്റ്റ്യൻ പള്ളിത്തോട്**

“സവിശേഷമായ യാതൊരു പ്രാധാന്യവുമില്ലാത്ത ഒരു പുസ്തകം എഴുതിവിടുന്നതിലൊരു വല്ലായ്മയുണ്ട്. എഴുതുക എളുപ്പം തന്നെ. എന്നാൽ, എണ്ണം പറഞ്ഞ എന്തെങ്കിലും, ലോകം മാറിക്കൊണ്ടിരിക്കെ ഞാനെന്റെ കൈയെഴുത്തു പുസ്തകവുമായി ജയിലിൽത്തന്നെ ഇരുന്നാലും പഴയതായിപ്പോകാതെ എന്തെങ്കിലുമെഴുതുക വേറെ കാര്യമാണ്. ഇന്നേക്കോ നാളേക്കോ വേണ്ടിയല്ല അവിജ്ഞതമായ – വിദൂരമായിരിക്കാം – ഒരു ഭാവികാലത്തേക്കുവേണ്ടിയാണ് ഞാൻ എഴുതുക...”

1944 ഏപ്രിൽ 13 ന് അഹമ്മദ്നഗർ കോട്ടയിലെ തടവറയിലിരിക്കെ നെഹ്റു എഴുതിത്തുടങ്ങിയ ‘ഇന്ത്യയെ കണ്ടെത്തൽ’ എന്ന മനോഹരമായ പുസ്തകം ആരംഭിക്കുന്നത് ഇങ്ങനെയാണ്. വരുംനാളേക്കു വേണ്ടി, വരാനിരിക്കുന്ന തലമുറകൾക്കു വേണ്ടി, ഉള്ളടക്കം കൊണ്ട് ഒരിക്കലും പഴഞ്ചനെന്നു കാലം മുദ്രകുത്താത്ത

ഒരു പുസ്തകം എഴുതുക. അതായിരുന്നു ജവഹർലാൽ നെഹ്റുവെന്ന മഹാനായ ആ എഴുത്തുകാരന്റെ ലക്ഷ്യം.

നെഹ്റുവിന്റെ പ്രധാനപ്പെട്ട കൃതികൾ എല്ലാം തന്നെ എഴുതപ്പെട്ടത് അദ്ദേഹത്തിന്റെ തടവറ ജീവിതകാലത്തായിരുന്നുവെന്ന് നമുക്കറിയാം. അവയിൽത്തന്നെ കുട്ടികൾക്ക് ഏറ്റവും പ്രിയങ്കര മായ 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' അദ്ദേഹം എഴുതുന്നത് 1928-ൽ ഹിമാലയസാനുവിലുള്ള മുസ്സൂറിയിൽ വച്ചാണ്. അദ്ദേഹത്തിന്റെ മകൾ ഇന്ദിരാപ്രിയദർശിനിക്ക് അന്ന് പത്തുവയസ്സാണു പ്രായം.


പ്രകൃതിയേയും പ്രപഞ്ചത്തെയും മനുഷ്യ വംശത്തെയും നാഗരികതയെയും കുറിച്ച് തന്റെ മകളിൽ (അതിലൂടെ ഭാരതീയരായ എല്ലാ കുട്ടികളിലും) ഒരേകദേശ ധാരണയുണ്ടാകാൻ ഉപകരിക്കുമാറ് എഴുതപ്പെട്ട പുസ്തകമാണ് 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ'.


അതേ, ഇന്ദിരാപ്രിയദർശിനിക്കു തന്നെ 1930 ഒക്ടോബർ 26 ന്, അവളുടെ പതിമൂന്നാം ജന്മദിനത്തിൽ നൈനിറ്റാളിലെ സെൻട്രൽ ജയിലിൽ നിന്നും നെഹ്റുവെഴുതിയ മറ്റൊരു സമാഹാരവും വളരെ ശ്രദ്ധേയമാണ്.

മനുഷ്യവംശത്തെയും ചരിത്രത്തെയും ജീവജാതികളുടെ ഉത്ഭവത്തെയും വിശിഷ്യ പ്രപഞ്ചത്തെയും കുറിച്ചാണ് 'ഒരച്ഛൻ മകൾക്കയച്ച കത്തുകളിൽ' അദ്ദേഹം വിവരിക്കുന്നതെങ്കിൽ പതിമൂന്നിലെത്തിയ മകളോട് അദ്ദേഹം സംസാരിക്കുന്നത് ലോകചരിത്രത്തെക്കുറിച്ചാണ്. വളർന്നുകൊണ്ടിരിക്കുന്ന മകളോട്, അവളുടെ ആശയചക്രവാളവും ലോകവീക്ഷണവും മാറുന്നതിനനുസരിച്ച് അവളെ കൂടുതൽ വലിയ കാര്യങ്ങൾ പഠിപ്പിക്കുക.

മാതാവ് രോഗശയ്യയിലും പിതാവ് സ്വാതന്ത്ര്യ സമര പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് മിക്കവാറും കാരാഗൃഹത്തിലുമാകുമ്പോൾ അവളുടെ പഠന കാര്യങ്ങളിൽ ഒരു പിതാവിന് ഇത്തരം കത്തുകളിലൂടെയല്ലാതെ ബന്ധപ്പെടുക സാധ്യമല്ല.

1930 ഒക്ടോബറിനും 1933 ആഗസ്റ്റിനുമിടയ്ക്കുള്ള മൂന്ന് വർഷക്കാലത്തിനിടയിൽ എഴുതപ്പെട്ട ഈ കത്തുകളെല്ലാം നൈനി സെൻട്രൽ ജയിലിൽ നിന്നും എഴുതിയതാണെന്നു കരുതരുത്. ഈ മൂന്നു വർഷത്തിനിടയിൽത്തന്നെ ജയിൽമോചനവും വീണ്ടും അറസ്റ്റ് ചെയ്യപ്പെടലും ഒന്നിലേറെ പ്രാവശ്യം സംഭവിച്ചിരുന്നു. എങ്കിലും അത് പൂർത്തീകരിച്ചപ്പോഴാകട്ടെ നമുക്കു ലഭിച്ചത് അതിബൃഹത്തായ ഒരു ചരിത്ര പുസ്തകമായിരുന്നു - 'ഗ്ലിംപ്സസ് ഓഫ് വേൾഡ് ഹിസ്റ്ററി' - 'വിശ്വചരിത്രാവലോകം!' - പേരുകൊണ്ടു തന്നെ ഈ ചരിത്രഗ്രന്ഥത്തിന്റെ ആഴവും പരപ്പും എത്ര വലുതാണെന്ന് ഒരാൾക്കു ബോധ്യമാകും. ''നാഗരികതയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം അത്യന്തം അർത്ഥവത്തായ സംഭവവികാസങ്ങളിൽ ഗ്രന്ഥകർത്താവ് ഒരേ സമയത്ത് പ്രേക്ഷകനും ഭാഗഭാക്കുമായിരുന്നു...'' എന്നിങ്ങനെ 'വിശ്വചരിത്രാവലോക'ത്തിന്റെ അവതാരികയിൽ കുറിച്ചിരിക്കുന്നത് മലയാളികളുടെ അഭിമാനമായ വി കെ കൃഷ്ണമേനോനാണ്.







ഇന്ദിരയ്ക്കെഴുതിയ ഈ കത്തുകൾ സമാഹരിച്ചതാകട്ടെ നെഹ്റുവിന്റെ സഹോദരിയായ ശ്രീമതി വിജയലക്ഷ്മി പണ്ഡിറ്റും.

''കുട്ടികൾക്ക് ഇണങ്ങിയ തരത്തിലുള്ള പ്രാഥമിക വിവരണങ്ങളുടെയും മുതിർന്നവർക്കു പറ്റിയ ആശയചർച്ചകളുടെയും ഒരു കലർപ്പ്'' എന്നാണ് ഗ്രന്ഥകാരൻ തന്നെ ഈ കൃതിയെ വിശേഷിപ്പിച്ചിട്ടുള്ളത്.

സാഹിത്യകാരനായ ജവഹർലാലിന്റെ എഴുത്തുജീവിതത്തിലെ നാഴികക്കല്ലുകളായി ശോഭിക്കുന്ന 'ഒരച്ഛൻ മകൾക്കയച്ച കത്തുകളെ'ക്കുറിച്ചും 'വിശ്വചരിത്രാവലോക'ത്തെക്കുറിച്ചും ഇത്രയും ആമുഖമായി എഴുതിയത് അദ്ദേഹത്തിന്റെ പ്രകൃഷ്ട കൃതിയെന്ന് ലോകം മുഴുവനും വാഴ്ത്തുന്ന മറ്റൊരു ഗ്രന്ഥത്തെക്കുറിച്ചു പറയുന്നതിനു വേണ്ടിയാണ്. (ഈ കാലമാകുമ്പോഴേക്കും അദ്ദേഹത്തിന്റെ പ്രസിദ്ധമായ ആത്മകഥ വെളിച്ചം കണ്ടു കഴിഞ്ഞിരുന്നു). 'ഇന്ത്യയെ കണ്ടെത്തൽ' തന്നെയാണ് പ്രസ്തുത കൃതി.

''ഞാൻ ഇന്ത്യയെ കണ്ടെത്താൻ ശ്രമിച്ചു. പുരാതന ഭാരതത്തെയും സമകാലീന ഭാരതത്തെയും. ജീവിച്ചിരിക്കുന്നവരിൽ നിന്നും പണ്ടെങ്ങോ മൺമറഞ്ഞുപോയവരിൽ നിന്നും എന്റെ അടുക്കൽ വന്നെത്തുന്ന വിചാരവികാര തരംഗങ്ങളും സംവേദനങ്ങളും സ്വീകരിക്കാൻ അനുകൂലമായ ഒരു മനോഭാവം ഞാൻ എന്നിൽ വളർത്തി. തെല്ലിട അവസാനമായ ഈ ഘോഷയാത്രയോട് സാത്മ്യം പ്രാപിക്കാൻ ഞാൻ യത്നിച്ചു. അതിന്റെ അങ്ങേയറ്റത്ത് ഞാനും തപ്പിത്തടഞ്ഞുനടക്കുന്നു. പിന്നീട് ഞാൻ അതിൽ നിന്നും വേർതിരിഞ്ഞുനിൽക്കും. എന്നിട്ട് അകലെ ഒരു കുന്നിൻമുകളിൽ നിന്നെന്നപോലെ, ചുവട്ടിലെ താഴ്‌വരയിലേക്ക് ഉറ്റുനോക്കും.'' ഇന്ത്യയെ കണ്ടെത്താൻ ശ്രമിച്ച അതിന്റെ പ്രിയപുത്രൻ അതിനു സ്വീകരിച്ച രചനാതന്ത്രത്തെ വിശദമാക്കിയിരിക്കുന്നത് ഇപ്രകാരമാണ്.

'1942 ആഗസ്റ്റ് 9 മുതൽ 1945 മാർച്ച് 28 വരെ അഹമ്മദ്നഗർ കോട്ട തടങ്കൽപ്പാളയത്തിൽ ഉണ്ടായിരുന്ന എന്റെ സഹപ്രവർത്തകർക്കും കൂട്ടുപുള്ളികൾക്കുമായി സമർപ്പിക്കപ്പെട്ട പുസ്തകം.' അവിടെ തടവിലടയ്ക്കപ്പെട്ട് പിന്നെയും ഒരിരുപതുമാസത്തിനുശേഷമാണ് നെഹ്റു ഇതിന്റെ രചനയ്ക്കായി മഷിനിറക്കുന്നത്. അതാകട്ടെ അദ്ദേഹത്തിന്റെ ഒമ്പതാമത്തെ തടവുകാലവുമായിരുന്നു. മൗലാനാ അബ്ദുൽ കലാം

ആസാദ്, ഗോവിന്ദ വല്ലഭ പാന്ത്, ആചാര്യ നരേന്ദ്രദേവ്, എം ആസഫ് അലി എന്നീ ചരിത്ര പുരുഷന്മാരും പിന്നെ ഒട്ടനവധി അജ്ഞാതരായ സ്വാതന്ത്ര്യ സമര പോരാളികളും നെഹ്റുവിന് അവിടെ കൂട്ടിനുണ്ടായിരുന്നു പ്രചോദനവും ആവേശവും പകർന്നുകൊണ്ട്.

പണ്ഡിറ്റ്ജിയുടെ എല്ലാ കൃതികളിലുമെന്നപോലെ അദ്ദേഹം എഴുതിയ ചരിത്രകൃതികളിലും പ്രതിഭാധനനായ ഒരു സാഹിത്യകാരന്റെ ഓജസ്സുള്ള ഭാഷയും അതിന്റെ തെളിമയും ആർജവവും ഏതൊരു വായനക്കാരനും കണ്ടെത്താൻ കഴിയും. എന്നുവച്ചാൽ ഭൂരിഭാഗം ചരിത്ര കൃതികളിലും നാം കണ്ടുവരുന്ന നിർജീവമായ രചനാരീതിയും ശുഷ്കമായ ഭാഷയുമല്ല നെഹ്റുവിന്റെ കൃതികളിലുള്ളതെന്നു സാരം.


'ഡിസ്ക്കവറി ഓഫ് ഇന്ത്യ' (ഇന്ത്യയെ കണ്ടെത്തൽ) അദ്ദേഹത്തിന്റെ മറ്റെല്ലാ രചനകളും പോലെതന്നെ ഒരു സ്വയം കണ്ടെത്തൽ കൂടിയാണ്. ചരിത്രവും ചരിത്രകാരനും ഒന്നായിരുന്ന മാന്ത്രിക വൈഭവം. നൃത്തത്തിൽ നിന്നു നർത്തകിയെയും ഗാനത്തിൽ നിന്നു ഗായകനെയും വേറിട്ടു കാണാൻ കഴിയാത്ത അനുഭവം. അസാധാരണവും അനന്യവുമായ തന്മയീഭാവം! അതിനാലാണ് നമുക്കു പലപ്പോഴും ഇന്ത്യയെ കണ്ടെത്തലിന്റെ ആദ്യപുറങ്ങളിൽ അദ്ദേഹത്തിന്റെ ആത്മാംശം നിറഞ്ഞു നിൽക്കുന്നതായി കാണാൻ കഴിയുന്നത്.

ജർമ്മനിയിലെ ബ്ലാക്ക് ഫോറസ്റ്റിൽ ചികിത്സയിലായിരുന്ന ഭാര്യ കമലയുടെ അസുഖത്തെ തുടർന്ന്, തത്കാലത്തേക്ക് ജയിൽമോചിതനായി ജർമ്മനിയിലേക്കും അവിടെ നിന്നും സ്വിറ്റ്സർലണ്ടിലേക്കുമുള്ള യാത്രകൾ. 1936 ഫെബ്രുവരി 28-ന് കമലയുടെ വേർപാട്... എന്നിങ്ങനെ ഒട്ടനവധി ഉള്ളുലയ്ക്കുന്ന മുഹൂർത്തങ്ങളിലൂടെയാണ് 'ഇന്ത്യയെ കണ്ടെത്തൽ' പുരോഗമിക്കുന്നത്.

**ജർമ്മനിയിലെ ബ്ലാക്ക് ഫോറസ്റ്റിൽ ചികിത്സയിലായിരുന്ന ഭാര്യ കമലയുടെ അസുഖത്തെ തുടർന്ന്, തത്കാലത്തേക്ക് ജയിൽമോചിതനായി ജർമ്മനിയിലേക്കും അവിടെ നിന്നും സ്വിറ്റ്സർലണ്ടിലേക്കുമുള്ള യാത്രകൾ. 1936 ഫെബ്രുവരി 28-ന് കമലയുടെ വേർപാട്... എന്നിങ്ങനെ ഒട്ടനവധി ഉള്ളുലയ്ക്കുന്ന മുഹൂർത്തങ്ങളിലൂടെയാണ് 'ഇന്ത്യയെ കണ്ടെത്തൽ' പുരോഗമിക്കുന്നത്.**

1936-37 കാലത്ത് ഭാരതത്തിലങ്ങോളമിങ്ങോളം നടത്താൻ കഴിഞ്ഞ യാത്രകൾ, ഇന്ത്യൻജനതയുടെ നാനാത്വം ദർശിക്കാൻ സാധിച്ച അവസരങ്ങൾ, സിന്ധു നദീതട സംസ്കാരം, ആര്യന്മാരുടെ വരവ്, ഹിന്ദുത്വത്തെക്കു







റിച്ചുള്ള ഏറ്റവും മൗലികമെന്നു പറയാവുന്ന നെഹ്റുവിയൻ കാഴ്ചപ്പാടുകൾ, വേദങ്ങളും പുരാണങ്ങളും ഉപനിഷത്തുകളും ചരിത്രവും തത്ത്വചിന്തയും, ജാതിയുടെ ഉത്ഭവം, ബുദ്ധനും മഹാവീരനും മുതൽ അശോകൻ വരെയുള്ളവർ ഒരു ജനതയിൽ ചെലുത്തിയ സ്വാധീനങ്ങൾ, പുരാതന ഭാരതീയ നാടകകല കാളിദാസനിലൂടെ യൂറോപ്പിനെയാകെ സ്വാധീനിച്ച നൂറ്റാണ്ടുകൾ, ഗൊയ്ഥെക്കു പോലും പ്രചോദനമായിത്തീർന്ന ശാകുന്തളം പോലുള്ള കൃതികൾ... ഇങ്ങനെ ഒരു കാലഘട്ടത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയും അന്വേഷിച്ചു പോകുന്ന സത്യന്വേഷിയായ ഒരു സഞ്ചാരിയുടെ കാവ്യാത്മകമായ ഉൾത്തുടിപ്പുകൾ പേറുന്ന പുസ്തകം!


ഭാരതീയ ചരിത്രത്തിന്റെയും ചരിത്രാതീത കാലത്തിന്റെയും സംസ്കാരത്തിന്റെ ഈടുവയ്പുകൾ ഓരോന്നായി പിന്നിട്ടുചെന്ന് മനുഷ്യകഥാനുഗായിയായ ഈ ചരിത്രകാരൻ എത്തിനിൽക്കുന്നത് മനുഷ്യജീവനിൽത്തന്നെയാണ്. നെഹ്റു എഴുതുന്നു:

''ജീവനാണ് മനുഷ്യന്റെ ഏറ്റവും പ്രിയപ്പെട്ട സ്വത്ത്. ഒരിക്കൽ മാത്രമെ അവന് ജീവിക്കാൻ കഴിയൂ എന്നതിനാൽ ഭീരുത്വം നിറഞ്ഞതും നിസ്സാരവുമായ ഒരു ഭൂതകാലത്തിന്റെ നാണക്കേടുകൾ കൊണ്ട് ചുരുങ്ങിപ്പോകാത്തവണ്ണം നിരുദ്ദേശ്യമായി കഠിനയാതനകൾ ഏൽക്കാൻ ഇടവരാത്തവണ്ണം ലോകത്തിലെ സർവോന്നതമായ ലക്ഷ്യത്തിനുവേണ്ടി, മനുഷ്യവംശത്തിന്റെ മുക്തിക്കായി എന്റെ ജീവനും ശേഷിയും മുഴുവനായി നൽകപ്പെട്ടുവെന്ന് അന്ത്യവേളയിൽ പറയാൻ കഴിയത്തക്കവിധം വേണം അവൻ ജീവിക്കാൻ!''

ഒരു രാജശില്പിക്കു മാത്രം സ്വപ്നം കാണാൻ കഴിയുന്ന വാക്കുകളിലെ ഏകാന്തവും കാല്പനികവുമായ കാവ്യസൗന്ദര്യം. നെഹ്റു രാഷ്ട്രീയത്തിൽ മുഴുകിയതുകൊണ്ട് രാഷ്ട്രീയത്തിനും രാഷ്ട്രത്തിനും നേട്ടമുണ്ടായിട്ടുണ്ട്. എന്നാൽ 'ലോകസാഹിത്യത്തിനു നഷ്ടപ്പെട്ടത് അതിന്റെ മഹാനായ എഴുത്തുകാരനെയാണ്' എന്ന ജോർജ് ബർണാഡ് ഷായുടെ വാക്കുകൾ കൂടി അനുബന്ധമായി വായിക്കുമ്പോഴാണ് ഇന്ത്യയെ കണ്ടെത്തിയ ആ മഹാനായ സഞ്ചാരിയെ നമ്മൾ വേർതിരിച്ചറിയുന്നത്.

# ചാച്ചാജി വരുമ്പോൾ

രാജഗോപാലൻ നാട്ടുകൽ





തൊപ്പിയും തൂവെള്ള,
വസ്ത്രവും തൂവെള്ള,
മാലാഖ മണ്ണിൽപ്പിറന്ന പോലെ!
ശുദ്ധിയും സ്നേഹവും
സത്യവും ധർമ്മവും
ഒന്നായി രൂപം ലഭിച്ച പോലെ!
കുഞ്ഞുങ്ങൾ നമ്മളെ
കാണുവാനെത്തുന്നൂ
കൊല്ലങ്ങളെത്ര കഴിഞ്ഞീടിലും!
ചുണ്ടിലെ പുഞ്ചിരി,
നെഞ്ചിലെ കാരുണ്യ-
ച്ചെമ്പനീർപ്പൂവൊന്നും വാടിടാതെ!
കൃത്യമായ് നമ്മളെ
കാണുവാനെത്തുമ്പോൾ
'ചാച്ചാജി'ക്കെന്തു നാം നല്കിടേണ്ടൂ?
കൈകൂപ്പി നില്ക്കുക,
ചൊല്ലുക ഉച്ചത്തിൽ;
''നമ്മെ ഭരിച്ചോരു സ്നേഹരൂപൻ!''

# ചാച്ചാജിയെ കുറിച്ചുള്ള രസകരമായ ചില സംഭവകഥകൾ

## 1. കുഞ്ഞുങ്ങളുടെ കൂട്ടുകാരൻ

നെഹ്റു തന്റെ ഔദ്യോഗികവസതിയായ തീൻമൂർത്തിഭവനിലെ പൂന്തോട്ടത്തിൽ, നിറഞ്ഞുനിൽക്കുന്ന കുറ്റിച്ചെടികൾക്കും മരങ്ങൾക്കുമിടയിലൂടെ കിടക്കുന്ന വഴിയിലൂടെ ചുറ്റിത്തിരിയുകയായിരുന്നു. പെട്ടെന്നാണ് ഒരു കുട്ടിയുടെ കരച്ചിൽ അദ്ദേഹത്തിന്റെ കാതിൽ മുഴങ്ങിക്കേട്ടത്. എവിടെനിന്നാണ് ഈ കരച്ചിൽ? ഒരുനിമിഷം നിന്ന് നെഹ്റു ചുറ്റും നോക്കി. അപ്പോഴാണ് ഉച്ചത്തിൽ കരയുന്ന ഒരു കുട്ടിയിൽ പെട്ടെന്ന് നെഹ്റുവിന്റെ കണ്ണ് പതിച്ചത്. നെഹ്റു കുഞ്ഞിന്റെ അടുത്തേക്കു ചെന്നു. ഈ കുട്ടിയുടെ അമ്മ എവിടെയായിരിക്കും? ഇവിടെയെങ്ങും കാണുന്നില്ലല്ലോ. പൂന്തോട്ടത്തിൽ എവിടെയെങ്കിലും കാണുമായിരിക്കും.

ഒരുപക്ഷേ തീൻമൂർത്തിഭവനിലെ തോട്ടക്കാരിൽ ഒരാളായിരിക്കും കുഞ്ഞിന്റെ അമ്മ, നെഹ്റു ചിന്തിച്ചു. കുഞ്ഞിനെ ഉറക്കിക്കിടത്തിയിട്ട് ജോലി ചെയ്യാൻ പോയതാവും അവർ. ഇങ്ങനെയൊക്കെ ചിന്തിച്ചിരിക്കേ കുഞ്ഞിന്റെ കരച്ചിൽ കൂടുതൽ ഉച്ചത്തിലായി.

കുട്ടിയുടെ മുൻപിൽ അമ്മയായി അഭിനയിക്കാമെന്നു കരുതി നെഹ്റു കുഞ്ഞിന്റെ അടുത്തേക്കു ചെന്നു. കുഞ്ഞിനെ വാരിയെടുത്ത് അടുക്കിപ്പിടിച്ച് തൊട്ടിലാട്ടും പോലെ മൃദുവായി തന്റെ കൈകളിൽ വച്ച് കുഞ്ഞിനെ ആട്ടാൻ തുടങ്ങി. അലറിക്കരഞ്ഞുകൊണ്ടിരുന്ന കുഞ്ഞ് ഒരുനിമിഷം കൊണ്ട് ശാന്തനായി. പല്ലില്ലാത്ത മോണ കാട്ടി അവൻ ചിരിച്ചു. അതുകണ്ട് പണ്ഡിറ്റ് നെഹ്റുവിന്റെ മനസ്സു നിറഞ്ഞു.

ചെളി പുരണ്ട് വിയർത്തുകുളിച്ച് ഓടിവന്ന





വര: സുധീർ പി വൈ



അമ്മ, തന്റെ കുഞ്ഞിനെ കളിപ്പിക്കുന്ന, ഇക്കിളിയാക്കി ചിരിപ്പിച്ച് സന്തോഷിപ്പിക്കുന്ന നെഹ്റുവിനെയാണ് കണ്ടത്. അവൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. തന്റെ പ്രിയപ്പെട്ട കുഞ്ഞ് പണ്ഡിറ്റ് നെഹ്റുവിന്റെ കൈകളിൽ! അവൻ അദ്ദേഹത്തോടൊപ്പം കളിച്ചുല്ലസിച്ചിരിക്കുന്നു. ഒരമ്മയ്ക്ക് സന്തോഷിക്കാൻ, അഭിമാനിക്കാൻ ഇതിനേക്കാൾ വലിയ എന്ത് മുഹൂർത്തമാണുണ്ടാവുക! അവളുടെ കുഞ്ഞിനെ താലോലിച്ച് സാന്ത്വനിപ്പിച്ചത് മറ്റാരുമല്ല, ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയാണ്.

## 2. ബലൂൺ വിൽപ്പനക്കാരൻ

പണ്ഡിറ്റ് നെഹ്റു ഒരിക്കൽ തമിഴ്നാട്ടിലേക്ക് (അന്നത്തെ മദ്രാസ്) ഒരു ടൂർ പോകുകയായിരുന്നു. അദ്ദേഹത്തെ കാണാൻ റോഡ് നിറയെ വലിയ ആൾക്കൂട്ടം തന്നെയുണ്ടായിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട ചാച്ചാ നെഹ്റുവിനെ ഒരുനോക്കു കാണാൻ കുട്ടികൾ വലിയ മരക്കൊമ്പുകളിൽ കയറി കാത്തിരുന്നു.

അവിടെക്കൂടിയ ആൾകൂട്ടത്തിനിടയിൽ ഒരു ബലൂൺ വിൽപ്പനക്കാരനുമുണ്ടായിരുന്നു. പല നിറത്തിലും വലിപ്പത്തിലുമുള്ള ബലൂണിന്റെ ചരടുകൾ അയാൾ കൈയിൽ മുറുകപ്പിടിച്ചിരുന്നു.

കാറ്റത്ത് ഒഴുകിപ്പറക്കുന്ന പല വർണങ്ങളിലുള്ള ബലൂണുകൾ, അവിടെ കൂടിയ ആൾക്കാർക്ക് ഒരു മനോഹര ദൃശ്യവിരുന്നാണ് സമ്മാനിച്ചത്. പെട്ടെന്ന് പണ്ഡിറ്റ് നെഹ്റു അദ്ദേഹം സഞ്ചരിച്ച മോട്ടോർ വാഹനം നിർത്താൻ ആവശ്യപ്പെട്ടു. ആ തുറന്ന ജീപ്പിൽ നിന്നും ചാടിയിറങ്ങിയ അദ്ദേഹം ആ ബലൂൺ വിൽപ്പനക്കാരനോട് തന്റെ അടുത്തേക്കു വരാൻ ആംഗ്യഭാഷയിൽ പറഞ്ഞു.

അയാൾ ആദ്യം മടിച്ചുനിന്നു. പിന്നെ ശിരസ്സ് കുനിച്ച് അരികിലേക്കു ചെന്നു. പ്രധാനമന്ത്രി അയാളോട് ദേഷ്യപ്പെട്ടു കാണുമോ? എന്തായിരിക്കും അയാൾക്ക് സംഭവിച്ചിട്ടുണ്ടാവുക?

ആൾക്കൂട്ടം ആകാംക്ഷയോടെ നോക്കിനിന്നു. അപ്പോൾ അദ്ദേഹം തന്റെ സഹായികളോട് പറഞ്ഞു:

''ആ ബലൂണുകളെല്ലാം വാങ്ങി ഈ കുട്ടികൾക്ക് കൊടുക്കൂ.''

ഇതു കേട്ട ബലൂൺ വിൽപ്പനക്കാരന് തന്റെ ചെവികളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒന്നുകൂടി അദ്ദേഹത്തിന്റെ മുന്നിൽ ശിരസ്സു കുനിച്ച് നിന്ന ശേഷം അയാൾ ഓടിപ്പോയി ബലൂണുകളെല്ലാം അവിടെ കൂടിനിന്ന കുട്ടികൾക്ക് വീതിച്ചു നൽകി.

ബലൂൺ വച്ച് കളിക്കുന്ന ഒരു കുഞ്ഞിനെ ഏറെ വാത്സല്യത്തോടെ ഒന്നു തലോടിയശേഷം ചാച്ചാജി തന്റെ ജീപ്പിൽ തിരികെ വന്നിരുന്നു.

ഏറെ സന്തോഷത്തോടെ അവിടെ കൂടിനിന്ന കുട്ടികൾ ''ചാച്ചാ നെഹ്റു, ചാച്ചാ നെഹ്റു'' എന്ന് വിളിച്ചുപറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ നേർക്കു കൈ വീശി.



## 3. ഈ ലോകം മനോഹരം


പ്രശസ്ത കാർട്ടൂണിസ്റ്റ് ശങ്കർ കുട്ടികൾക്കായി ഒരു അന്താരാഷ്ട്ര കാർട്ടൂൺ മത്സരം സംഘടിപ്പിച്ചപ്പോൾ ആർട്ടിസ്റ്റ് ശങ്കറിന്റെ ഒരു പ്രസിദ്ധീകരണത്തിൽ നെഹ്റു കുട്ടികളെ അഭിസംബോധന ചെയ്ത് ഒരു കത്ത് എഴുതുകയുണ്ടായി. കുട്ടികളോടുള്ള അദ്ദേഹത്തിന്റെ അതിയായ സ്നേഹം ആ കത്തിൽ തെളിഞ്ഞു കാണാം. ആ കത്തിൽ നിന്ന്...

*പ്രിയ കുഞ്ഞുങ്ങളേ,*

*എനിക്ക് കുട്ടികളോട് മിണ്ടാനും അവരോടൊപ്പം ചെലവഴിക്കാനും അതിലേറെ അവരോടൊപ്പം കളിക്കാനും ഒത്തിരി ഇഷ്ടമാണ്. നമ്മുടെ ഈ സുന്ദരമായ ലോകത്തെ പറ്റി നിങ്ങളോട് സംസാരിക്കാൻ എനിക്ക് ഏറെ ആഗ്രഹമുണ്ട്. ഇവിടത്തെ പൂക്കളെപ്പറ്റി, മരങ്ങളെപ്പറ്റി, പക്ഷികളെയും മൃഗങ്ങളെയും നക്ഷത്രങ്ങളെയും പർവതങ്ങളെയും മഞ്ഞുമലകളെയും പിന്നെ നമുക്കു ചുറ്റുമുള്ള മറ്റനേകം മനോഹര വസ്തുക്കളെക്കുറിച്ചൊക്കെ നിങ്ങളോട് സംസാരിക്കാൻ എനിക്ക് ഇഷ്ടമാണ്. നമുക്കു ചുറ്റും ഇത്രയും മനോഹരങ്ങളായ വസ്തുക്കൾ ഉണ്ട്. എന്നിട്ടും മുതിർന്നവർ ഇതെല്ലാം മറന്ന് വാദപ്രതിവാദങ്ങളിലും വഴക്കിലും ഏർപ്പെട്ട് സമയം പാഴാക്കുന്നു. എല്ലാവരും തങ്ങളുടെ ഔദ്യോഗികപദവിയിൽ എന്തോ വലിയകാര്യം ചെയ്യുകയാണ് എന്ന് സങ്കൽപ്പിച്ചിരിക്കുന്നു. നിങ്ങൾ കുഞ്ഞുങ്ങളെങ്കിലും കൂടുതൽ വിവേകമുള്ളവരായി നിങ്ങളുടെ കണ്ണുകൾ തുറന്ന് കാതുകൾ കൂർപ്പിച്ച് നമുക്ക് ചുറ്റുമുള്ള ഈ ലോകത്തിന്റെ മനോഹാരിത ആസ്വദിക്കുമെന്നാണ് എന്റെ പ്രതീക്ഷ. നിങ്ങൾക്ക് ഇവിടെയുള്ള പൂക്കളുടെയെല്ലാം പേരുകൾ അറിയാമോ? പാട്ടുകളിൽ നിന്നും കിളികളെ തിരിച്ചറിയാൻ കഴിയുമോ? സ്നേഹം കൊണ്ട് കിളികളെയും പൂക്കളെയും പ്രകൃതിയിലെ മറ്റനേകം ജീവജാലങ്ങളെയും കൂട്ടുകാരാക്കാൻ എത്ര എളുപ്പമാണെന്നോ?*

*മുതിർന്നവർ അപരിചിതരെപ്പോലെ സ്വയം തീർത്ത പ്രത്യേകം പ്രത്യേകം അറകളിലിരുന്ന് തങ്ങളുടെ ജീവിതം ജീവിച്ചുതീർക്കുന്നു. അവർ എല്ലാത്തിനും അതിരുകൾ തീർക്കുന്നു. ജാതി, മതം, നിറം, പാർട്ടി, രാജ്യം, പ്രവിശ്യ, ആചാരങ്ങൾ, പണക്കാരൻ, പാവപ്പെട്ടവൻ അങ്ങനെയങ്ങനെ നിരവധി അതിരുകൾ... സ്വയം തീർത്ത ജയിലറകളിലാണ് അവർ എന്നും. പക്ഷേ ഭാഗ്യം കൊണ്ട് കുട്ടികൾക്ക് വേർതിരിവിന്റെ ഈ അതിരുകളെക്കുറിച്ച് അധികമൊന്നും അറിയില്ല. അവർ ഇതൊന്നും അറിയാതെ കളിച്ചുല്ലസിച്ച് നടക്കുന്നു. വലുതായി വരുമ്പോഴാണ് മുതിർന്നവരിൽനിന്നും ഈ അതിരുകളെക്കുറിച്ച് അവർ അറിഞ്ഞുതുടങ്ങുന്നത്. മുതിർന്നവരാവാൻ ഇനിയും നിങ്ങൾക്ക് സമയമുണ്ടല്ലോ എന്നാണ് എന്റെ പ്രതീക്ഷ.*

*ജവഹർലാൽ നെഹ്റു*
*ഡിസംബർ 3, 1949*



## മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി
(1926 – 2020)

ജ്ഞാനപീഠ ജേതാവ് മലയാളത്തിന്റെ മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരി അന്തരിച്ചു. 94 വയസ്സായിരുന്നു. അമേറ്റൂർ അക്കിത്തത്ത് മനയിൽ വാസുദേവൻ നമ്പൂതിരിയുടെയും ചേകൂർ മനയ്ക്കൽ പാർവതി അന്തർജന ത്തിന്റെയും മകനായി 1926 മാർച്ച് 18ന് പാലക്കാട് ജില്ലയിലെ കുമരനല്ലൂ രിലാണ് അക്കിത്തം ജനിച്ചത്.

ബാല്യത്തിൽ സംസ്കൃതവും സംഗീതവും ജ്യോതിഷവും പഠിച്ചു. 1946 മുതൽ മൂന്നു കൊല്ലക്കാലം ഉണ്ണിനമ്പൂതിരി മാസികയുടെ പ്രസാധ കനായിരുന്നു. അക്കാലത്ത് സമുദായപരിഷ്ക്കരണ പ്രവർത്തനളിലും അദ്ദേഹം സജീവമായിരുന്നു. മംഗളോദയം, യോഗക്ഷേമം എന്നിവയുടെ സഹപത്രാധിപരായും പ്രവർത്തിച്ചു. 1956 ൽ കോഴിക്കോട് ആകാശവാണി നിലയത്തിൽ സ്ക്രിപ്റ്റ് എഴുത്തുകാരനായി ജോലിയിൽ പ്രവേശിച്ചു. 1985 ൽ ആകാശവാണിയിൽ നിന്ന് വിരമിച്ചു. പരേതയായ ശ്രീദേവി അന്തർജന മാണ് ഭാര്യ.

കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ്, കൊച്ചി ചങ്ങമ്പുഴ സ്മാരകസമിതി വൈസ് പ്രസിഡന്റ്, കോട്ടയം സാഹിത്യ പ്രവർത്തക സഹകരണസംഘം ഡയറക്ടർ, തപസ്യ കലാസാഹിത്യ വേദി പ്രസിഡന്റ്, കടവല്ലൂർ അന്യോന്യ പരിഷത് പ്രസിഡന്റ്, പൊന്നാനി കേന്ദ്ര കലാസമിതി സെക്രട്ടറി തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുണ്ട്.

കവിത, ചെറുകഥ, നാടകം, വിവർത്തനം, ലേഖനസമാഹാരം എന്നി വയുൾപ്പെടെ അൻപതോളം കൃതികൾ രചിച്ച അക്കിത്തത്തിന് ജ്ഞാന പീഠം, പത്മശ്രീ, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം ഉൾപ്പെടെയുള്ള ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, ബലിദർശനം, പണ്ടത്തെ മേൽ ശാന്തി, ഇടിഞ്ഞു പൊളിഞ്ഞ ലോകം, മാനസപൂജ, വെണ്ണക്കല്ലിന്റെ കഥ, മനസാക്ഷിയുടെ പൂക്കൾ, ഭാഗവതം (വിവർത്തനം, മൂന്നു വാല്യങ്ങൾ), അക്കിത്തത്തിന്റെ തിരഞ്ഞെടുത്ത കവിതകൾ, കളിക്കൊട്ടിലിൽ, നിമിഷ ക്ഷേത്രം തുടങ്ങിയവയാണ് പ്രധാന കൃതികൾ.

മലയാളത്തിന്റെ ഇതിഹാസകാരന് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദരാഞ്ജലികൾ.

# 2020ലെ നോബൽ സമ്മാനത്തിൽ ജ്വലിച്ച പ്രതിഭകൾ

**വിനോദ് മങ്കര**






ലോകം ഉറ്റുനോക്കാറുള്ള മികച്ച രണ്ട് അവാർഡുകളിലൊന്നാണ് നോബൽ പുരസ്ക്കാരം. മറ്റേത് ഓസ്കാറാണ്. വിനോദ മാധ്യമമായ സിനിമയ്ക്കാണ് ഓസ്കാർ നൽകുന്നതെങ്കിൽ ഗവേഷണത്തിലൂടെ അതിസങ്കീർണ്ണമായ ലോകത്തിന്റെ വിവരങ്ങൾ കണ്ടെത്തുന്നതിനാണ് നോബൽ സമ്മാനം നൽകുന്നത്. ലോകനൻമയ്ക്ക് ഉപയുക്തമാവുന്ന ഗവേഷണ നേട്ടങ്ങൾക്കും വിചാരപഥങ്ങൾക്കുമായിരിക്കണം ഈ പുരസ്ക്കാരം നൽകേണ്ടതെന്ന് ആൽഫ്രഡ് നോബൽ തന്റെ ഒസ്യത്തിൽ എടുത്തു പറയുന്നുണ്ട്.
ഈ സമ്മാനത്തിന്റെ പിന്നാമ്പുറക്കഥകൾ അതിവിചിത്രമാണ്. കെമിസ്റ്റ്, എഞ്ചിനീയർ, ഗവേഷകൻ, സംരഭകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന ആൽഫ്രഡ് ബേൺഹാർഡ് നോബൽ കവിതയെഴുതിക്കൊണ്ടാണ് പൊതുജീവിതമാരംഭിച്ചത്. മകൻ വഴിതെറ്റി പോവാതിരിക്കാനാണ് നോബലിന്റെ അച്ഛൻ കുട്ടിയെ കെമിസ്റ്റും എഞ്ചിനീയറുമാക്കുന്നത്. പക്ഷേ ആ കുട്ടി എല്ലാറ്റിന്റേയും കൂടെ കവിതയേയും കൂട്ടി. ഡൈനാമിറ്റുപോലുള്ള വലിയ വെടിക്കോപ്പുകൾ കണ്ടെത്തുമ്പോഴും അദ്ദേഹത്തിന്റെ ഉള്ളിൽ കിളിനാദം പോലെ സാഹിത്യവുമുണ്ടായിരുന്നു.



1833 ഒക്ടോബർ 21ന് സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ ജനിച്ച നോബൽ 1896 ഡിസംബർ 10ന് മരിക്കുന്നതിന് ഒരുവർഷം മുമ്പാണ് തന്റെ മൂന്നാമത്തെയും അവസാനത്തേതുമായ ഒസ്യത്തിൽ ലോകം ഇന്നും പുണരുന്ന ഇത്തരമൊരു പുരസ്ക്കാരത്തെക്കുറിച്ച് എഴുതുന്നത്. തന്റെ ഭാരിച്ച സ്വത്തെല്ലാം അദേഹം പാരീസിലെ സ്വീഡിഷ് - നോർവീജിയൻ ക്ലബിൽ വച്ചാണ് ഇപ്രകാരം എഴുതിവയ്ക്കുന്നത്. മരണശേഷം മാത്രം വായിക്കാവുന്ന ഈ പ്രമാണപത്രത്തിനെതിരായി അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ രംഗത്തു വന്നെങ്കിലും അതു വിലപ്പോയില്ല. അങ്ങനെ നോബലിന്റെ മരണശേഷം 5 വർഷം കഴിഞ്ഞ് ആദ്യത്തെ നോബൽ സമ്മാനം 1901ൽ സമ്മാനിച്ചു. തന്റെ സ്വത്തിന്റെ പലിശ അഞ്ചാക്കി വിഭജിച്ച് ഫിസിക്സ്, കെമിസ്ട്രി, വൈദ്യശാസ്ത്രം, സാഹിത്യം, സമാധാന പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ ലോക നൻമയെ ലാക്കാക്കി പ്രവർത്തിക്കുന്ന പ്രമുഖർക്ക് തുല്യമായി സമ്മാനം നൽകണമെന്നായിരുന്നു

ആൽഫ്രഡ് നോബൽ എഴുതി വച്ചത്. ഒരു വിഭാഗത്തിൽ മൂന്നിൽ കൂടുതൽ ആളുകൾക്ക് സമ്മാനം കൊടുക്കരുതെന്നും സമ്മാനിതർ പ്രഖ്യാപന സമയത്ത് ജീവിച്ചിരിക്കുന്നവർ ആയിരിക്കണമെന്നും നിർദ്ദേശമുണ്ടായിരുന്നു. സമാധാനത്തിനുള്ള സമ്മാനിതരെ നോർവീജിയൻ കമ്മിറ്റിയും മറ്റുള്ളവരെ സ്വീഡിഷ് കമ്മിറ്റിയും തീരുമാനിക്കണമെന്നതും ആൽഫ്രഡ് നോബലിന്റെ തന്നെ ആശയമായിരുന്നു.

ഡിപ്ലോമ, സ്വർണ്ണമെഡൽ, അവാർഡ് തുക എന്നിവ നോബലിന്റെ ചരമദിനമായ ഡിസംബർ 10 ന് സ്വീഡനിലെ സ്റ്റോക്ക്ഹോമിലും നോർവേയിലെ ഒസ്ലോയിലും ഒരേസമയം നടക്കും.

സാമ്പത്തിക ശാസ്ത്രത്തിനുള്ള പുരസ്ക്കാരം യഥാർത്ഥത്തിൽ നോബൽ സമ്മാന പട്ടികയിലുള്ളതല്ല. അത് ആൽഫ്രഡ് നോബലിനോടുള്ള ബഹുമാനാർത്ഥം പിന്നീട് ഏർപ്പെടുത്തിയതാണ്. 1968 ലാണ് ഈ പുരസ്ക്കാരം നോബൽ സമ്മാന ജേതാവിനെ കണ്ടെത്തുന്ന രീതിയിൽ തന്നെ കണ്ടെത്തി അതേ വേദിയിൽ കൊടുത്തു തുടങ്ങിയത്. ഇതിന്റെ പേരു തന്നെ 12 തവണ മാറ്റപ്പെട്ടു.


1970 വരെ Prize in Economic Science dedicated to the memory of Alfred Nobel എന്നായിരുന്നെങ്കിൽ ഇന്നത് The Sveriges Riksbank prize in Economic Science in memory of Alfred Nobel എന്നാണ്.

വ്യക്തികൾക്കും സംഘടനകൾക്കും നോബൽ സമ്മാനത്തിന് അർഹതയുണ്ട്. ഒന്നിൽ കൂടുതൽ തവണ നോബൽ സമ്മാനം ലഭിച്ച ഒരു വ്യക്തിയേയുള്ളു. അത് റേഡിയോ ആക്റ്റിവിറ്റി കണ്ടുപിടിച്ച മേരി ക്യൂറിയാണ്. 1903ൽ ഫിസിക്സിനും 1911 ൽ കെമിസ്ട്രിക്കുമായിരുന്നു സമ്മാനം. റെഡ് ക്രോസ് സൊസൈറ്റിയുടെ അന്താരാഷ്ട്ര കമ്മിറ്റിക്ക് മൂന്നു തവണയും ഐക്യരാഷ്ട്ര സഭയുടെ അഭയാർത്ഥികൾക്കു വേണ്ടി പ്രവർത്തിക്കുന്ന ഹൈ കമ്മീഷന് രണ്ടു തവണയും നോബൽ സമ്മാനം ലഭിച്ചു. ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി ഈ സമ്മാനം നേടുന്നത് 2014 ലാണ്. 17 കാരിയായ മലാല യൂസഫ്സായി. രണ്ടു പേരാണ് ഇതുവരെ ഈ സമ്മാനം നിരസിച്ചവർ. 1964 ൽ സാഹിത്യ നോബൽ സമ്മാനം ഴാങ്ങ്പോൾ സാർത്രേ നിരസിച്ചപ്പോൾ 1973 ൽ സമാധാന നോബൽ ലീ ഡുക് നിരസിച്ചു.

ഇത്രയും ആമുഖ ചരിത്രത്തിനു ശേഷം മാത്രം 2020ലെ നോബൽ സമ്മാന പ്രഖ്യാപനത്തിലേക്ക് പോയാൽ മനസ്സിലാക്കാൻ എളുപ്പമായിരിക്കും. കോവിഡ് മഹാമാരിയുടെ കാലത്ത് ഇത്തവണത്തെ നോബൽ പുരസ്ക്കാര പ്രഖ്യാപനം റദ്ദുചെയ്യുമോ എന്നുവരെ ഊഹാപോഹങ്ങളുണ്ടായിരുന്നു. എന്നാൽ ഡിസംബറിലെ പുരസ്ക്കാര വിതരണം ഓൺലൈനിൽ മാത്രമായിരിക്കുമെന്ന് അറിയിപ്പുണ്ടായിട്ടുണ്ട്. ജേതാക്കളുടെ പുരസ്ക്കാര പ്രഭാഷണവും ഓൺലൈനിലായിരിക്കും. കോവിഡ് മഹാമാരിക്കിടയിലും ലോകജനത നോബൽ സമ്മാന പ്രഖ്യാപനത്തിനായി കാതുകൂർപ്പിച്ചിരുന്നു എന്നത് ഈ പുരസ്ക്കാരത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നു.

## വൈദ്യശാസ്ത്രം

ജൂലൈ 28 എന്നത് ലോക ഹെപ്പറ്റൈറ്റിസ് ദിനമായാണ് ആഘോഷിക്കുന്നത്. ഇതിനു കാരണം ഈ കരൾരോഗം ലോകത്തെ അത്രമാത്രം ഭയപ്പെ



ഹാർവി ജെ അൾട്ടർ



ചാൾസ് എം റൈസ്



മൈക്കൾ ഹോഗ്ടൻ

Credit : AP Photo

ടുത്തിക്കൊണ്ടിരിക്കുകയും നാം അതിന്റെ നിർമാർജ്ജനത്തിനായി യത്നിക്കുകയും ചെയ്യുന്നു എന്നതാണ്. ഈ രോഗമുണ്ടാക്കുന്ന വൈറസിനെ മെരുക്കാൻ കുറച്ചുകാലമായി നാം പണിപ്പെടുകയാണ്. നമ്മുടെ അറിവിനു മുന്നിൽ ഹെപ്പറ്റൈറ്റിസ് എ, ഹെപ്പറ്റൈറ്റിസ് ബി എന്നീ വൈറസുകളെക്കുറിച്ചുള്ള അറിവേ അടുത്തകാലംവരെയുണ്ടായിരുന്നുള്ളൂ.

ഗ്രീക്ക് ഭിഷഗ്വരനും പാശ്ചാത്യവൈദ്യശാസ്ത്രത്തിന്റെ പിതാവുമായ ഹിപ്പോക്രാറ്റസ് ആണ് ബി സി 400 ൽ ഈ കരൾ രോഗത്തെക്കുറിച്ച് ആദ്യമായി വിശദീകരിക്കുന്നത്. 1947 ൽ ഒരു ബ്രിട്ടീഷ് വൈദ്യശാസ്ത്ര വിശാരദനാണ് എ, ബി എന്നീ രണ്ടു തരം ഹെപ്പറ്റൈറ്റിസ് വൈറസ് രോഗങ്ങളുണ്ടെന്ന് കണ്ടെത്തിയത്.

മലിനജലം, ഭക്ഷണ പദാർത്ഥങ്ങൾ ഇവയിലൂടെയാണ് ഹെപ്പറ്റൈറ്റിസ് എ വൈറസ് ബാധയുണ്ടാവുന്നതെങ്കിൽ ബി വൈറസ് രക്തത്തിലൂടെയോ മറ്റു ശരീര സ്രവങ്ങളിലൂടെയോ ആണ് പടരുക. ബി വൈറസിനെ കണ്ടെത്തിയത് വലിയ ചലനമാണ് വൈദ്യശാസ്ത്ര മേഖലയിൽ ഉണ്ടാക്കിയത്. 1960ലെ ഇതിന്റെ കണ്ടുപിടിത്തത്തിന് ബറൂഖ് ബ്ലൂംബർഗിന് 1976ൽ നോബൽ സമ്മാനം ലഭിക്കുകയും ചെയ്തു.

ഈ പശ്ചാത്തലത്തിൽ നിന്നു വേണം നാം ഇത്തവണത്തെ നോബൽ സമ്മാനത്തെ കാണേണ്ടത്.

ഹാർവി ജെ അൾട്ടർ, ചാൾസ് എം റൈസ് എന്നീ അമേരിക്കൻ ശാസ്ത്രജ്ഞർക്കും മൈക്കൾ ഹോഗ്ടൻ എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞനുമാണ് വൈദ്യശാസ്ത്രത്തിനുള്ള ഇത്തവണത്തെ നോബൽ സമ്മാനം. ഹെപ്പറ്റൈറ്റിസ് സി എന്ന മാരക വൈറസിനെ കണ്ടെത്തിയതിനാണ് ഈ പുരസ്ക്കാരം. ലോകം മുഴുവൻ മറ്റൊരു വൈറസിന്റെ പിടിയിൽ കിടന്നുഴലുന്ന ഈ അവസരത്തിൽ ഈ പുരസ്ക്കാരത്തിന് കൂടുതൽ ശ്രദ്ധ കിട്ടുകയാണ്. 1982 ൽ സി വൈറസിന്റെ സാന്നിധ്യം ഇവർ ഉറപ്പിച്ചതിനാണ് 38 വർഷത്തിനുശേഷമുള്ള ഈ അനുമോദനം. ഹെപ്പറ്റൈറ്റിസ് എ, ബി എന്നീ വൈറസുകൾക്ക് വിശദീകരിക്കാൻ കഴിയാത്ത രക്തജന്യ വൈറസ് രോഗത്തെ വിശദീകരിക്കാൻ ഇവരുടെ കണ്ടുപിടിത്തം സഹായകമായി എന്നാണ് നോബൽ കമ്മിറ്റി വിശദമാക്കിയത്. ഈ കണ്ടുപിടിത്തത്തോടെ രക്തദാനം വഴിയുള്ള വൈറസ് സംക്രമണത്തിന്റെ തോത് കുറയുകയും വിദഗ്ദ്ധമായ രക്ത പരിശോധനയും ആന്റിവൈറസ് വാക്സിന്റെ കണ്ടുപിടിത്തവും സുഗമമായി എന്നും പുരസ്ക്കാര കമ്മിറ്റി വിലയിരുത്തി.

ഈ കണ്ടുപിടിത്തത്തോടെ സി വൈറസ് മൂലമുണ്ടാകുന്ന കരൾ രോഗങ്ങൾക്ക് ശാശ്വത പരിഹാരമായ മരുന്നുകൾ വിപണിയിലെത്താൻ തുടങ്ങിയെന്നതാണ് വലിയ നേട്ടമായി കാണേണ്ടത്. സിറോസിസ്, ലിവർ കാൻസർ തുടങ്ങിയ മാരകരോഗങ്ങൾ ഭാവിയിൽ ഇല്ലാതാവുമെന്നതാണ് ഇവരുടെ കണ്ടുപിടിത്തത്തിന്റെ പ്രാധാന്യം. ലോകാരോഗ്യ സംഘടനയുടെ കണക്കു പ്രകാരം ലോകത്താകമാനം 71 മില്യൻ ഹെപ്പറ്റൈറ്റിസ് സി വൈറസ് രോഗികളുണ്ടെന്നും 2016 ൽ 399060 പേർ സിറോസിസ്, ലിവർ കാൻസർ എന്നിവ കൊണ്ട് മരിക്കുകയും ചെയ്തു. ഇവിടെയാണ് ഇവരുടെ കണ്ടുപിടിത്തം ചർച്ചയാവുന്നത്.

രക്തദാനം നടത്തിയ രോഗികളിൽ സി വൈറസിനെക്കുറിച്ച് പഠിക്കുമ്പോഴാണ് എ, ബി എന്നീ വൈറസുകൾക്ക് വിവരിക്കാനാവാത്ത അപ്രതീക്ഷിതമായ മറ്റൊരു രോഗബാധ ഡോ. ഹാർവിയുടെ ശ്രദ്ധയിലെത്തുന്നത്. മൈക്കൽ ഹോഗ്ടണുമൊത്ത് ചിമ്പൻസിയിൽ നടത്തിയ പരീക്ഷണങ്ങളിൽ രക്തത്തിലെ ജനിതകകണത്തിൽ ഫ്ലാവി വിഭാഗത്തിലുള്ള ഒരു വൈറസിനെ കണ്ടെത്തുകയും അതിന് ഹെപ്പറ്റൈറ്റിസ് സി എന്ന് പേരിടുകയും ചെയ്തു. പിന്നീട് ചാൾസ് എം റൈസ്, ജനറ്റിക് എഞ്ചിനീയറിംഗിന്റെ സഹായത്തോടെ ഈ വൈറസിനെ ചിമ്പൻസിയുടെ കരളിൽ കുത്തിവച്ചു പരീക്ഷിച്ചപ്പോൾ മനുഷ്യരിലെന്നപോലെ ഈ ആൾക്കുരങ്ങിന്റെ രക്തത്തിലും സി വൈറസിന്റെ സാധ്യത ഉറപ്പുവന്നു. ഈ മികച്ച ഗവേഷണത്തിനാണ് ഇത്തവണത്തെ നോബൽ സമ്മാനം. വൈദ്യശാസ്ത്ര രംഗത്ത് വൈറസ് നിർമാർജ്ജനത്തിന്റെ വലിയൊരു അധ്യായമാണ് ഈ മൂന്നു ശാസ്ത്രജ്ഞരും കൂടി തുറന്നത്.

## ഊർജതന്ത്രം

ഫിസിക്സിനുള്ള ഇത്തവണത്തെ നോബൽ സമ്മാനം മൂന്നു പേർക്ക് എന്നു പറയുന്നതിനു പകരം ആൽബർട്ട് ഐൻസ്റ്റീൻ വീണ്ടും വീണ്ടും ശരിയാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്നു എന്നാണ് പറയേണ്ടത്. ഗുരുത്വാകർഷണ സ്വഭാവത്തിന്റെ ഏറ്റവും ഗംഭീര വിവരണമാണ് ഐൻസ്റ്റീന്റെ ജനറൽ തിയറി ഓഫ് റിലേറ്റിവിറ്റി തരുന്നത്. നിയമങ്ങളെല്ലാം ഒന്നിലേക്ക് ചുരുങ്ങുന്ന സിങ്കുലാരിറ്റിയെ ഈ ശാസ്ത്രജ്ഞനാണ് വിഭാവനം ചെയ്യുന്നത്. സിങ്കുലാരിറ്റി, തമോഗർത്ത (black hole)ങ്ങളിലാണ് പ്രാബല്യമാവുന്നതെന്ന ആധുനിക



റോജർ പെൻറോസ്



റെയ്ൻഹാർഡ് ജെൻസെൽ



ആൻഡ്രിയ മിയ ഗസ്

Credit : IOP Publishing

**ഫിസിക്സിനുള്ള ഇത്തവണത്തെ നോബൽ സമ്മാനം മൂന്നു പേർക്ക് എന്നു പറയുന്നതിനു പകരം ആൽബർട്ട് ഐൻസ്റ്റീൻ വീണ്ടും വീണ്ടും ശരിയാണെന്ന് തെളിയിച്ചു കൊണ്ടിരിക്കുന്നു എന്നാണ് പറയേണ്ടത്. ഒന്നാലോചിച്ചു നോക്കൂ, ഐൻസ്റ്റീൻ എന്നത്തേയും ശാസ്ത്രകാരനാവുകയാണെന്നാണ് ഈ നോബൽ സമ്മാനവും തെളിയിക്കുന്നത്. ബ്ലാക്ക് ഹോളിനെ എന്ന പോലെ ഐൻസ്റ്റീനേയും നിരന്തരം വലംവയ്ക്കുന്നവരാണ് ഇവർ.**

ശാസ്ത്ര കണ്ടെത്തലിലെ ഐൻസ്റ്റീൻ സിദ്ധാന്ത സാധുതയുടെ പഠനത്തിനാണ് ഇത്തവണത്തെ നോബൽ സമ്മാനം.

ആൽബർട്ട് ഐൻസ്റ്റീൻ മെഡൽ ലഭിച്ച റോജർ പെൻറോസ്, റെയ്ൻഹാർഡ് ജെൻസെൽ, 24 വർഷമായി ബ്ലാക്ക് ഹോളിനെ നിരീക്ഷിക്കുന്ന അമേരിക്കൻ ജ്യോതിശാസ്ത്രജ്ഞ ആൻഡ്രിയ മിയ ഗസ് എന്നിവരാണ് അവാർഡ് ജേതാക്കൾ.

1988 ൽ സ്റ്റീഫൻ ഹോക്കിംഗിനൊപ്പം വുൾഫ് പ്രൈസ് വാങ്ങിയ പെൻറോസ് എന്ന ഗണിത -ഊർജ്ജതന്ത്ര ശാസ്ത്രജ്ഞൻ ഹോക്കിംഗിന്റെ ചങ്ങാതിയായിരുന്നു. ഹോക്കിംഗിനെ കുറിച്ചുള്ള ചലച്ചിത്രങ്ങളിലെല്ലാം (Theory of everything, Hawking) പെൻറോസും കഥാപാത്രമാണ്. ഐൻസ്റ്റീന്റെ ജനറൽ തിയറി ഓഫ് റിലേറ്റിവിറ്റിയാണ് ബ്ലാക്ക് ഹോളിന് കാരണമെന്ന റിബൽ ഗണിതമാണ് പെൻറോസിന്റെ സംഭാവന. ജനറൽ തിയറി ഓഫ് റിലേറ്റിവിറ്റി ആദ്യമായാണ് തമോഗർത്ത പശ്ചാത്തലത്തിൽ വിവരിക്കുന്നത്. സ്പേസ് - ടൈമിന്റെ ജ്യോമട്രിയെ വിവരിക്കുന്ന ട്യൂസ്റ്റർ സിദ്ധാന്തത്തിലൂടെ പെൻറോസ് ക്വാണ്ടം ഗ്രാവിറ്റിയുടെ പിതാവായി.

ജെൻസെൽ ജർമ്മൻകാരനായ വാനംനോക്കിയാണ്. ക്ഷീരപഥത്തിനു (Milky way) മധ്യത്തിലുള്ള സജിറ്റേറിയസ് എ എന്ന നക്ഷത്രത്തിനു ചുറ്റും നക്ഷത്രങ്ങൾ കറങ്ങുന്നതിനെയാണ് ഇൻഫ്രാറെഡ്, മില്ലിമീറ്റർ അസ്ട്രോണമി എന്ന രീതി ശാസ്ത്രം കൊണ്ട് ഇദ്ദേഹം അളന്നത്. ഐൻസ്റ്റീൻ പ്രവചിച്ച റെഡ് ഷിഫ്റ്റ്, ജെൻസെല്ലിന് ബോധ്യമായ നിരീക്ഷണമാണ്.

അപ്പോളോ11 ന്റെ വിജയം കണ്ട് ചന്ദ്രനിലിറങ്ങുന്ന ആദ്യ വനിത താനായിരിക്കണമെന്ന് സ്വപ്നം കണ്ട അമേരിക്കൻ ജ്യോതിശാസ്ത്രജ്ഞയാണ് ആൻഡ്രിയ മിയ ഗസ്.

ഫിസിക്സിന് നോബൽ സമ്മാനം ലഭിക്കുന്ന നാലാമത്തെ വനിതയും. ക്ഷീരപഥ മധ്യത്തിൽ കറങ്ങുന്ന 3000 നക്ഷത്രങ്ങളെയാണ് ആൻഡ്രിയ പഠിച്ചത്. കെക്ക് ടെലസ്കോപ്പും അഡാപ്റ്റീവ് ഒപ്റ്റിക്സും ആയുധമാക്കി ക്ഷീരപഥ മധ്യത്തിലേക്ക് നോക്കിയിരുന്ന ആൻഡ്രിയ പറയുന്നത് 'നോബൽ സമ്മാനം ഗംഭീരം തന്നെ, പക്ഷേ പ്രപഞ്ചത്തെക്കുറിച്ചുള്ള അറിവ് നമുക്ക് നന്നേ കുറവാണ് ഇന്നും. അതിനിനിയും പഠിക്കുക തന്നെ വേണം' എന്നുമാണ്.

ഐൻസ്റ്റീൻ മരിച്ച് 10 വർഷത്തിനു ശേഷമാണ് പെൻറോസ് ബ്ലാക്ക് ഹോളിന്റെ സാധ്യതയിലേക്ക് മനസ്സ് ചായിക്കുന്നത്. ഒന്നാലോചിച്ചു നോക്കൂ, ഐൻസ്റ്റീൻ എന്നത്തേയും ശാസ്ത്രകാരനാവുകയാണെന്നാണ് ഈ നോബൽ സമ്മാനവും തെളിയിക്കുന്നത്. യഥാർത്ഥത്തിൽ ഇന്ന് നോബൽ സമ്മാനാർഹരായ മൂന്നു പേരും ബ്ലാക്ക് ഹോളിനെ എന്ന പോലെ ഐൻസ്റ്റീനേയും നിരന്തരം വലംവയ്ക്കുന്നവരാണ്.

# രസതന്ത്രം

ജീവകുലത്തിന്റെ ജനിതകത്തിൽ ഇഷ്ടാനുസരണം എപ്പോൾ വേണമെങ്കിലും കൈവയ്ക്കാമെന്നതാണ് ഇത്തവണത്തെ രസതന്ത്ര നോബൽ സമ്മാനം പറയാതെ പറയുന്നത്. ജീവന്റെ ചിഹ്നാവലിയെ മാച്ചെഴുതാനാവുന്ന ജനിതക കത്രിക കണ്ടെത്തിയതിനാണ് ഫ്രഞ്ചുകാരിയായ ഇമ്മാനുവൽ കാർപെന്റർ, അമേരിക്കക്കാരിയായ ജെനിഫർ എ ഡോഡ്ന എന്നിവർ ഇത്തവണത്തെ രസതന്ത്ര നോബൽ ജേതാക്കളാവുന്നത്. കൃഷിവികസനത്തിലും വൈദ്യശാസ്ത്രരംഗത്തും കൊണ്ടുപിടിച്ചു നടക്കുന്ന ജീനോം എഡിറ്റിംഗ് എന്ന തല പുകഞ്ഞുള്ള ആലോചനയുടെ ശുഭപര്യവസാനമാവും CRISPR- Cas9 എന്ന ഈ ജനിതക കത്രിക!

കുട്ടിക്കാലം മുതലേ കാർപെന്റർ, രോഗഭൂതരായ ബാക്ടീരിയയെക്കുറിച്ചാലോചിച്ച് വേപഥു കൊണ്ട പെൺകുട്ടിയായിരുന്നു. എന്തിനാണീ സൂക്ഷ്മജീവികൾ ഇത്രയും ക്രൂരരാവുന്നത്? മരുന്നുകളെ ചെറുക്കാൻ ഇവർ എന്ത് പ്രതിരോധമാണ് നിർമ്മിക്കുന്നത്? ഇവയെ എന്നന്നേക്കുമായി ചെറുക്കാൻ എന്താണൊരു പോംവഴിയെന്നാലോചിച്ച് തലപുകച്ച കൗമാരമായിരുന്നു ആ പെൺകുട്ടിയുടേത്. 2002 ൽ വിയന്നയിൽ സ്ട്രപ്റ്റോകോക്കസ് പയോജനസ് എന്ന ബാക്ടീരിയയിലേക്ക് മൈക്രോസ്കോപ്പ് ചൂണ്ടുമ്പോൾ താൻ ജീവലോകത്തിന്റെ നാളെയിലേക്കാണ് കണ്ണുതുറക്കുന്നതെന്ന് അവളാലോചിച്ചിരിക്കില്ല. അവളുടെ ദൈവം ലൂയി പാസ്ചറായിരുന്നു. 'ഒരുങ്ങിയ മനസ്സിലേക്കാണ് സാധ്യതയുടെ ചങ്ങാത്തമുണ്ടാവുക' എന്ന പാസ്ചറുടെ വചനം ആ ശാസ്ത്രകാരി പലയിടത്തും വെറുതെ എഴുതിവച്ചു. എന്നിട്ടവൾ മനസ്സിനോട് പറഞ്ഞു; 'മനസ്സേ ഒരുങ്ങൂ.., അപ്രതീക്ഷിതമായതിനെ വരവേൽക്കാൻ വാതായനം തുറന്നു വയ്ക്കൂ...'

ആ യാത്രയാണ് ജെനിഫറുമൊത്ത് ജനിത കത്രിക കണ്ടെത്താൻ കാർപെന്ററെ യോഗ്യയാക്കിയത്. ശാസ്ത്രത്തിന്റെ സൗന്ദര്യമെന്നത് അതിന്റെ പിടിത്തം തരാത്ത പ്രവചനാതീത ഭാവമാണെന്നത് ഒരിക്കൽക്കൂടെ തെളിയിച്ചിരിക്കുന്നു.

ശാസ്ത്രമെന്നതുതന്നെ ഒരു ഡിറ്റക്ടീവ് കഥപോലെ സാഹസമുഹൂർത്തങ്ങൾ നിറഞ്ഞതാണെന്ന് വിശ്വസിച്ച ജെനിഫറെന്ന ഹാഫ്പാവാടക്കാരിയുടെ കൈകളിലേക്ക് അച്ഛൻ വച്ചുനീട്ടുന്ന ആദ്യ പുസ്തകം ജെയിംസ് വാട്സന്റേയും ക്രിക്കിന്റേയും വിപ്ലവാത്മക നേട്ടത്തിന്റെ ആകെത്തുകയായ ജനിതക സൂത്രവാക്യത്തിന്റെ ബൈബിളായ 'ഡബിൾ ഹെലിക്സ്' എന്ന പുസ്തകമായിരുന്നു. കൗമാരം വിട്ടപ്പോൾ ജെനിഫറുടെ കൗതുകം ഡി എൻ എയുടെ അനുജത്തിയായ ആർ എൻ എ യിലായി. ഇന്നവർ RNA interference എന്ന പുതിയ മേഖലയിലാണ്.

ഒരു ബാക്റ്റീരിയ ഒരു വൈറസ് ആക്രമണത്തിൽ നിന്നും മുക്തയായാൽ രോഗാതുരകാലത്തിന്റെ ഓർമ്മ സൂക്ഷിക്കാൻ വൈറസിന്റെ ജനിതകഘടകം സൂക്ഷിക്കുക പതിവുണ്ടെന്ന കണ്ടെത്തലിൽ നിന്നാണ് ജനിതക കത്രികയുടെ വിഭാവനത്തിലേക്ക് കാർപെന്ററും ജെനിഫറുമെത്തുന്നത്. ഒരു വെറും ആന്റിബയോട്ടിക് കണ്ടെത്തുക എന്നതു മാത്രമായിരുന്നു ഇവരുടെ ലക്ഷ്യം. അതാണ് ഇത്ര വലിയൊരു കണ്ടെത്തലിൽ കലാശിച്ചത്. ശാസ്ത്രത്തിന്റെ ദശാവതാരങ്ങൾക്ക് അസമയവും സമയമാവും.

രണ്ടു സ്ഥലങ്ങളിൽ രണ്ടു തരത്തിൽ ഗവേഷണം നടത്തിയ ഇവർ വളരെ യാദൃച്ഛികമായാണ് ഒരു നഗരത്തിൽ കണ്ടുമുട്ടുന്നത്. തട്ടുകടയിൽ നിന്നൊരു കാപ്പി കുടിച്ച് അവർ നഗരം കാണാൻ പോകുന്നതിനിടയിലാണ് തങ്ങളുടെ ഗവേഷണ വിശേഷങ്ങൾ പങ്കുവയ്ക്കുന്നതും ഒരുമിച്ച് മുന്നേറാൻ തീരുമാനിക്കുന്നതും. അന്നുരാത്രി പിരിയുമ്പോൾ അവരിരുവരും ആലോചിച്ചത് ഒരേ കാര്യം; പ്രവചനാതീതമായ ശാസ്ത്ര സൗന്ദര്യ ദർശനത്തിനായി ഒരുങ്ങിയിരിക്കുക. ആ ഒരുങ്ങലിലേക്കാണ് ഇന്ന് നോബൽ സമ്മാനമെത്തിയത്.



ഇമ്മാനുവൽ കാർപെന്റർ



ജെനിഫർ എ ഡോഡ്ന

Credit : Vilnius University; Laura Morton Photography

വരൾച്ചബാധിത ദേശങ്ങളിൽ സമൃദ്ധവിളവു തരുന്ന വിത്തുകളുണ്ടാക്കാനും കീടങ്ങളുടേയും രോഗങ്ങളുടേയും ഭീഷണിയെ ചെറുക്കാൻ വിളയെ പ്രാപ്തമാക്കാനും കാൻസർ പോലുള്ള മഹാരോഗങ്ങളുടെ വേരറുക്കാനും അനായാസമായി കഴിയുമെന്നതാണ് ഈ കണ്ടുപിടിത്തത്തിന്റെ മേൻമ. ജനിതകരോഗങ്ങളെ നാം നാളെ ഈ കത്രിക കൊണ്ട് ഇല്ലാതാക്കും. നമ്മുടെ ഇഷ്ടാനുസരണം പ്രോഗ്രാം ചെയ്തുപയോഗിക്കുന്ന ഈ ജനിതക കത്രികയിൽ ഓർക്കാപ്പുറത്തു കയറിവന്ന ഒരു ഭീഷണി കൂടിയുണ്ട്.

നാളെ ഏതു തരത്തിലുള്ള ജീവിയേയും നമുക്കുണ്ടാക്കാം. അമരനാവാൻ എന്തു കളിയും കളിക്കുന്ന മനുഷ്യന് കിട്ടിയ ബോംബു കൂടിയാണ് ഈ കത്രിക. ഊർജോത്പാദനത്തിന്റെ സാത്വിക തലങ്ങൾ തിരഞ്ഞപ്പോൾ ഐൻസ്റ്റീനു കിട്ടിയ $E = mc^2$ എന്ന ഫോർമുലതന്നെയാണ് ജപ്പാനിൽ ബോംബു വർഷിച്ചതിനു പിന്നിലും പ്രവർത്തിച്ചത്.

നാളെ മനുഷ്യകുലത്തെ മാറ്റിമറിക്കാൻ പോകുന്ന ഈ ജനിതകകത്രിക ജീവശാസ്ത്രത്തിൽ പുതിയൊരു അധ്യായമാണ് തുറന്നിട്ടിരിക്കുന്നത്. അപകടകരമായ കൈകളിൽ അത് എത്താതിരിക്കാനുള്ള നിയമങ്ങൾക്കുവേണ്ടി വിയർക്കേണ്ടി വരും. ദുരുപയോഗം ചെയ്യാനുള്ള സാധ്യത മുന്നിൽ കണ്ട് ജനിറ്റിക് എഞ്ചിനീയറിംഗിന്റെ പ്രായോഗികതലത്തെ കടിഞ്ഞാണിടുന്ന നിയമങ്ങൾ ഉണ്ടാവാതിരിക്കില്ല എന്നു പ്രത്യാശിക്കാം.

എന്തായാലും ശരി, ഈ രണ്ടു ശാസ്ത്രജ്ഞരുടെ ജീവിതത്തിലെന്നതു പോലെത്തന്നെ ജനിതക കത്രികയുടെ കണ്ടെത്തലിലും ഒരു ഡിറ്റക്ടീവ് കഥയുണ്ട്. നമ്മുടെ ബ്രഹ്മാവിന്റെയൊക്കെ കൈയിലുള്ള കത്രികയാണോ ഈ രണ്ടു വനിതകൾ തട്ടിപ്പറിച്ചിരിക്കുന്നത് എന്നൊരു സംശയം!

രസതന്ത്രത്തിന്റെ കൊടിയുയർത്തിപ്പിടിച്ച വനിതകളേ നിങ്ങൾക്കഭിവാദ്യങ്ങൾ.




**നാളെ മനുഷ്യകുലത്തെ മാറ്റിമറിക്കാൻ പോകുന്ന ഈ ജനിതകകത്രിക ജീവശാസ്ത്രത്തിൽ പുതിയൊരു അധ്യായമാണ് തുറന്നിട്ടിരിക്കുന്നത്. അപകടകരമായ കൈകളിൽ അത് എത്താതിരിക്കാനുള്ള നിയമങ്ങൾക്കുവേണ്ടി വിയർക്കേണ്ടി വരും. ദുരുപയോഗം ചെയ്യാനുള്ള സാധ്യത മുന്നിൽ കണ്ട് ജനിറ്റിക് എഞ്ചിനീയറിംഗിന്റെ പ്രായോഗികതലത്തെ കടിഞ്ഞാണിടുന്ന നിയമങ്ങൾ ഉണ്ടാവാതിരിക്കില്ല എന്നു പ്രത്യാശിക്കാം.**

## സമാധാനം

ഏറ്റവും കൂടുതൽ വിവാദമുണ്ടാവാറുള്ള നോബൽ സമ്മാനമാണ് സമാധാനത്തിനുള്ളത്. പലപ്പോഴുമത് പലരുടേയും സമാധാനം കെടുത്താറുമുണ്ട്. 1991 ൽ മ്യാൻമർ ഭരണാധികാരി ഓങ്ങ് സാൻ സൂകിക്ക് നൽകിയ അവാർഡ് രോഹിംഗ്യ അഭയാർത്ഥി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് തിരിച്ചുവാങ്ങണമെന്ന മുറവിളി ലോകം മുഴുവനുമുണ്ടായി. ഇതുപോലെ തന്നെ ലോകം ആദരിക്കുന്ന മഹാത്മാഗാന്ധിക്ക് ഈ പുരസ്ക്കാരം കൊടുക്കാത്തതിനെക്കുറിച്ചും ചൂടുള്ള ചർച്ചകളുണ്ടായി. പല കാരണങ്ങളാൽ 19 തവണ പ്രഖ്യാപിക്കാതിരുന്ന അവാർഡും ഇതു തന്നെയാണ്. 1979 ൽ മദർ തെരേസ, 1989 ൽ ദലൈലാമ, 2014 ൽ കൈലാഷ് സത്യാർത്ഥി എന്നിവരിലൂടെ ഈ അവാർഡ് ഇന്ത്യയിലേക്കുമെത്തി.

കൊറോണ വൈറസ് ലോകത്തെ തളർത്തുന്ന ഈ സന്ദർഭത്തിൽ സമാധാനത്തി

നുള്ള 2020 ലെ നോബൽ സമ്മാനം ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ലോക ഭക്ഷ്യ പരിപാടി (World Food Programme) ക്കാണ് ലഭിച്ചത്.

ലോകമാകമാനം ക്ഷാമവും ദാരിദ്ര്യവും ഇത്രമാത്രം വർധിച്ചതിനു കാരണം കൊറോണ വ്യാപനമാണെന്നത് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഇത്ര പെട്ടെന്ന് 270 മില്യൻ എന്ന വലിയ സംഖ്യയിലേക്ക് ഈ ദുർദശയുടെ ഇരകളുടെ എണ്ണം എത്തിയതിനു കാരണം മറ്റൊന്നല്ല. ഈ അവസരത്തിലാണ് ഈ സംഘടനയ്ക്ക് ലഭിച്ചതിന്റെ പ്രസക്തി മനസ്സിലാക്കേണ്ടത്. ആണവായുധ നിരോധനം, വൻതോതിലുള്ള ആയുധ നിർമ്മാണ - വിൽപ്പന തടയുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്നവരെ ഈ അവാർഡിന് പരിഗണിക്കാൻ താരതമ്യേന എളുപ്പമാണ്. എന്നാൽ യുദ്ധത്തിന്റെ പരിണിത ഫലമായുണ്ടാകുന്ന ക്ഷാമവും ദാരിദ്ര്യവും നിർമാർജ്ജനം ചെയ്യുന്നതിനു വേണ്ടി അഹോരാത്രം പ്രവർത്തിക്കുന്നവരേയും ഈ അവാർഡിന് പരിഗണിച്ചു എന്നതാണ് ഇത്തവണത്തെ നോബൽ സമ്മാനത്തിന്റെ പ്രത്യേകത. യുദ്ധം ജനതയുടെ സഞ്ചാരം കുറയ്ക്കുമെന്നതിനാൽ കരിഞ്ചന്തയും ഭക്ഷ്യദൗർലഭ്യവും വിലക്കയറ്റവും വർധിക്കുന്ന സാഹചര്യത്തിലാണ് WFP യെ പോലുള്ള സംഘടനയുടെ പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടത്. മനുഷ്യനിർമ്മിതമായ വിശപ്പ് ഒഴിച്ചുകൂടാനാവാത്തതല്ലെന്നും വിശപ്പിനെ അകറ്റേണ്ടതാണെന്നും ഈ സംഘടന ഉറക്കെ വിളിച്ചുപറയുന്നു എന്നതാണിതിന്റെ മുഖമുദ്ര തന്നെ. ഇക്കഴിഞ്ഞ വർഷത്തിൽ യെമൻ മുതൽ ഉത്തര കൊറിയ വരെയുള്ള ദാരിദ്ര്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കാണ് ഈ സംഘടനയ്ക്ക് സമ്മാനം ലഭിച്ചിരിക്കുന്നത്. യെമനിൽ മാത്രം ഓരോ മാസവും 13 മില്യൻ ജനങ്ങൾക്കാണ് ഈ സംഘടന ഭക്ഷണം നൽകുന്നത്. ഏഷ്യയിലെ സുനാമിയിൽ ഒരു കൈ സഹായിച്ച്, സിറിയൻ യുദ്ധത്തിന്റെ ഇരകളായ 3 ലക്ഷം കുട്ടികളുടെ വിശപ്പകറ്റി, 2019 ൽ കോംഗോയിലെ 6.9 മില്യൻ ജനങ്ങൾക്ക് ഭക്ഷണമെത്തിച്ച്, എത്യോപ്യയിലെ 2 മില്യൻ ജനങ്ങളെ 1984ലെ ക്ഷാമത്തിൽ നിന്ന് കരകയറ്റി, സുഡാൻ, കൊസോവ, റുവാണ്ട എന്നിവിടങ്ങളിൽ ഇപ്പോഴും പ്രവർത്തിക്കുന്ന ലോക ഭക്ഷ്യ പദ്ധതിയുടെ കർമ്മനിരതയെയാണ് പുരസ്ക്കാര കമ്മിറ്റി കണ്ടുതുറന്ന് കണ്ടത്. ഐക്യരാഷ്ട്ര സംഘടനയുമായി ബന്ധപ്പെട്ട സംഘടനകൾക്കോ വ്യക്തികൾക്കോ ആയി ലഭിക്കുന്ന പന്ത്രണ്ടാമത് നോബൽ സമ്മാനമാണിത്.

യുദ്ധം, അഭ്യന്തര കലാപം, പ്രകൃതിദുരന്തം, ക്ഷാമം തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷണമെത്തിക്കുക എന്ന മഹത് കർമ്മമാണ് ഈ സംഘടനയുടെ പ്രധാന ഉദ്ദേശലക്ഷ്യം. ദുരന്തബാധിതരുടെ പുനരധിവാസവും പുനർനിർമ്മാണ സഹായവും ഇതിന്റെ അജണ്ടയിൽ പെടും. ദുരന്തപ്രദേശങ്ങളിലാണ് പ്രധാനമായും ഈ സംഘടനയുടെ പ്രവർത്തനം. പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കുന്ന സംഘടനയ്ക്ക് പല രാജ്യങ്ങളിലായി 17000 സേവകരാണുള്ളത്. ഇതു പോലെ സദാ സജ്ജമായ 5600 ലോറികൾ, 30 കപ്പലുകൾ, 100 വിമാനങ്ങൾ എന്നിവയും സംഘടനയ്ക്ക് സ്വന്തം. 2019 വരേക്കും 88 രാജ്യങ്ങളിലായി 97 മില്യൻ ജനങ്ങളെയാണ് ലോക ഭക്ഷ്യ പരിപാടി പരിചരിച്ചത്. 1963 ൽ ഈ സംഘടന ആരംഭിക്കുമ്പോൾ പാവപ്പെട്ട സ്കൂൾകുട്ടികളുടെ വിശപ്പടക്കുക എന്നതു മാത്രമായിരുന്നു ലക്ഷ്യം. എന്നാൽ 1965 ൽ ഐക്യരാഷ്ട്ര സംഘടനയുടെ മുഴുവൻ ഭാഗമായിത്തീർന്നു ഈ സംഘടന.

1962 ൽ അമേരിക്കൻ പ്രസിഡൻറ് ഐസൻ ഹോവറുടെ അഭ്യർഥന പ്രകാരമാണ് ഈ സംഘടന ഐക്യരാഷ്ട്രസഭയുടെ ഭാഗമായി നിർമിതമാവുന്നത്. അക്കാലത്ത് ഇറാനിലുണ്ടായ വൻ ഭൂകമ്പ ദുരന്തത്തിൽ 12000 ത്തിലധികം പേർ മരിച്ചപ്പോൾ ആ ദുരന്തഭൂമിയിലേക്ക് 1500 മെട്രിക് ടൺ ഗോതമ്പ്, 270 ടൺ പഞ്ചസാര, 27 ടൺ ചായപ്പൊടി എന്നിവയുമായി പോയ ചരിത്രമാണ് ഈ സംഘടനയ്ക്കുള്ളത്. തായ്‌ലന്റിലെ ചുഴലിക്കാറ്റ് വിതച്ച ദുരന്തം, അൾജീരിയയിലെ അഭയാർഥി പ്രവാഹം ഇവിടേക്കെല്ലാം ഭക്ഷണപ്പൊതികളുമായി ധൃതിയിലെത്തിയ ഈ സംഘടനയ്ക്ക് നോബൽ സമ്മാനം കിട്ടിയില്ലെങ്കിലേ അത്ഭുതമുള്ളൂ.

# സാഹിത്യം

തന്റെ 12 കവിതാസമാഹാരങ്ങൾ കൊണ്ട് ജീവിതത്തെ നേരിട്ട 77 കാരിയുടെ കഥയാണ് ലൂയിസ് ഗ്ലക്ക്. കവിതയുടെ കനക മൈലാഞ്ചി ചുവന്ന വിരലുകളിലൂടെ ജീവിതത്തെ പന്ത്രണ്ടു തരത്തിൽ കണ്ട കാവ്യസമാഹാരങ്ങളായിരുന്നു അവ. സാഹിത്യത്തിനുള്ള ഇത്തവണത്തെ നോബൽ സമ്മാനം ലഭിച്ച വാർത്തയറിയിച്ച് കമ്മിറ്റിയംഗം വിളിച്ചപ്പോൾ പുതിയ തലമുറ തന്റെ ഏതു പുസ്തകത്തിൽ നിന്നും വായിച്ചു തുടങ്ങട്ടെയെന്നും ഓരോന്നും വ്യത്യസ്തമാണെന്നുമാണവർ പറഞ്ഞത്. ഈ ധൈര്യമാണ് അമേരിക്കൻ



ലൂയിസ് ഗ്ലക്ക്

**സാഹിത്യത്തിനുള്ള ഇത്തവണത്തെ നോബൽ സമ്മാനം ലഭിച്ച വാർത്തയറിയിച്ച് കമ്മിറ്റിയംഗം വിളിച്ചപ്പോൾ പുതിയ തലമുറ തന്റെ ഏതു പുസ്തകത്തിൽ നിന്നും വായിച്ചു തുടങ്ങട്ടെ യെന്നും ഓരോന്നും വ്യത്യസ്തമാണെന്നുമാണവർ പറഞ്ഞത്. ഈ ധൈര്യമാണ് അമേരിക്കൻ സാഹിത്യ നഭസ്സിൽ ലൂയീസ് ഗ്ലക്കിനെ വ്യതിരിക്തയാക്കുന്നത്.**

സാഹിത്യ നഭസ്സിൽ ലൂയീസ് ഗ്ലക്കിനെ വ്യതിരിക്തയാക്കുന്നത്. നോബൽ സമ്മാനം ഗ്ലക്കിന് എന്താണെന്ന ചോദ്യത്തിനവർ പറഞ്ഞത് തനിക്കിനി സുഹൃത്തുക്കളുണ്ടാവാൻ വഴിയില്ല, കാരണം തന്റെ സുഹൃത്തുക്കളെല്ലാം എഴുത്തുകാരാണ് എന്നാണ്.

അമേരിക്കൻ കവയത്രിയും പ്രബന്ധകർത്താവുമായ ലൂയിസ് ഗ്ലക്കിന്റെ രചനകളെക്കുറിച്ച് നോബൽ കമ്മിറ്റി വിലയിരുത്തിയത് ഇങ്ങനെയാണ്;

'അലങ്കാര രഹിത ലാവണ്യത്തിൽ വ്യക്തിയെ പ്രാപഞ്ചികമാക്കുന്ന പിഴയേല്ക്കാത്ത കാവ്യ സ്വനം!'

യഥാർത്ഥത്തിൽ ഗ്ലക്കിന്റെ കവിതകൾ ആത്മകഥാപരമാണെന്ന് കാണാം. തീവ്രവികാരങ്ങളുടെ സമ്മേളനത്തിൽ പലപ്പോഴും കടന്നുവരുന്ന മിത്തും ചരിത്രവും പ്രകൃതിയും വ്യക്ത്യാനുഭവങ്ങളിലേക്ക് യോഗാത്മകമാവുന്നത് ഇവരുടെ കവിതകളിൽ കാണാവുന്നതാണ്. ഒരു കവിതയിൽ കവി പറയുന്നുണ്ട്, 'ലോകത്തിലേക്ക് ശൈശവത്തിൽ ഒരിക്കലേ നോക്കുന്നുള്ളൂ. മറ്റെല്ലാം ഓർമ്മകൾ മാത്രം' എന്ന്.

ജ്വലിക്കുന്ന മാനസികാഘാതത്തിലും ആശകളിലും തളയ്ക്കപ്പെട്ട കവിക്ക് ജീവിതത്തിന്റെ കനൽവഴി സംഭാവന ചെയ്തതായിരിക്കും മേൽപ്പറഞ്ഞ വരികളെന്ന് ഊഹിക്കാവുന്നതേയുള്ളൂ. കൊളംബിയ യൂണിവേഴ്സിറ്റിയിൽ നിന്നും ഡിഗ്രി കിട്ടാതെ ഹതാശയായി പുറത്തിറങ്ങിയ ഒരാളുടെ ജീവിതത്തെ കവിത മറ്റെങ്ങനെ ആലിംഗനം ചെയ്യാനാണെന്ന് നിരൂപകരിൽ പലരും സംശയിച്ചിട്ടുണ്ട്. ഈ കവിയുടെ കവിത സങ്കടത്തിന്റെയും ഏകാന്തതയുടേയും സത്യസന്ധമായ പ്രകാശനമാണെന്ന് തല മൂത്ത നിരൂപണങ്ങളിൽ പലതിലും കാണുന്നത് അതുകൊണ്ടായിരിക്കാം.

ആദ്യസമാഹാരമായ 'ഫസ്റ്റ് ബോൺ' വേണ്ടത്ര നിരൂപണശ്രദ്ധ പിടിച്ചുപറ്റിയിട്ടും കവിക്ക് റൈറ്റേഴ്സ് ബ്ലോക്ക് ഉണ്ടാവുകയും അതിനെ മറികടക്കാൻ വെർമൗണ്ടിലെ ഗൊദാർദ് കോളേജിൽ കവിത പഠിപ്പിക്കാൻ പോവുകയും ചെയ്ത അക്കാലത്തു തന്നെ രണ്ടാം സമാഹാരമായ 'ദി ഹൗസ് ഓഫ് മാർഷ് ലാന്റ്' പ്രസിദ്ധീകരിക്കുകയാണ്. ഇത് ഈ കവിയുടെ കാവ്യജീവിതത്തിന്റെ സാർത്ഥക അധ്യായമാണെന്നാണ് ഭൂരിപക്ഷ നിരൂപണമതം. 1985 ൽ പ്രസിദ്ധീകരിച്ച 'ദി ട്രൈംഫ് ഓഫ് അച്ചില്ലസ്' എന്ന സമാഹാരത്തെ കുശാഗ്രവും തീക്ഷ്ണവും സംശുദ്ധവുമായ കവിതകളെന്ന് ന്യൂയോർക്ക് ടൈംസ് വിശേഷിപ്പിച്ചപ്പോൾ 1990ൽ പ്രസിദ്ധം ചെയ്ത 'അരാരത്ത്' എന്ന സമാഹാരത്തെ കഴിഞ്ഞ 25 കൊല്ലത്തിനിടയിൽ അമേരിക്കൻ കാവ്യലോകത്തുണ്ടായ ഏറ്റവും ക്രൂരവും ശോകബന്ധുരവുമായ ഗ്രന്ഥമെന്നാണ് അതേപത്രം വിശേഷിപ്പിച്ചത്. അതിനു ശേഷം 1992 ലാണ് ഗ്ലക്കിന്, 'ദി വൈൽഡ് ഐറിസ്' എന്ന സമാഹാരം പുലിറ്റ്സർ സമ്മാനം നേടിക്കൊടുക്കുന്നത്. 2004 ലെ പുസ്തക വലിപ്പമുള്ള 'ഒക്ടോബർ' എന്ന കാവ്യം സെപ്റ്റംബർ11 ന്റെ ദുരന്തപശ്ചാത്തലത്തിലാണ് ആലേഖനം ചെയ്തിരിക്കുന്നത്.


മരണം, നിരാസം, നഷ്ടം, പരാജയ ബന്ധങ്ങൾ, മുറിവുണക്കാനുള്ള അവയുടെ പ്രയാണങ്ങൾ എന്നിവ കാവ്യ വിഷയമാവുമ്പോൾ തന്നെ ജീവന്റേയും മൃതിയുടേയും വിപരീതോർജ്ജങ്ങളുടെ ബന്ധുത്വവും ഈ കവിയുടെ വിഷയമാണ്.


തന്റെ കവിതയെ വായന

ക്കാരന്റെ മനോവിശകലനത്തിനായി വിട്ടിരിക്കുന്നു എന്നു പ്രഖ്യാപിക്കുന്ന ലൂയിസ് ഗ്ലക്ക് തന്റെ കാവ്യജീവിതത്തെ വരയ്ക്കുന്നതിങ്ങനെയാണ് –

'ജീവിതത്തിനു മുകളിൽ കവിതയ്ക്കുള്ള ലാഭമിതാണ്; വേണ്ടത്ര തീഷ്ണമാണ് കവിതയെങ്കിൽ അനശ്വരമെന്നാവും അതിന്റെ പേര്.'

സാഹിത്യത്തിനുള്ള നോബൽ സമ്മാനാർഹയാവുന്ന പതിനാറാമത് വനിതയാണ് ലൂയിസ് ഗ്ലക്ക് എന്ന അമേരിക്കൻ എഴുത്തുകാരി എന്നുകൂടി പറഞ്ഞാലേ ഇതു പൂർത്തിയാവൂ. ടാഗോർ, ടി എസ് എലിയറ്റ്, നെരൂദ, യീറ്റ്സ്, കിപ്ലിംഗ്, ഹെർമൻ ഹെസ്സേ, ബക്കറ്റ്, ഗുന്ദർഗ്രാസ്, ബോബ് ഡിലൻ എന്നീ കവികൾക്കൊപ്പമാണ് ഈ കവയത്രിയുടെയും സ്ഥാനം.


പോൾ ആർ മിൽഗ്രോം


റോബർട്ട് ബി വിൽസൺ

**പൊന്നുംവിലയ്ക്ക് ലേലത്തിലുറപ്പിക്കുന്ന വസ്തുക്കളുടെ യഥാർത്ഥ വില അതിലുമെത്രയോ താഴെയാണെന്നറിയുമ്പോഴുണ്ടാകുന്ന വൈഷമ്യങ്ങൾ ഈ പുതിയ മാതൃക ഇല്ലാതാക്കുന്നു. ലേല ജേതാവിന്റെ ശാപം ഇല്ലാതാക്കാം എന്നതാണിതിന്റെ നേട്ടമെന്ന് പുരസ്കാര കമ്മിറ്റി വിലയിരുത്തുന്നു. അടിസ്ഥാന സിദ്ധാന്തങ്ങളിൽ തുടങ്ങി വിശാല പ്രായോഗികതലങ്ങളിലേക്ക് വളരുന്ന ഈ പുതിയ രീതി സമൂഹനന്മയ്ക്ക് ഉപകരിക്കുമെന്നാണ് കമ്മിറ്റിയുടെ വിലയിരുത്തൽ.**

# സാമ്പത്തിക ശാസ്ത്രം

നോബലിന്റെ സ്മരണാർത്ഥം നൽകുന്ന സാമ്പത്തിക ശാസ്ത്രത്തിനുള്ള പുരസ്കാരം യഥാർത്ഥത്തിൽ നോബൽ സമ്മാനമല്ല. സ്വീഡനിലെ സെൻട്രൽ ബാങ്ക് ആയ സ്വിറസ് റിക്സ് ബാങ്ക് അവരുടെ മുന്നൂറാം വാർഷികത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ പുരസ്കാരമാണിത്.

നോബൽ പുരസ്കാരത്തോടൊപ്പം റോയൽ സ്വീഡിഷ് അക്കാദമിയാണ് ഈ അവാർഡും സമ്മാനിക്കുന്നത് എന്നതിനാലാണ് ഇതിന് ഇത്രയും പ്രാധാന്യം ലഭിച്ചത്.

നാമനിർദേശം, തിരഞ്ഞെടുപ്പ്, അവാർഡ് വിതരണം ഇവയെല്ലാം നോബൽ പുരസ്കാരത്തിന്റെ അതേ മാതൃകയിലാണ് ഇവിടെയും അനുവർത്തിക്കുന്നത്. 1969 ലാണ് ആദ്യമായി ഈ പുരസ്കാരം നൽകിയത്.

സാമ്പത്തിക ശാസ്ത്രത്തിൽ ഗവേഷണം നടത്തുന്നവരെ മാത്രമല്ല ഈ അവാർഡിനായി പരിഗണിക്കുക. പൊളിറ്റിക്കൽ സയൻസ്, സൈക്കോളജി, സോഷ്യോളജി എന്നീ മേഖലകളിലുള്ളവർക്കും ഈ പുരസ്കാരം ലഭിക്കാറുണ്ട്.

ഇത്തവണത്തെ പുരസ്കാര ജേതാക്കൾ സ്റ്റാൻഫോഡ് യൂണിവേഴ്സിറ്റിയിലെ പോൾ ആർ മിൽഗ്രോം, റോബർട്ട് ബി വിൽസൺ എന്നീ രണ്ട് അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞരാണ്. ലേലത്തിൽ അനുവർത്തിച്ചിരുന്ന പഴയ മാതൃകയെ ഉടച്ചുവാർത്ത് പുതിയ ലേല മാതൃക അവതരിപ്പിച്ചതിനാണ് അവാർഡ്.

പരമ്പരാഗത മാർഗങ്ങളിലൂടെ വിൽക്കാനാവാത്ത റേഡിയോ ഫ്രീക്വൻസി പോലുള്ളവയുടെ ലേലത്തിനാണ് വിവിധ ഘട്ടങ്ങളായി തിരിക്കാനാവുന്ന പുതിയ ലേല ഫോർമാറ്റ് ഇവർ ഒരുക്കിയത്. പൊന്നുംവിലയ്ക്ക് ലേലത്തിലുറപ്പിക്കുന്ന വസ്തുക്കളുടെ യഥാർത്ഥ വില അതിലുമെത്രയോ താഴെയാണെന്നറിയുമ്പോഴുണ്ടാകുന്ന വൈഷമ്യങ്ങൾ ഈ പുതിയ മാതൃക ഇല്ലാതാക്കുന്നു.

ലേല ജേതാവിന്റെ ശാപം ഇല്ലാതാക്കാം എന്നതാണിതിന്റെ നേട്ടമെന്ന് പുരസ്കാര കമ്മിറ്റി വിലയിരുത്തുന്നു.

അടിസ്ഥാന സിദ്ധാന്തങ്ങളിൽ തുടങ്ങി വിശാല പ്രായോഗികതലങ്ങളിലേക്ക് വളരുന്ന ഈ പുതിയ രീതി സമൂഹനന്മയ്ക്ക് ഉപകരിക്കുമെന്നാണ് കമ്മിറ്റിയുടെ വിലയിരുത്തൽ. 10 മില്യൻ സ്വീഡിഷ് കറൻസിയാണ് പുരസ്കാര തുക.

# ബാലരാമായണം

## മഹാകവി കുമാരനാശാൻ

(ആരണ്യകാണ്ഡത്തിൽ നിന്നും ഏതാനും വരികൾ)



വര: സുധീർ പി വൈ



പൂത്തു ചമത, പൂത്തു നീർ-
മരുതി, പൂത്തു കൊന്നകൾ
പൂത്തു വള്ളികളോരോന്നും
പൂത്തു പുല്ലുകൾ പോലുമേ.

സന്തുഷ്ടരായ് പൂത്ത കാട്ടിൽ
നടന്നാർ ഭംഗികണ്ടവർ
സന്ധ്യാമേഘത്തിനിടയിൽ
സഞ്ചരിക്കും ഖഗങ്ങൾപോൽ.

വനപുഷ്പങ്ങളാൽ നിത്യ-
മലംകൃതശരീരയായ്
വിലസീ സീതയക്കാട്ടിൽ
മെയ്യേന്തുമൃതുലക്ഷ്മിപോൽ.

പാടീ കുയിലിനം കൂവി
പ്രാക്കളുത്സാഹമാർന്നുടൻ
മുരണ്ടു വണ്ടിൻ നിരകൾ
മുഖരീഭൂതമായ് വനം.

മലരിൻ മിശ്രസൗരഭ്യ-
മൊത്തു നന്മധുഗന്ധവും
മേളിച്ച കാട്ടുപവനൻ
തെക്കുനിന്നെത്തി മെല്ലവേ.

പുഴതൻ പുളിനത്തിൽ പോയ്
വള്ളിക്കുടിലിൽ മേവുവാൻ
പ്രിയമേറീ ജാനകിക്കു
മുറ്റും മധ്യാഹ്നവേളയിൽ.

നൈർമല്യത്താലടിത്തട്ടു
കാണും ഗോദാജലങ്ങളിൽ
നീരാടിത്തന്നെ സമയം
നയിച്ചു ചിലപോതവൾ.

നീന്തുന്ന ദേവിതൻ നീണ്ടു-
ചുരുണ്ട വിരിവാർകുഴൽ
നിർമിച്ചു ഗോദാവരിയിൽ
കാളിന്ദീഭംഗിയൊട്ടിടം.

തങ്കപ്പൂമേനിയാൾ തന്നെ
മുങ്ങും ദിക്കിലെഴും ജലം
തമിഴത്തികൾ നീരാടും
ഭാഗം പോൽ തോന്നി മഞ്ഞയായ്.

ഒന്നായ് പറക്കും കുരുവി-
നിരതൻ നിഴൽപോലവേ
ഒഴുക്കിലോടും മീൻകൂട്ട-
മേകും ദേവിക്കു കൗതുകം.

കളിച്ചു ദേവി കൈ താഴ്ത്തും
പിടിപ്പാൻ മീൻകിടാങ്ങളെ
കമലം താഴ്ന്നതെന്നോർത്തു
ചെന്നേറുമവ നിർഭയം.

# അമ്മേങ്കുഞ്ഞുണ്ണീം പിന്നെ പാച്ചുക്കരടിക്കുട്ടപ്പനും

**പ്രിയ എ എസ്**

### 1
### സ്വപ്നത്തിലെ കടലിന്റെ ടാപ്പ്

പാച്ചുടെഡിബെയറിനെയും മടിയിൽ വച്ച് വീടിനകത്തുള്ള ചൂരലൂഞ്ഞാലയിലിരുന്ന് ആടുകയായിരുന്നു കുഞ്ഞുണ്ണി. ഊഞ്ഞാലാട്ടത്തിനൊപ്പം കുഞ്ഞുണ്ണി കവിത ചൊല്ലാനൊരുങ്ങി.

'ഇത് കടമ്മനിട്ട അപ്പൂപ്പന്റെ കവിതയാണ്'എന്നു പറഞ്ഞു കുഞ്ഞുണ്ണി. 'ഏ, കമ്മലിട്ട അപ്പൂപ്പന്റെയോ?' എന്നായി പാച്ചു.

അതുകേട്ട് കുഞ്ഞുണ്ണി കുറേനേരം നിർത്താതെ ചിരിച്ചുപോയി. അമ്മയും കൂടെക്കൂടി ചിരിക്കാൻ.

'കമ്മലിട്ട എന്നല്ല കടമ്മനിട്ട എന്നാണെ'ന്ന് പിന്നെ ചിരിയടക്കിക്കൊണ്ട് അമ്മ അവനെ എടുത്തു മടിയിൽ വച്ചുകൊണ്ട് പറഞ്ഞുകൊടുത്തു. അപ്പോ പാച്ചു, 'എനിക്കമ്മയുടെ ഈ നീളൻ കമ്മലിന്റെ കാര്യം മാത്രല്ലേ അറിയാമ്പാടുള്ളൂ, അതുകൊണ്ടല്ലേ ഞാനങ്ങനെ ചോദിച്ചത്, അതിനെന്നെ നിങ്ങള് രണ്ടാളും കൂടി കളിയാക്കാമ്പാടുണ്ടോ അമ്മേ?'എന്നു കൊഞ്ചിച്ചോദിച്ച് അമ്മയോട് ഒന്നുകൂടി ഒട്ടിച്ചേർന്നിരുന്നു.

അമ്മയ്ക്കപ്പോ അവനോടു പാവം തോന്നി, 'നീയെന്തൊരു കുഞ്ഞിപ്പഞ്ഞിപ്പാച്ചുവാണ്' എന്നുപറഞ്ഞ് അവന്റെ തലയിലൂടെ അമ്മ വിരലോടിച്ചു.

കുഞ്ഞുണ്ണി കവിത ചൊല്ലാൻ തുടങ്ങി.

*''അങ്ങേലെ മൂപ്പീന്നു ചത്തോടീ*

*നമ്മളും പോയൊന്നറിയേണ്ടേ*



വര: സജി വി

*ചാക്കാല ചൊല്ലുവാൻ വന്നവന്*
*കാപ്പിയും കാശും കൊടുത്തോടീ''*

'എനിക്കിത് ചൊല്ലാൻ ഒത്തിരി ഇഷ്ടമാണ്, എനിക്കിതിലെ തമാശ കേൾക്കുമ്പോ ചിരിവരും' എന്നൊക്കെ, അടുത്തു തന്നെയിരുന്നു പത്രം വായിക്കുന്ന അമ്മയോട് ഇടയ്ക്കു പറഞ്ഞിട്ട് കുഞ്ഞുണ്ണി പിന്നെയും കവിത തുടർന്ന് ചൊല്ലാൻ തുടങ്ങിയതും പാച്ചു ഒരു ബഹളപ്പാച്ചുവായി.

'ചാവുന്ന കാര്യമൊക്കെയുള്ള കവിത എനിക്കിഷ്ടമല്ല, നമ്മള് മരിച്ചുപോവുമോ എന്നെനിക്ക് പേടി വരും അങ്ങനത്തെ കവിത കേട്ടാൽ എന്ന് കുഞ്ഞുണ്ണിച്ചേട്ടനറിയാമ്പാടില്ലേ?' എന്നു ചോദിച്ച് അവൻ കമഴ്ന്നു കിടന്നു കരച്ചിലായി.

'എന്നാ ഞാൻ ചൊല്ലണില്ല കവിത, എനിക്കിഷ്ടപ്പെട്ട ഒരു കവിത ചൊല്ലാനും കൂടി സ്വാതന്ത്ര്യമില്ല ഈ വീട്ടിൽ എന്നു വച്ചാൽ ഇതു വലിയ ശല്യമായല്ലോ, ഞാനകത്തു പോയിരുന്നു ചൊല്ലിക്കോളാം' എന്നുപറഞ്ഞ് കുഞ്ഞുണ്ണി അകത്തേക്കു പോകാനായി ധൃതിയിൽ എണീറ്റതും സ്വിച്ചിട്ടതു പോലെ കരച്ചിൽ നിർത്തി പാച്ചു എണീറ്റിരുന്നു ചിരിയായി. 'ആ കവിത പാടാൻ ഞാൻ സമ്മതിക്കൂല്ലല്ലോ, അതെവിടെയിരുന്നു പാടിയാലും ഞാനുറക്കെയുറക്കെ കരയുമല്ലോ' എന്നായി അവന്റെ വീരവാദം.

'ആഹാ, അത്രയ്ക്കായോ, എന്നാലത് ഒന്നുകൂടെ ഇവിടെത്തന്നെ നിന്ന് ചൊല്ലീട്ടുതന്നെ വേറെ കാര്യം' എന്നു കുഞ്ഞുണ്ണി. വഴക്കാളിയാവാനാണ് ഭാവം എന്നു കണ്ട് അതുവരെ മിണ്ടാതിരുന്ന അമ്മ അതിലിടപെട്ടു.

'നമുക്ക് മൂന്നുപേർക്കും ചേർന്ന് പാച്ചുവിനും കൂടി ഇഷ്ടമുള്ള കവിത ചൊല്ലാം' എന്നായി അമ്മ.

'ഞാൻ ചൊല്ലി കേൾപ്പിക്കാം, അതിലേതാണ് രണ്ടാൾക്കും ഇഷ്ടപ്പെട്ടതെന്ന് പറയ്' എന്നു നിർദ്ദേശിച്ചമ്മ കവിതകൾ ഓരോന്നോരോന്നായി ചൊല്ലാൻ തുടങ്ങി. പാച്ചുവിനിഷ്ടമായത് കുഞ്ഞുണ്ണിക്കിഷ്ടമാവില്ല, കുഞ്ഞുണ്ണിക്കിഷ്ടമായത് പാച്ചുവിനിഷ്ടമാവില്ല എന്ന രീതിയിലേക്കാണ് കാര്യങ്ങൾ പോകുന്നതെന്നു കണ്ടപ്പോൾ, 'എനിക്കു വയ്യ ഇനി കവിത ചൊല്ലൽ' എന്നമ്മ പിണക്കമുഖിയായി.

അമ്മ പിണങ്ങാറില്ലല്ലോ സാധാരണയായി. അതുകൊണ്ടുതന്നെ അമ്മയുടെ പിണങ്ങിയിരിപ്പിനെ കുത്തിപൊട്ടിക്കാൻ, പാച്ചുവും കുഞ്ഞുണ്ണിയും കൂടി അമ്മയെ ഇക്കിളിയിട്ടു നിർത്താതെ ചിരിപ്പിച്ചു.

അമ്മയെ പിന്നെയും ചിരിപ്പിക്കാൻ പാച്ചു, അന്നു കുഞ്ഞുണ്ണിച്ചേട്ടൻ YouTube ൽ വച്ചപ്പോ അവൻ കേട്ടുപഠിച്ച 'പണി പാളീലോ, ആരിരാരം പാടിയുറക്കാൻ ആരുമില്ലല്ലോ' എന്ന പാട്ടും പാടി ഡാൻസ് കളിക്കാൻ തുടങ്ങി. ആ പാട്ട് കുഞ്ഞുണ്ണിക്കും ബഹുഇഷ്ടമായിരുന്നല്ലോ, അതുകൊണ്ട് കുഞ്ഞുണ്ണിയും ചേർന്നു അവനൊപ്പം പാടാനും ആടാനും.

'ഇങ്ങനെ ഡാൻസ് ചെയ്യാൻ പറ്റുന്ന പാട്ടാണമ്മേ കരടിക്കുട്ടികൾക്ക് ഇഷ്ടം' എന്ന് അമ്മയുടെ ചെവിയിൽ രഹസ്യമായി പറഞ്ഞു പാച്ചു.

'അതെന്താ ഞാനറിയാത്തൊരു രഹസ്യം?' എന്ന് കുഞ്ഞുണ്ണി, പാച്ചുവിന്റെ രഹസ്യമറിയാൻ അമ്മയ്ക്കും പാച്ചുവിനുമിടയിലേക്ക് നുഴഞ്ഞുകയറി.

'അതേ ഞാനേ ഇന്നലെ കണ്ട സ്വപ്നത്തിന്റെ കാര്യം പറയുകയായിരുന്നു' എന്ന് അപ്പോ പാച്ചു തട്ടിവിട്ടത് കുഞ്ഞുണ്ണിക്കത്ര വിശ്വാസം വന്നില്ല.

അപ്പോ പാച്ചു, അവന്റെ സ്വപ്നത്തിന്റെ കഥ വിസ്തരിക്കാൻ തുടങ്ങി.

'ടോമും ജെറീം കൂടി കാർട്ടൂണിൽ നിന്നിറങ്ങിവന്ന് പാച്ചുവിനൊപ്പം കളിക്കാൻ തുടങ്ങി ഒരുദിവസം.

കളിസ്ഥലത്തിനടുത്ത് ഒരു ടാപ്പുണ്ടായിരുന്നു. അത് സാധാരണ വെള്ളത്തിന്റെ ടാപ്പല്ല, അതില് പിടിച്ചു തിരിച്ച് കളിക്കരുത് എന്നു ടോം പറഞ്ഞതും കുരുത്തക്കേടിന്റെ കൂടായ ജെറി അതുതന്നെ ചെയ്തു. അതുണ്ടല്ലോ, കടലിലേക്കുള്ള വെള്ളത്തിന്റെ ടാപ്പായിരുന്നു. അതോടെ കടലിലെ വെള്ളം പൊങ്ങി കര കവിഞ്ഞൊഴുകി.'

അതുകേട്ട് രസിക്കാതെ കുഞ്ഞുണ്ണി ഇടയ്ക്കു കയറി ചോദിച്ചു, 'കടൽവെള്ളത്തിന്റെ ടാപ്പോ? ലോകത്തെവിടെയെങ്കിലും ഉണ്ടോ അങ്ങനൊരു വസ്തു! നീയിതെന്തൊക്കെയാണ് പറയുന്നത്? എന്ത് പൊട്ടത്തരമാണ് നിന്റെ സ്വപ്നം!'

'ലോകത്തില് കാണാത്തതും

**അമ്മയുടെ പിണങ്ങിയിരിപ്പിനെ കുത്തിപൊട്ടിക്കാൻ, പാച്ചുവും കുഞ്ഞുണ്ണിയും കൂടി അമ്മയെ ഇക്കിളിയിട്ടു നിർത്താതെ ചിരിപ്പിച്ചു. അമ്മയെ പിന്നെയും ചിരിപ്പിക്കാൻ പാച്ചു, അന്നു കുഞ്ഞുണ്ണിച്ചേട്ടൻ YouTube ൽ വച്ചപ്പോ അവൻ കേട്ടുപഠിച്ച 'പണി പാളീലോ, ആരിരാരം പാടിയുറക്കാൻ ആരുമില്ലല്ലോ' എന്ന പാട്ടും പാടി ഡാൻസ് കളിക്കാൻ തുടങ്ങി.**

കേക്കാത്തതുമായ കാര്യങ്ങൾ നമുക്ക് കാണാനും ചെയ്യാനും അനുഭവിക്കാനും പറ്റുന്ന ഇടമാണ് സ്വപ്നം എന്ന് ഈ മണ്ടൻ കുഞ്ഞുണ്ണിച്ചേട്ടനിതുവരെ അറിയാമ്പാടില്ല അല്ലേ അമ്മേ?' എന്നു ചോദിച്ച് പാച്ചു അമ്മയെ ചാരിനിന്നു.

'ഓ, ഒന്നു പറഞ്ഞുതീർക്ക് നിന്റെ പൊട്ടസ്വപ്നം' എന്നായി അതോടെ കുഞ്ഞുണ്ണി.

പാച്ചു തുടർന്നു, 'ടോമിനും ജെറിക്കും നീന്താനറിയാമായിരുന്നതു കൊണ്ട് അവര് ആ വെള്ളത്തിൽക്കൂടി നീന്തിക്കൊണ്ടിരുന്നു. പക്ഷേ നീന്തലറിയാത്ത പാച്ചു അതിൽക്കൂടി ഒഴുകിപ്പോകാൻ തുടങ്ങി. അവന് ശ്വാസം കിട്ടാതായി. അപ്പോ ജെറി ഒരുവിധത്തിൽ നീന്തിക്കയറി ആ ടാപ്പടച്ചു. അതോടെ കടലിലെ വെള്ളം മുഴുവൻ വറ്റിപ്പോയി. പിന്നെ ജെറിയുടെ പുറകെ, നിന്റെ കുരുത്തക്കേട് കൂടുന്നുണ്ട് എന്നുപറഞ്ഞ് ടോം ഓടിപ്പാഞ്ഞ് അവന്റെ ചെവിക്കുപിടിക്കാനായി നടപ്പായി. അതിനിടെ ഒരു പള്ളിപ്പറമ്പിൽ, വെടിക്കെട്ടു നടക്കുന്നതിനിടയിൽക്കൂടിയും അവരോടി. ആ വെടിക്കെട്ടിൽപ്പെട്ട് പുകയിൽ കുളിച്ച് ടോമും ജെറിയും കരിങ്കറുപ്പന്മാരായി അങ്ങനെ നിൽക്കുമ്പോ, അവർക്കൊന്നു കുളിച്ചു വൃത്തിയാകാൻ വേണ്ടി പാച്ചു ഓടി വന്ന് വീണ്ടും ടാപ് ഓൺ ചെയ്തു. അവർക്ക് കുളിക്കാൻ തക്ക വെള്ളം കടലില് നിറഞ്ഞപ്പോ അവൻ ടാപ്പ് ഓഫ് ചെയ്തു.

കുളിച്ചുകയറിവന്ന ടോമും ജെറിയും തലേം മേലുമൊന്നും തോർത്താതെ വന്ന് പാച്ചുവിനെ താങ്ക്യൂ എന്നു പറഞ്ഞ് കെട്ടിപ്പിടിച്ചപ്പോ, നനഞ്ഞു കുതിർന്നു പാച്ചു'.

'അപ്പഴാ അമ്മേ ഞാനുറക്കത്തില് കരഞ്ഞതും എന്താ പാച്ചു എന്നു ചോദിച്ച് അമ്മ എന്നെ എടുത്ത് ചേർത്തുകിടത്തിയതും. അപ്പഴാ ഞാൻ നനഞ്ഞിട്ടില്ല, ഒക്കെ സ്വപ്നമായിരുന്നു എന്നെനിക്ക് മനസ്സിലായത്, അപ്പഴാ എനിക്കു സമാധാനമായത്, ഓർക്കണില്ലേ അപ്പോ ഞാനമ്മയെ ഉമ്മ വച്ച് ഒന്നുങ്കൂടി ഡുഡ്നൈറ്റ് പറഞ്ഞ് പിന്നേം ഉറങ്ങിപ്പോയത്'.

പാച്ചു പിന്നെയും വിസ്തരിച്ചു.

'ഡുഡ്നൈറ്റല്ലടാ, ഗുഡ് നൈറ്റ്' എന്നു തിരുത്തിക്കൊടുത്തു കുഞ്ഞുണ്ണി.

'കരടിക്കുട്ടികളുടെ ഭാഷയിൽ ഡുഡ്നൈറ്റ് എന്നാണെ'ന്നു പാച്ചു അമ്മയെ പറഞ്ഞ് ബോധ്യപ്പെടുത്തിയപ്പോ, 'എന്തേലും ആവട്ടെ, കാര്യം മനസ്സിലായല്ലോ, അതുമതി' എന്നുപറഞ്ഞ് അവരെ തർക്കങ്ങളിൽ നിന്ന് പിന്തിരിപ്പിക്കാൻ നോക്കി അമ്മ. കുഞ്ഞുണ്ണിയുണ്ടോ വിടുന്നു!

'ഇത് നുണക്കഥയാ അമ്മേ, സ്വപ്നക്കഥയൊന്നുമല്ല' എന്നു പറഞ്ഞു കുഞ്ഞുണ്ണി.

അപ്പോ പാച്ചു അപ്പറഞ്ഞതൊന്നും കേൾക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യാതെ, പിന്നേം ആടിപ്പാടാൻ തുടങ്ങി,

'പണി പാളിലോ...'

പാച്ചുവിനൊപ്പം ഡാൻസ് ചെയ്യുന്നതിനിടെ കുഞ്ഞുണ്ണി, അമ്മയെ വിളിച്ചുപറഞ്ഞു, 'വേണേൽ ഞങ്ങടെ കൂടെ ഇയാളും ഡാൻസ് കളിച്ചോ, നല്ലൊരു ഫിറ്റ്നസ് എക്സർസൈസാ ഡാൻസ്.'

'ശരിയാ' എന്നുപറഞ്ഞ് പാച്ചു, കുഞ്ഞുണ്ണീടെ കൈകോർത്തുപിടിച്ച് ഡാൻസു ചെയ്യുന്നതു കണ്ട് അമ്മയ്ക്കു ചിരി വന്നു.

'ഞങ്ങളമ്മയെ സുംബാ ഡാൻസ് ചെയ്യാൻ പഠിപ്പിച്ചു തരാം' എന്നുപറഞ്ഞ് അമ്മയുടെ കൈ പിടിച്ച് വലിച്ചു രണ്ടാളും കൂടി. സുംബാ സ്റ്റെപ് രണ്ടു തവണ ചെയ്തശേഷം ഉടനെ തന്നെ ഓടിപ്പോയി, 'വയർ കുറഞ്ഞോ?' എന്നു നോക്കാൻ കണ്ണാടിയുടെ മുന്നിൽ പോയി നിൽക്കുന്ന പാച്ചുവിനെ അതിനിടെ അമ്മയ്ക്ക് ചൂണ്ടിക്കാണിച്ചു കൊടുത്തു



ചിരിക്കുടുക്കയായി നിന്നു കുഞ്ഞുണ്ണി.

## 2. സ്ക്കേറ്റിങ് പാച്ചു

ഞായറാഴ്ചയാണല്ലോ . കുഞ്ഞുണ്ണി ആവോളം കിടന്നുറങ്ങി, വളരെ വൈകിയാണ് എണീറ്റത്. പാച്ചു ഉറങ്ങിയെണീറ്റത് അതിനേക്കാൾ വളരെ വൈകിയാണ്.

അപ്പോഴേക്ക് കുഞ്ഞുണ്ണിയുടെ കഴിക്കലും കുളിക്കലും വരെ കഴിഞ്ഞിരുന്നു.

എണീറ്റതേ എടത്തൂടായി പാച്ചു. കുഞ്ഞുണ്ണിച്ചേട്ടൻ കുളിച്ചു കുട്ടപ്പനായത് കണ്ടപ്പോഴേ പാച്ചുവിന് തീരെ പിടിച്ചില്ല. പോരാത്തതിനോ കുഞ്ഞുണ്ണിച്ചേട്ടൻ സ്ക്കേറ്റിങ് വേഷത്തിലായിരുന്നു. സ്ക്കേറ്റിങ് ഷൂ, എൽബോ പാഡ്, നീ പാഡ്, ഹെൽമറ്റ്, സ്ക്കിൻ ടൈറ്റ് ഡ്രസ് – 'ആഹാ കുഞ്ഞുണ്ണിച്ചേട്ടനെക്കണ്ടിട്ട് ഒരു അന്യഗ്രഹജീവിയെപ്പോലുണ്ടെന്നു തോന്നണുണ്ടല്ലേ പാച്ചു?' എന്നു വിളിച്ചുചോദിച്ചു അമ്മ. 'കുഞ്ഞുണ്ണിച്ചേട്ടനിന്ന് സ്ക്കേറ്റിങ് കോംപറ്റീഷനുണ്ട്, അതിനുവേണ്ടി പ്രാക്ടീസ് നടത്തുകയാണ്'എന്നമ്മ പറഞ്ഞത് പാച്ചു തീരെ വകവച്ചില്ല.


**പാച്ചു മുറ്റത്തേക്ക് ജനലിലൂടെ എത്തിവലിഞ്ഞു നോക്കി. മുറ്റത്തെ ടൈൽസിലൂടെ ചുറ്റിചുറ്റി സവാരി നടത്തുകയാണ് കുഞ്ഞുണ്ണിച്ചേട്ടൻ. അവന് കുഞ്ഞുണ്ണിച്ചേട്ടൻ പോകുന്ന പോക്കിന്റെ സ്പീഡ് കണ്ട്, തലകറങ്ങി. തല കറങ്ങി കണ്ണ് താനേ കൂമ്പിപ്പോയെങ്കിലും ഇത്തരി നേരത്തിനകം കണ്ണു വലിച്ചുതുറന്ന് പഴയപടി വട്ടക്കണ്ണാക്കി പിടിച്ചു പാച്ചു.**

പാച്ചു അതൊന്നും കേൾക്കാത്ത മട്ടിൽ കുറുമ്പു കുത്തിയ മുഖവുമായിരുന്നു കുഞ്ഞുണ്ണിച്ചേട്ടന്റെ സ്ക്കേറ്റിങ് കറക്കത്തിന്റെ സ്പീഡ് കണ്ണിമയ്ക്കാതെ നോക്കിയിരുന്നു. എന്നിട്ട് അവനൊരു പ്രസ്താവന നടത്തി, 'ഞങ്ങള് കരടികള് മരം കയറണതു പോലെ ഒറ്റയാൾക്കും മരം കയറാൻ പറ്റില്ലല്ലോ, സ്ക്കേറ്റിങ് പോലൊന്നുമല്ല മരം കയറ്റം, അത് ഭയങ്കര വിഷമമാ, സ്ക്കേറ്റിങ് നല്ല ഈസിയാ'.

'അവനവൻ ചെയ്യാത്ത കാര്യങ്ങള് ഈസിയാന്നു പറയാൻ ആർക്കും പറ്റും കേട്ടോ പാച്ചൂ, നിന്റെ വീരവാദമൊന്നും എന്റടുത്തു വേണ്ട' എന്നു പറഞ്ഞു കുഞ്ഞുണ്ണി. പാച്ചു, 'വീരവാദം' എന്ന വാക്ക് ആദ്യമായിട്ടു കേൾക്കുകയായിരുന്നു. അവനതിന്റെ അർഥം മനസ്സിലായില്ല. അർഥം ചോദിക്കാമെന്നു വച്ചാല് അമ്മയെ അടുത്തൊട്ടു കണ്ടതുമില്ല. അവൻ അതുകൊണ്ട്, അമ്മ വരുമ്പോഴത്തേക്ക് 'വീരവാദം' എന്ന വാക്കു മറക്കാതിരിക്കാനായി 'വീരവാദം വീരവാദം' എന്ന് ഉരുവിട്ടു പഠിച്ചുകൊണ്ടിരുന്നു. അതവസാനം പറഞ്ഞു പറഞ്ഞ് 'വീദവാരം' എന്നായിപ്പോയി. അതു കേട്ട് കുഞ്ഞുണ്ണി പൊട്ടിച്ചിരിച്ചു. എന്നിട്ട് പുറത്തേക്ക് ഓടിപ്പോയി.

പാച്ചു മുറ്റത്തേക്ക് ജനലിലൂടെ എത്തിവലിഞ്ഞു നോക്കി. മുറ്റത്തെ ടൈൽസിലൂടെ ചുറ്റിചുറ്റി സവാരി നടത്തുകയാണ് കുഞ്ഞുണ്ണിച്ചേട്ടൻ. അവന് കുഞ്ഞുണ്ണിച്ചേട്ടൻ പോകുന്ന പോക്കിന്റെ സ്പീഡ് കണ്ട്, തലകറങ്ങി. തല കറങ്ങി കണ്ണ് താനേ കൂമ്പിപ്പോയെങ്കിലും ഇത്തരി നേരത്തിനകം കണ്ണു വലിച്ചുതുറന്ന് പഴയപടി വട്ടക്കണ്ണാക്കി പിടിച്ചു പാച്ചു. എന്നിട്ട്, 'എന്നേം എടുത്തോണ്ട് കുഞ്ഞുണ്ണിച്ചേട്ടൻ സ്ക്കേറ്റ് ചെയ്യണം' എന്നായി അവന്റെ ബഹളം.

'പിന്നല്ലേ, നിന്നേം പിടിച്ചോണ്ട് സ്ക്കേറ്റു ചെയ്യാനോ, എന്റെ ബാലൻസു പോയി ഞാൻ തലേം കുത്തി വീഴും' എന്നു വിളിച്ചുപറഞ്ഞു മുറ്റത്തുനിന്ന് കുഞ്ഞുണ്ണി. അപ്പോ പാച്ചു, 'അമ്മേ, ഇതു കണ്ടോ, ഇതു കേട്ടോ?' എന്നൊക്കെ കുഞ്ഞുണ്ണിയുടെ നേരെ വിരൽ ചൂണ്ടി അമ്മയോട് പരാതിക്കരച്ചിലായി.



'ഇന്നാള് സ്ക്കേറ്റിങ്ങിന്റെ യെടേല് വീണ് പൊട്ടിയിട്ട് കുഞ്ഞുണ്ണിച്ചേട്ടന്റെ മുട്ട് ഉണങ്ങിവരുന്നതല്ലേയുള്ളൂ, ഇനി നിന്നേം പിടിച്ച് സ്ക്കേറ്റു ചെയ്തിട്ട് അവൻ തലകുത്തി വീണാല് നമ്മളെന്ത് ചെയ്യും പാച്ചു, കുഞ്ഞുണ്ണിച്ചേട്ടന്റെ കൈയോ കാലോ വീണ് പൊട്ടിയാല് പാച്ചുവിന് സങ്കടം വരില്ലേ?' എന്നു ചോദിച്ചു അമ്മ.

അപ്പോ പെട്ടെന്ന് പാച്ചുവിന് കുഞ്ഞുണ്ണിച്ചേട്ടനോട് സ്നേഹം വന്നു. 'ഞാനിവിടെയിരുന്ന് കണ്ടോളാം. കുഞ്ഞുണ്ണിച്ചേട്ടൻ സ്പീഡില് സ്പീഡില് സ്ക്കേറ്റു ചെയ്തോ?' എന്നുപറഞ്ഞ് അവൻ വരാന്തയിലെ തൂണും ചാരി ഇരിപ്പായി.

അവൻ വാശിക്കുടുക്കയൊന്നുമാകാതെ മര്യാദപ്പാച്ചുവായതു കണ്ടതും കുഞ്ഞുണ്ണിക്ക് തിരിച്ചും സ്നേഹം വന്നു.

'നിന്നെ എടുത്തുപിടിച്ചു കൊണ്ട് ചെറിയ സ്പീഡില് വേണേല് ഞാൻ സ്ക്കേറ്റു ചെയ്യാം, വാ' എന്നു പറഞ്ഞ് കുഞ്ഞുണ്ണി സ്ക്കേറ്റിങ് നിർത്തി അവന്റടുത്തേക്കു വന്നു. എന്നിട്ട് അവനെ എടുത്ത് വയറിന്മേലിരുത്തി, അമ്മയുടെ ഷോൾ കൊണ്ട് അവനെ തന്നോടു ചേർത്തു കെട്ടിവച്ചു. 'നിനക്ക് നോവുന്നുണ്ടോടാ?' എന്നു കുഞ്ഞുണ്ണി ചോദിച്ചപ്പോ, അവൻ 'ഇല്ല' എന്ന് കണ്ണടച്ചു ചിരിച്ചുകാണിച്ചു. 'നീ എന്നെ കെട്ടിപ്പിടിച്ചിരുന്നോളൂ നിന്റെ കുഞ്ഞിക്കൈ കൊണ്ട്' എന്നു പറഞ്ഞു കുഞ്ഞുണ്ണി. അങ്ങനെ അവർ ഒന്നാം ചുറ്റു പൂർത്തിയാക്കുന്നതിനിടെയെല്ലാം പാച്ചു സന്തോഷം കൊണ്ടും ആവേശം കൊണ്ടും ആർത്തുവിളിച്ചു കൊണ്ടിരുന്നു. 'എന്റെ ചെവി പൊട്ടിപ്പോകുമല്ലോടാ' എന്നു പറഞ്ഞു കുഞ്ഞുണ്ണി. എത്ര പതുക്കെ കുഞ്ഞുണ്ണി റൗണ്ടെടുത്തിട്ടും രണ്ടാം റൗണ്ടായപ്പോഴേക്ക് പാച്ചുവിന് തല കറങ്ങി. 'പൊത്തോ' എന്ന് അവൻ താഴെ വീഴണ്ടതായിരുന്നു. അപ്പോഴേക്ക് കുഞ്ഞുണ്ണി അവനെ താങ്ങിപ്പിടിക്കുകയും സ്ക്കേറ്റിങ് നിർത്തുകയും ചെയ്തതുകൊണ്ട് ഭാഗ്യത്തിന് അവൻ നടുവും തല്ലി താഴെ വീണില്ല.

**നിറയെ കുട്ടികൾ സ്ക്കേറ്റിങ് പാച്ചിലിൽ തെന്നിനീങ്ങുന്നതു കണ്ട്, കുഞ്ഞുണ്ണിച്ചേട്ടനിടയിലെങ്ങാനും തട്ടിത്തടഞ്ഞു വീഴുമോ എന്നോർത്താവും പാച്ചു മിണ്ടാതിരുന്നു അവിടുത്തെ ബഞ്ചിൽ സ്ക്കേറ്റിങ്ങും കണ്ട്. ഇടയ്ക്ക് കുഞ്ഞുണ്ണിച്ചേട്ടൻ, അടുത്ത വരിയിലെ ഒരു കുട്ടിയുമായി കൂട്ടിയിടിച്ച് താഴെ വീഴാൻ പോയപ്പോ അമ്മ പോലും 'അയ്യോ' എന്നു പറഞ്ഞുപോയി.**

'എനിക്ക് സ്ക്കേറ്റിങ് വേണ്ടായേ , അമ്മേടെ മടീലിരുന്നാല് മതിയേ' എന്നായി ഉടനെ അവന്റെ ചിണുക്കം. 'എനിക്ക് ഇവിടെയൊക്കെ ഒന്നു അടുക്കിപ്പെറുക്കാനുണ്ട്, നിന്നേം മടീല് വച്ച് ഇരിക്കാനൊന്നും നേരമില്ല' എന്നു പറയാൻ തുടങ്ങിയതാണ് അമ്മ. 'സ്വൈര്യം വേണ്ടേ, അവൻ പറയുന്നത് എന്താന്നു വച്ചാല് കുറച്ചുനേരം അനുസരിച്ചേക്ക്'എന്നു കുഞ്ഞുണ്ണി, അമ്മയോട് അടക്കം പറഞ്ഞു. അവനെ കുഞ്ഞുണ്ണിയോടു ചേർത്തു കെട്ടിവയ്ക്കാനുപയോഗിച്ച ഷാളഴിച്ചെടുത്ത് അമ്മ അവന്റെ തലയിൽ ഒരു കെട്ടു കെട്ടിക്കൊടുത്തു.

'അവന് ഇപ്പോൾ, അവൻ രാജാവാണെന്ന ഒരു മട്ടായില്ലേന്നു നോക്ക്' എന്നുപറഞ്ഞു കുഞ്ഞുണ്ണി.

'ഞാൻ വൈകുന്നേരം സ്പോർട്സ് സെന്ററിൽ സ്ക്കേറ്റിങ് മത്സരത്തിനു പോകുമ്പോൾ നിന്നെ ഈ തലയിൽ കെട്ടും കെട്ടിച്ചു കൊണ്ടു പോകാം' എന്നുപറഞ്ഞ്, കുഞ്ഞുണ്ണി അവനെ മടിയിലെടുത്തു വച്ചു താലോലിച്ചു.

അമ്മയുടെ പൊട്ടിയമാലയുടെ വലിയ മുത്തുകൾ അടിയിൽ പിടിപ്പിച്ച് തന്റെ കുട്ടിക്കാലത്തെ കുഞ്ഞിപ്പുഞ്ഞി ഷൂ ഒരു പാച്ചു-സ്ക്കേറ്റിങ്-ഷൂ ആയി മാറ്റിക്കൊടുക്കണമെന്നു ശുപാർശ ചെയ്തു കുഞ്ഞുണ്ണി, അമ്മയോട്.

'അമ്മ, ഈ വരാന്ത തുടച്ചു കഴിയും വരെ ഒന്നു വെയ്റ്റു ചെയ്യാവോ' എന്നു ചോദിച്ചു അമ്മ അവരോട്.

പിന്നെ അമ്മ സൂചിയും നൂലുമായി വന്നു. കുഞ്ഞുണ്ണി അമ്മയ്ക്ക് വേഗത്തിൽ നൂലു കോർത്തുകൊടുത്തു .

താഴേക്കൂടി ഉരുളാൻ പാകത്തിൽ മുത്തു പിടിപ്പിച്ച കുഞ്ഞൻ തുണിഷൂ കാലിലണിഞ്ഞ്, അന്ന് വൈകുന്നേരം പാച്ചു, അമ്മയ്ക്കൊപ്പം കുഞ്ഞുണ്ണിച്ചേട്ടനെ വലിയ ഗമയിൽ സ്ക്കേറ്റിങ് ഗ്രൗണ്ടിൽ കൊണ്ടുപോയി.

നിറയെ കുട്ടികൾ സ്ക്കേറ്റിങ് പാച്ചിലിൽ തെന്നിനീങ്ങുന്നതു കണ്ട്, കുഞ്ഞുണ്ണിച്ചേട്ടനിടയിലെങ്ങാനും തട്ടിത്തടഞ്ഞു വീഴുമോ എന്നോർത്താവും പാച്ചു മിണ്ടാതിരുന്നു അവിടുത്തെ ബഞ്ചിൽ സ്ക്കേറ്റിങ്ങും കണ്ട്.

ഇടയ്ക്ക് കുഞ്ഞുണ്ണിച്ചേട്ടൻ, അടുത്ത വരിയിലെ ഒരു കുട്ടിയുമായി കൂട്ടിയിടിച്ച് താഴെ വീഴാൻ പോയപ്പോ അമ്മ പോലും 'അയ്യോ' എന്നു പറഞ്ഞുപോയി. ഒരു ധൈര്യത്തിന്

അമ്മ, പാച്ചുവിനെ ഇറുകെ കെട്ടിപ്പിടിച്ചപ്പോൾ പാച്ചുവിന്, അമ്മയോട് അഞ്ചാറു തേൻ ഭരണിയോളം സ്നേഹം വന്നു. അപ്പോ പാച്ചു അമ്മയെ ചേർന്നിരുന്നു.

പാച്ചു ഒരു ടെഡി ബെയറേ ഉണ്ടായിരുന്നുള്ളു അവിടെ കളികാണാൻ. അതു കൊണ്ട് വരണോരും പോണോരും, ഒക്കെ 'ഇതാര്?' എന്ന അത്ഭുതത്തോടു കൂടി അവനെ ഒന്നു നോക്കുകയോ തൊടുകയോ ഒക്കെ ചെയ്തു. 'സ്ക്കേറ്റിങ് ചേട്ടന്മാരുടെയോ ചേച്ചിമാരുടെയോ കുഞ്ഞനിയന്മാരും കുഞ്ഞനിയത്തിമാരും അച്ഛനുമമ്മയും ഒക്കെയല്ലാതെ വേറൊരു ടെഡിബെയറും അവിടില്ല' എന്നമ്മ അവനോടു പറഞ്ഞപ്പോഴായിരിക്കും അവൻ നീണ്ടു നിവർന്ന് ഗമയിലിരുന്നത്.

പിന്നെ സ്ക്കേറ്റിങ്ങിന് തേഡ് പൊസിഷനിലെ മെഡലു കിട്ടി കുഞ്ഞുണ്ണിച്ചേട്ടൻ കളിക്കളത്തിൽ നിന്നു വന്നപ്പോ, അവനാണ് ഇത്രയും കുട്ടികൾക്കിടയിൽ നിന്നു സമ്മാനം കിട്ടിയതെന്നമട്ടിൽ പാച്ചുവിന് നാണം വന്നു.

കുഞ്ഞുണ്ണിച്ചെട്ടൻ, കാറിലിരുന്ന് മെഡലൂരി അവന്റെ കഴുത്തിലിട്ടു കൊടുത്തിട്ട് ചോദിച്ചു, 'നീ എന്താ ഞാൻ ജയിച്ചപ്പോ ആർത്തുവിളിക്കാഞ്ഞത്!'

'ഓ, ഞാനാണല്ലോ നിന്റെ ശബ്ദം അല്ലേ?' എന്നു ചോദിച്ച് കുഞ്ഞുണ്ണി അവനെ ഉമ്മ വച്ചു. 'അയ്യേ, വിയർപ്പുമ്മ' എന്നു പറഞ്ഞ് പാച്ചു അത് തൂത്തുകളഞ്ഞു. എന്നിട്ട് കുഞ്ഞുണ്ണിക്ക് ദേഷ്യം പിടിക്കുന്നുണ്ടോ എന്ന് ഇടംകണ്ണിട്ട് പാളിനോക്കി. കുഞ്ഞുണ്ണി തളർന്നിരുന്ന് വെള്ളം കുടിക്കുന്ന തിരക്കിലായിരുന്നു.

'കുഞ്ഞുണ്ണിച്ചേട്ടന് ബർഗർ പോയ്ന്റിൽ നിന്ന് ഒരു ചിക്കൻ ബർഗർ വാങ്ങിക്കൊടുക്കമ്മേ' എന്ന് പാച്ചു സ്നേഹക്കുട്ടിയായതു കണ്ട് അമ്മ ചിരിച്ചു.

'അമ്പട കള്ളമ്മാരേ' എന്നു പറഞ്ഞ് അമ്മ, കുഞ്ഞുണ്ണിച്ചേട്ടന്റെയും പാച്ചുവിന്റെയും കവിളത്തു തൊട്ടു.

'എനിക്ക് തേൻബർഗർ മതി' എന്നു പറഞ്ഞു പാച്ചു അവന്റെ കൊഞ്ചലൊച്ചയിൽ.

'ഇവനിനി തേൻബർഗറിന് നമ്മളവിടെപ്പോവും?' എന്ന് കുഞ്ഞുണ്ണി അമ്മയുടെ ചെവിയിൽ പറഞ്ഞ് ചിരിച്ചു.

പാച്ചു, കാറിന്റെ ജനലോരത്ത്, മഞ്ഞക്കുഷനിലിരുന്ന് പൊക്കം അഡ്ജസ്റ്റ് ചെയ്ത് പുറത്തേക്ക് എത്തിപ്പൊങ്ങി നോക്കിക്കൊണ്ടിരുന്നു. കുഞ്ഞുണ്ണിച്ചേട്ടനാണെങ്കിൽ ആകെ ക്ഷീണിച്ചിരിക്കുകയാണ്, അമ്മ വണ്ടി ഓടിക്കുകയുമാണ്, ബർഗർ കടയായോ എന്ന് ഉത്തരവാദിത്തത്തോടെ നോക്കിനോക്കിയിരിക്കാൻ അവനല്ലാതെ വേറാര്!



കവിത

# തുലാവർഷം

കെ കെ പല്ലശ്ശന



വര : ആശ ആർ

ഉച്ചതിരിഞ്ഞാലിരുണ്ടുകൂടി
ഒച്ചവച്ചെത്തും തുലാവർഷം
പച്ചകെടാതെ കാത്തീടാൻ
പിച്ചവച്ചെത്തുമമൃതവർഷം

തുള്ളിക്കൊരുകുടമല്ല
തുമ്പിക്കൈവണ്ണത്തിലല്ല
അളന്നുപെയ്യും തുലാവർഷം
അറിഞ്ഞുപെയ്യും തുലാവർഷം

അന്തിക്കുവന്നീടുമെന്നാൽ
അന്നുതന്നെ മടങ്ങുന്നു
കന്നിക്കൊയ്ത്തുകഴിഞ്ഞാൽ
വന്നുപോകുന്നൂ തുലാവർഷം.

# കൊറോണ

പകൽക്കുറി വിശ്വൻ

'കൊറോണ' വന്നു പകർന്നൊരു പാഠം
കാക്കണമെന്നും കൈമുതലായ്
എല്ലാം നമ്മുടെ നന്മയ്ക്കെന്നൊരു
ചിന്ത മനസ്സിലുദിക്കേണം

അകലം കാക്കണമാരിൽ നിന്നും
മനസ്സുകൾ തമ്മിലടുക്കേണം
വ്യക്തിശുചിത്വം ശീലിക്കേണം
കൈയുകൾ പലകുറി കഴുകേണം

തമ്മിൽക്കണ്ടാൽ കൈയുകൊടുക്കും
ശീലം വേണ്ടതുവെടിയേണം
കൈയുകൾ കൂപ്പിവണങ്ങി, ഭാരത-
സംസ്കാരം കാത്തീടേണം.



മാസ്ക് ധരിക്കാൻ മടികാട്ടല്ലേ
മാരകവ്യാധി പടർത്തല്ലേ
നടവഴിതോറും തുപ്പിനടന്നൊരു
നടപടി നേടിയെടുക്കല്ലേ

നിർദ്ദേശങ്ങൾ, നിയമവ്യവസ്ഥകൾ
നമ്മുടെ നന്മയ്ക്കറിയേണം
നാടിന്നായ്, പുതുനാളേക്കായി
കർശനമായ് പാലിക്കേണം.

കരുതിയിരിക്കൂ, കൊന്നുമുടിക്കാൻ
കൊറോണയെത്തി ചാരത്ത്
കരുത്തു നേടൂ, ചെറുത്തകറ്റാൻ
കൊറോണയെ – അതിദൂരത്ത്.





വര: സുജിത് പി വി

# കൊക്കരേ കൊക്കരേ

സുരേന്ദ്രൻ കാടങ്കോട്

കൊക്കരേ കൊക്കരേ കോഴിക്കുഞ്ഞേ
അക്കരെ അക്കരെ പോയിടാൻ വാ,
പൂവുണ്ട്, പൂന്തേനരുവിയുണ്ടേ
പാടീടാൻ കൂട്ടുകാരേറെയുണ്ടേ.

പ്രാവും പരുന്തും പറക്കയല്ലേ
പൂച്ചയും കാക്കയും നോക്കുകല്ലേ
പാത്തും പതുങ്ങി കുറുക്കനുണ്ടേ
പാടില്ല പാടില്ലിറങ്ങീടുവാൻ.

കൊക്കരേ കൊക്കരേ കോഴിക്കുഞ്ഞേ
ചിക്കിച്ചികഞ്ഞീടാൻ പോകുന്നില്ലേ
അമ്മയെ കണ്ടു പഠിക്കവേണ്ടേ
കാര്യങ്ങളൊക്കെ അറിഞ്ഞീടേണ്ടേ?

കുഞ്ഞിക്കാലയ്യോ മുറിഞ്ഞീടില്ലേ
കുഞ്ഞനുറുമ്പുകൾ കുത്തുകില്ലേ
അത്രയും കഷ്ടപ്പാടെന്തിനാണേ
അമ്മയെനിക്കിര കൊണ്ടുവരും.

കൊക്കരേ കൊക്കരേ കോഴിക്കുഞ്ഞേ
കൂട്ടിൽനിന്നൊന്നിങ്ങിറങ്ങി വായോ
ഇക്കണ്ട കാഴ്ചകൾ കണ്ടീടണ്ടേ
കൂട്ടുകാർക്കൊപ്പം രസിക്കവേണ്ടേ?

പൊള്ളും വെയിലിൽ കളിച്ചീടുകിൽ
കുഞ്ഞിത്തൂവൽ നിറം മായുകില്ലേ
ചാറ്റൽ മഴയെങ്ങാൻ വന്നീടുകിൽ
പനി വന്നു ഞാൻ ചത്തു പോവുകില്ലേ

കൊക്കരേ കൊക്കരേ കോഴിക്കുഞ്ഞേ
ഇങ്ങനെയാകുകിൽ എന്തുകാര്യം
നാളത്തെ കോഴിയായി മാറീടേണ്ടേ
ജീവിതപാഠം പഠിച്ചീടേണ്ടേ?



വര: സുജിത് പി വി

33

# ഓൺലൈൻ പഠനം ആരോഗ്യകരമാക്കാം

ഡോ. ബി പത്മകുമാർ

കോവിഡ് നമ്മുടെ ജീവിതക്രമത്തെ ആകെ മാറ്റിമറിച്ചിരിക്കുകയാണ്. വിലക്കുകളും നിയന്ത്രണങ്ങളും ഏറെയുള്ള കാലം. കൂട്ടുകാരുടെ പഠനത്തെയും പരീക്ഷയെയുമൊക്കെ കോവിഡ് ഒരുപരിധിവരെ ബാധിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്നതും അനിശ്ചിതമായി നീളുകയാണ്.

എന്നാൽ ഇതൊക്കെ താത്കാലികമായ ഒരു പ്രതിഭാസം മാത്രമാണെന്ന് മനസ്സിലാക്കണം. നമ്മളിപ്പോൾ ഇരുളടഞ്ഞ ഒരു തുരങ്കത്തിലൂടെയുള്ള യാത്രയിലാണ്. തുരങ്കത്തിനവസാനം ഒരു വലിയ പ്രകാശഗോപുരം നമ്മെ കാത്തുനിൽക്കുന്നുണ്ട്. ക്ഷമയോടെ ,കരുതലോടെ നമുക്കീയാത്ര തുടരണം. സമീപഭാവിയിൽത്തന്നെ വാക്സിനോ കൊറോണയ്ക്കെതിരായ മരുന്നോ കണ്ടെത്തിയെന്നുവരാം. അതോടെ കോവിഡ് ഒരു പഴങ്കഥയായി മാറുകയും ചെയ്യും.



Credit : Deccan Herald

## ഓൺലൈൻ പഠനവും കണ്ണിന്റെ ആരോഗ്യവും

കൂട്ടുകാരുടെ പഠനം ഇപ്പോൾ പൂർണമായും ഓൺലൈനിലാണല്ലോ. കൂടുതൽ നേരം ടി വി സ്ക്രീനിലും കമ്പ്യൂട്ടറിലും ലാപ്ടോപ്പിലുമൊക്കെ നോക്കിയിരിക്കുമ്പോൾ കണ്ണിന്റെ സ്ട്രെയിൻ കൂടാൻ സാധ്യതയുണ്ട്. സ്ക്രീനിൽ നിന്നും പുറപ്പെടുന്ന അമിതപ്രകാശം തലവേദന ഉണ്ടാക്കിയെന്നുവരാം. കണ്ണിന്റെ സ്ട്രെയിൻ കുറയ്ക്കാനായി ടി വി യും കമ്പ്യൂട്ടറുമൊക്കെ ഒരു കൈ അകലത്തിൽ വയ്ക്കുന്നതാണ് നല്ലത്. സ്ക്രീനിനോട് ചേർന്ന് ഇരിക്കരുത് എന്നു ചുരുക്കം. രാത്രിയിലും മറ്റും എല്ലാ ലൈറ്റുകളും അണച്ച് സ്ക്രീനിൽ നോക്കിയിരിക്കുന്നതും നല്ലതല്ല. മുറിയിൽ ചെറിയ പ്രകാശമുള്ള ഒരു ലൈറ്റ് ഉണ്ടായിരിക്കുന്നതാണ് നല്ലത്. മുറിയിലെ വെളിച്ചത്തിന്റെ ലഭ്യതയനുസരിച്ച് കമ്പ്യൂട്ടർ സ്ക്രീനിന്റെ ബ്രൈറ്റ്നസ് കണ്ണിനു സുഖകരമായ രീതിയിൽ ക്രമീകരിക്കണം.

ഇനി കണ്ണിന്റെ സ്ട്രെയിൻ കുറയ്ക്കാനുള്ള 20-20-20 റൂൾ എന്താണെന്നറിയാം. 20 മിനിട്ട് സ്ക്രീനിൽ നോക്കിയിരുന്നാൽ 20 സെക്കന്റ് നേരത്തേക്ക് 20 ഫീറ്റ് അകലെയുള്ള വസ്തുവിലേക്ക് നോക്കുന്നത് കണ്ണിനു



സുഖം നൽകും. പച്ചനിറമുള്ള ചെടികളിലേക്കു നോക്കുന്നത് നല്ലതാണ്.

## ചെവിക്കും വേണം സംരക്ഷണം


ചെവിയിൽ ഇയർഫോൺ തിരുകിവച്ചായിരിക്കുമല്ലോ പലരും ഓൺലൈൻ ക്ലാസു കളിൽ പങ്കെടുക്കുന്നത്. ഇയർ ഫോണിന്റെ ശബ്ദം ചെവിക്ക് അസ്വസ്ഥതയുണ്ടാക്കാത്ത തരത്തിൽ ക്രമീകരിക്കണം. ഒരേ സമയം രണ്ടു ചെവി യിലും ഇയർഫോൺ ഉപയോഗി ക്കാതെ ഓരോ ചെവിയിലായി മാറി മാറി ഉപയോഗിക്കുന്നതാണ് നല്ലത്. ഒരുദിവസം ഒരു മണിക്കൂ റിൽ കൂടുതൽ ഇയർ ഫോൺ ഉപയോഗിക്കരുത്. കൂടുതൽ സമയം ഉപയോഗിക്കേണ്ടി വരികയാണെങ്കിൽ കമ്പ്യൂട്ടർ സ്പീക്കർ ഉപയോഗിക്കുന്ന താണ് നല്ലത്. അതുപോലെ തന്നെ ഓൺലൈൻ ക്ലാസ് കഴിഞ്ഞ് ഇയർ ഫോണും ചെവി യിൽ തിരുകിവച്ച് മണിക്കൂറു കളോളം പാട്ടും സിനിമയും ആസ്വദിക്കുന്ന ശീലവും വേണ്ട.

ഫിസിക്കൽ ഫിറ്റ്നസ്സ് ഉറപ്പാക്കണം. മണിക്കൂറുകളോളം ടി വിയുടെയും കമ്പ്യൂട്ടറിന്റെ യുമൊക്കെ മുമ്പിൽ ചടഞ്ഞി രുന്ന് ഓൺലൈൻ ക്ലാസുകൾ അറ്റൻഡ് ചെയ്യുമ്പോൾ ഫിസി ക്കൽ ഫിറ്റ്നസ് നഷ്ടപ്പെടരുത്. തടി കൂടരുത് എന്ന് ചുരുക്കം. നേരത്തെ സ്കൂൾ ഗ്രൗണ്ടിലും പറമ്പിലുമൊക്കെ ഓടിക്കളിച്ചു നടന്നവരല്ലേ നിങ്ങൾ. ദിവസവും ഒരു മണിക്കൂർ പുറത്തിറങ്ങി കളിക്കാനും ഓടാനും ചാടാ നുമൊക്കെ മാറ്റിവയ്ക്കണം. വീട്ടിൽ സ്ഥലമുള്ളവർക്ക് വീട്ടിൽത്തന്നെ ഓടിക്കളിക്കാം. പടികൾ കയറിയിറങ്ങാം. ടെറസ്സ് സുരക്ഷിതമാണെങ്കിൽ ടെറ സ്സിൽ കളിക്കാം. രാവിലെ അല്പ നേരം വെയിൽ കൊള്ളാനും ശ്രദ്ധിക്കണം. ശരീരത്തിനാവ ശ്യമായ ജീവികം ഡി നമുക്ക് സൂര്യപ്രകാശത്തിൽ നിന്നും ലഭിക്കും. തടികൂടാതെയിരി ക്കാൻ ഭക്ഷണവും ശ്രദ്ധിക്കണം. എണ്ണപ്പലഹാരങ്ങളും വറപൊരി സാധനങ്ങളും ഒഴിവാക്കണം. അമ്മ വീട്ടിലുണ്ടാക്കിത്തരുന്ന ആവിയിൽ പുഴുങ്ങിയ പലഹാര ങ്ങളും പഴങ്ങളുമൊക്കെ ഇഷ്ടം പോലെ കഴിക്കണം.



Credit : Times of India

**ദിവസവും ഒരുമണിക്കൂറെങ്കിലും പുസ്തകവായനയ്ക്കായി മാറ്റിവയ്ക്കണം. ഏകാഗ്രത വർധിപ്പിക്കാനും ഓർമശക്തി മെച്ചപ്പെടുത്താനും വായന ഉപകരിക്കും. പഠിക്കുന്ന പുസ്ത കങ്ങൾ കൂടാതെ കഥകൾ, കവിതകൾ, യാത്രാവിവരണം, ജീവചരിത്രങ്ങൾ എന്നിവയും വായിക്കണം.**




## വായന മറക്കരുത്

ഓൺലൈൻ പഠനം തുടരട്ടെ. എന്നാൽ പുസ്തകവായന മറക്കരുത്. ദിവസവും ഒരു മണിക്കൂറെങ്കിലും പുസ്തക വായനയ്ക്കായി മാറ്റിവയ്ക്കണം. ഏകാഗ്രത വർധിപ്പിക്കാനും ഓർമശക്തി മെച്ചപ്പെടുത്താനും വായന ഉപകരിക്കും. പഠിക്കുന്ന പുസ്തകങ്ങൾ കൂടാതെ കഥ കൾ, കവിതകൾ, യാത്രാവിവ രണം, ജീവചരിത്രങ്ങൾ എന്നി വയും വായിക്കണം.

കാഴ്ചകൾ, കൗതുകങ്ങൾ

# മിഠായിത്തെരുവ്

വിജയൻ കോതമ്പത്ത്

**കലാകാരന്മാരുടേയും കഥാകാരന്മാരുടേയും നഗരമാണ് കോഴിക്കോട്. ഇവിടെയാണ് സഞ്ജ്ജയനും പൊറ്റക്കാടും ഉറൂബും ബേപ്പൂർസുൽത്താനും തിക്കോടിയനും കുട്ടികൃഷ്ണമാരാരും എൻ വി കൃഷ്ണവാര്യരും കെ ടി മുഹമ്മദും എൻ എൻ കക്കാടുമെല്ലാം അരങ്ങ് തകർത്താടിയത്. കോഴിക്കോടിന്റെ പൈതൃകങ്ങളിലൂടെയുള്ള യാത്ര...**



കോഴിക്കോടിന്റെ ഹൃദയവികാരമാണ് മിഠായിത്തെരുവ്. മിഠായിത്തെരുവിന്റെ വടക്കേയറ്റത്ത് എസ് കെ പൊറ്റക്കാടിന്റെ ഒരു ശിലാപ്രതിമയുണ്ട്. അദ്ദേഹം മിഠായിത്തെരുവിലേക്ക് തന്നെ നോക്കിനിൽക്കുകയാണെന്ന് തോന്നിപ്പോകും ആ മനോഹര ശില്പം കണ്ടാൽ. മിഠായിത്തെരുവിന്റെ ഈ കഥാകാരന് ഉചിതമായൊരു സ്മാരകമാണ് ഇവിടെ പണിതിട്ടുള്ളത്.

പൊറ്റക്കാടിന്റെ ശിലാപ്രതിമയ്ക്കു വടക്കുഭാഗത്താണ് മാനാഞ്ചിറ മൈതാനം. അതിന്റേയും കുറച്ചുകൂടി വടക്കുഭാഗത്ത് ബാങ്ക് റോഡ് ജംഗ്ഷനിൽ, ഇത് ഭൂമിയാണെന്ന് ഉദ്ഘോഷിച്ച കെ ടി മുഹമ്മദിന്റെ ഒരു വൻപ്രതിമയുമുണ്ട്.

പൊറ്റക്കാടിന്റെ 'ഒരു തെരുവിന്റെ കഥ' എന്ന നോവലിന്റെ പ്രധാന പശ്ചാത്തലമാണ് മിഠായിത്തെരുവ്. ഒരു ലോകോത്തര സഞ്ചാരി കൂടിയായിരുന്നല്ലോ പൊറ്റക്കാട്.

കേരളത്തിന്റെ സഞ്ചാരസാഹിത്യത്തെ അദ്ദേഹത്തോളം പുഷ്ടിപ്പെടുത്തിയ മറ്റൊരാളില്ല. ലോകത്ത് എവിടെ പോയാലും വീണ്ടും കേരളത്തിലേക്ക് തിരിച്ചുവരാൻ അദ്ദേഹത്തെ പ്രലോഭിപ്പിച്ചത് കോഴിക്കോടും മധുരപലഹാരങ്ങളുടെ ഈ തെരുവുമായിരുന്നു. അദ്ദേഹത്തിന്റെ തന്നെ ജ്ഞാനപീഠ പുരസ്കാരം ലഭിച്ച മറ്റൊരു നോവലാണ് 'ഒരു ദേശത്തിന്റെ കഥ'. മിഠായിത്തെരുവിന് തെക്ക്, റെയിൽവേ സ്റ്റേഷനു പടിഞ്ഞാറ് ഭാഗത്തുള്ള അതിരാണിപ്പാടത്തിന്റെ കഥയാണത്.

അതിരാണിപ്പാടത്തിനും തെക്കാണ് എണ്ണപ്പാടം. എൻ പി മുഹമ്മദിന്റെ പ്രശസ്തമായ നോവൽ 'എണ്ണപ്പാടം', ആ ദേശത്തിന്റെ കഥയാണ്.

കലാകാരന്മാരുടേയും കഥാകാരന്മാരുടേയും നഗരമാണ് കോഴിക്കോട്. ഇവിടെയാണ് സഞ്ജയനും പൊറ്റക്കാടും ഉറൂബും ബേപ്പൂർസുൽത്താനും തിക്കോടിയനും കുട്ടികൃഷ്ണമാരാരും എൻ വി കൃഷ്ണവാര്യരും കെ ടി മുഹമ്മദും എൻ എൻ കക്കാടുമെല്ലാം അരങ്ങ് തകർത്താടിയത്. ജ്ഞാനപീഠ ജേതാവ് എം ടി വാസുദേവൻനായരും പ്രശസ്ത സാഹിത്യകാരൻ യു എ ഖാദറുമൊക്കെ ഇപ്പോഴും കോഴിക്കോടിന്റെ സാംസ്കാരിക വളർച്ചയ്ക്കൊപ്പം നടക്കുന്നവരാണ്. അവരോടൊപ്പം എൻ പി മുഹമ്മദും പി വത്സലയും പട്ടത്തുവിള കരുണാകരനും കെ ഐ കൊടുങ്ങല്ലൂരും നിലമ്പൂർ ബാലനും പി എം താജും തുടങ്ങിയ മറ്റനേകം എഴുത്തുകാരും കലാസ്വാദകരും സിനിമാ-നാടക നടന്മാരും സംവിധായകരും അണിനിരന്നു.

ബാബുരാജിനേയും കോഴിക്കോട് അബ്ദുൾഖാദറിനേയും പോലെയുള്ള മഹാഗായകരും ഒളിമ്പ്യൻ റഹ്മാനെപ്പോലുള്ള പ്രശസ്ത ഫുട്ബോളർമാരും പേരുകേട്ട വോളിബാൾ താരങ്ങളും കോഴിക്കോടിനെ സമ്പന്നമാക്കി. ഐ വി ശശി, കുതിരവട്ടം പപ്പു, ശാന്താദേവി, നെല്ലിക്കോട് ഭാസ്കരൻ, കുഞ്ഞാണ്ടി, വിക്രമൻ നായർ, സുരാസു, മാമുക്കോയ തുടങ്ങിയ സിനിമാ-നാടക നടന്മാരേയും പ്രത്യേകം ഓർക്കേണ്ടതുണ്ട്.

സാമൂതിരി രാജാവിന്റെ ആസ്ഥാനമായിരുന്നല്ലോ കോഴിക്കോട്. യൂറോപ്പിൽ നിന്നും ഇന്ത്യയിലേക്ക് കടൽമാർഗം ഒരു വഴി കണ്ടെത്തിയ പോർച്ചുഗീസ് നാവികൻ വാസ്കോ ഡ ഗാമയെ കോഴിക്കോട് സ്വീകരിച്ചത് മാനവിക്രമൻ സാമൂതിരി രാജയായിരുന്നു. സാമൂതിരി രാജാവിന്റെ കൊട്ടാരം നിന്ന സ്ഥലമാണ് കോട്ടപ്പറമ്പ്.

അവിടെയിപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി സർക്കാർ സ്ഥാപിച്ച ഒരു ആശുപത്രിയാണ് പ്രവർത്തിക്കുന്നത്. കോട്ടപ്പറമ്പിന്റെ പടിഞ്ഞാറേ അതിരാണ് ഈ മിഠായിത്തെരുവ്. ഹുസൂർ റോഡ് എന്നായിരുന്നു മിഠായിത്തെരുവിന്റെ ആദ്യ നാമധേയം. ബ്രിട്ടീഷുകാർ അതിനെ എസ് എം സ്ട്രീറ്റ് എന്നു വിളിച്ചു. എസ് എം സ്ട്രീറ്റ് എന്നാൽ Sweet Meat Street. ഹൽവയുടെ ഇംഗ്ലീഷിലുള്ള പേരാണ് സ്വീറ്റ് മീറ്റ്.

സാമൂതിരി രാജാവിന്റെ കമ്മട്ടം (നാണയമടിക്കാനുള്ള ശാല) പ്രവർത്തിച്ചിരുന്നത് ഈ തെരുവിന്റെ ഒരു ഭാഗത്തായിരുന്നത്രെ.

വടക്ക് മാനാഞ്ചിറ മൈതാനം മുതൽ തെക്ക് പാളയം റോഡ് വരെ



ഒരു കിലോ മീറ്ററിലധികം ദൂരത്തിൽ നീണ്ടുകിടക്കുന്ന വീതി കുറഞ്ഞ ഒരു പാതയാണ് മിഠായിത്തെരുവ്. പാതയിൽ ഭംഗിയുള്ള കരിങ്കൽ പാളികൾ നിരത്തിയും മുകളിൽ ദീപങ്ങൾ വിതാനിച്ചും കോഴിക്കോടിന്റെ ഈ പൈതൃകത്തെരുവിനെ ഇപ്പോൾ കൂടുതൽ മനോഹരമാക്കിയിട്ടുണ്ട്. പൊറ്റക്കാടിന്റെ പ്രതിമയ്ക്കു സമീപം വിശ്രമിക്കാനുള്ള ഇരിപ്പിടങ്ങളുണ്ട്. ഒരു തെരുവിന്റെ കഥയിലെ കഥാപാത്രങ്ങളേയും അതിലെ പ്രധാന സംഭവങ്ങളേയും മനോഹരമായി ചിത്രീകരിച്ച ചുമർ ചിത്രങ്ങളും സമീപത്ത് കാണാം. ഗുരുവായൂർ ചുമർ ചിത്രകലാ വിദ്യാലയത്തിന്റെ പ്രിൻസിപ്പൽ കെ യു കൃഷ്ണകുമാറാണ് ആ മനോഹരമായ ചിത്രീകരണങ്ങൾ ചെയ്തിട്ടുള്ളത്.

സാമൂതിരി രാജാവ് ക്ഷണിച്ചുകൊണ്ടു വന്ന ഗുജറാത്തി കച്ചവടക്കാരായിരുന്നു മിഠായിത്തെരുവിലെ ആദ്യകാല വ്യാപാരികൾ. അവർ മധുരമൂറുന്ന ഹൽവയും മറ്റനേകം പലഹാരങ്ങളും ഉണ്ടാക്കി വിറ്റ് ആ തെരുവിനെ പേരുകേട്ട ഇന്നത്തെ മിഠായിത്തെരുവാക്കി മാറ്റി. കോഴിക്കോടൻ ഹൽവ കടൽ കടന്നും പ്രശസ്തമായി. മഞ്ഞ, ചുവപ്പ്, പച്ച, കറുപ്പ്, ബ്രൗൺ, വെള്ള നിറങ്ങളിൽ മിഠായിത്തെരുവിലെ കച്ചവടക്കാർ വിവിധ തരത്തിലുള്ള ഹൽവകൾ നിർമ്മിച്ചു. നാളികേരം, കാരറ്റ്, പൈനാപ്പിൾ, ബദാം, ഓറഞ്ച് എന്നിവ ചേർത്തും പുതുമയുള്ള ഹൽവയുണ്ടാക്കി. കൊതിമൂത്ത ആളുകൾ ഹൽവയെ സ്നേഹപൂർവം അലുവ എന്നു വിളിച്ചു. മിഠായിത്തെരുവ് അലുവാത്തെരുവായി. കോഴിക്കോട് വന്നാൽ കുറച്ച് അലുവ വാങ്ങാതെ ആരും തിരിച്ചു പോകില്ലെന്നായി. സ്വർണ വർണത്തിലുള്ള കോഴിക്കോടൻ ചിപ്സ് എന്ന നേന്ത്രക്കായ വറുത്തതും ഈത്തപ്പഴവും ആളുകൾക്ക് അതോടൊപ്പം ഏറെ ഇഷ്ടമായി.

ഹൽവ എന്ന പദത്തിന്റെ ഉല്പത്തി മധുരമുള്ളത് എന്ന അർത്ഥം വരുന്ന ഹെൽവ് എന്ന അറബി വാക്കിൽ നിന്നാണെന്നാണ് കരുതുന്നത്. മിക്ക ഏഷ്യൻ രാജ്യങ്ങളിലും ചില യൂറോപ്യൻ രാജ്യങ്ങളിലും ഹൽവ പ്രചാരത്തിലുണ്ട്. നാവിലിട്ടാൽ അലിഞ്ഞലിഞ്ഞു പോകുന്ന മധുരമൂറുന്ന ഹൽവ കുട്ടികളുടെ പ്രിയപ്പെട്ട മധുരപലഹാരമാണ്. ഗോതമ്പ് ഉല്പന്നങ്ങളായ മൈദ, സൂചി എന്നിവ കൊണ്ടാണ് ഹൽവ ഉണ്ടാക്കുന്നത്.

അരിമാവുകൊണ്ടും ഹൽവ ഉണ്ടാക്കുന്നവരുണ്ട്. നെയ്യ്, സസ്യ എണ്ണകൾ, പഞ്ചസാര, തേൻ, വെണ്ണ, വിവിധയിനം അണ്ടിപ്പരിപ്പുകൾ, എന്നിവയാണ് ഹൽവയിലെ മറ്റു ഘടകങ്ങൾ.

കോഴിക്കോടൻ ഹൽവയെപ്പോലെത്തന്നെ പ്രശസ്തമാണ് കോഴിക്കോടൻ ബിരിയാണിയും. ബിരിയാണിയും അതിനുശേഷം കുടിക്കുന്ന കട്ടൻചായ അഥവാ സുലൈമാനിയും കോഴിക്കോട്ടുകാർക്ക് ഒഴിച്ചുകൂടാനാവാത്ത ഇഷ്ടങ്ങളാണ്. കോഴിക്കോട്ടെ കല്ലുമ്മക്കായ വിഭവങ്ങളും അതി വിശിഷ്ടങ്ങളാണ്.

ബിരിയാണിക്ക് പേരുകേട്ട അനവധി ഹോട്ടലുകൾ മിഠായിത്തെരുവിലുണ്ട്. അവയിൽ ചിലത് നേരത്തേ പറഞ്ഞ പല സാഹിത്യകാരന്മാരുടേയും ഇഷ്ടതാവളങ്ങൾ കൂടി ആയിരുന്നു.

പൊടിപാറിയ സാഹിത്യ ചർച്ചകളുടെ വേദികളായിരുന്ന റസ്റ്റോറന്റുകൾ ഇപ്പോഴും മിഠായിത്തെരുവിൽ, പഴയ പ്രതാപത്തോടെയല്ലെങ്കിലും പ്രവർത്തിക്കുന്നുണ്ട്.

മിഠായി കച്ചവടക്കാർക്കല്ല





**മതസൗഹാർദ്ദത്തിന്റെ കൊടിക്കൂറ വളരെ ഉയരത്തിൽ പാറുന്നുണ്ട് മധുരങ്ങളുടെ ഈ തെരുവിൽ. ഈ നിരത്തുകളിലൂടെ വരുന്ന ജനസഹസ്രങ്ങളെ ഉൾക്കൊള്ളാൻ മിഠായിത്തെരുവിന് പലപ്പോഴുംകഴിയാറില്ല. അവധിദിവസങ്ങളിൽ മിഠായിത്തെരുവിലൂടെ നടക്കാൻ പോലുംപറ്റാത്തവിധത്തിൽ ജനത്തിരക്കുണ്ടാവും.**





ഇപ്പോൾ മിഠായിത്തെരുവിൽ ആധിപത്യം; തുണിക്കടകൾക്കും വഴിവാണിഭക്കാർക്കുമാണ്. കര – കൗശല വസ്തുക്കളുടെ കമനീയ ശേഖരമുള്ള ഒരു വലിയ ഖാദി സ്റ്റോർ, സിനിമാ തിയേറ്റർ, ഹോട്ടലുകൾ, ബേക്കറികൾ, പുസ്തകശാലകൾ, സ്റ്റുഡിയോകൾ, കാപ്പിപ്പൊടി വില്പന ശാലകൾ, ബാങ്കുകൾ, ഗ്രന്ഥശാല എന്നിവയെല്ലാം കൊണ്ട് ശ്വാസം മുട്ടുന്ന ഇടമാണ് മിഠായിത്തെരുവ്. കൂടാതെ ലിവാ-ഉൽ-ഇസ്ലാം ജുമാ മസ്ജിദ്, ദുർഗാ ഭഗവതി ക്ഷേത്രം, ഹനുമാൻ മഠം, പാഴ്സി മതക്കാരുടെ ഒരു പുരാതന ശ്മശാനം, പ്രാർത്ഥനാലയം എന്നിവയും ഈ തെരുവിന്റെ ഭാഗങ്ങളാണ്.

മതസൗഹാർദ്ദത്തിന്റെ കൊടിക്കൂറ വളരെ ഉയരത്തിൽ പാറുന്നുണ്ട് മധുരങ്ങളുടെ ഈ തെരുവിൽ. മിഠായിത്തെരുവ് മാനാഞ്ചിറ മൈതാനം റോഡുമായി സന്ധിക്കുന്ന ഇടം മുമ്പ് കിഡ്സൺ കോർണർ എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. ആ മൂല പ്രതിഷേധ പ്രകടനക്കാരുടെ ഒരു സ്ഥിരം കേന്ദ്രം കൂടിയായിരുന്നു. മാനാഞ്ചിറ മൈതാനത്തെ ചുറ്റി വരുന്ന റോഡ്, പി എം താജ് റോഡ്, കോർട്ട് റോഡ്, മൊയ്തീൻ പള്ളി റോഡ്, പാളയം റോഡ് എന്നിവ മിഠായിത്തെരുവുമായി സന്ധിക്കുന്നു. ഈ നിരത്തുകളിലൂടെ വരുന്ന ജനസഹസ്രങ്ങളെ ഉൾക്കൊള്ളാൻ മിഠായിത്തെരുവിന് പലപ്പോഴുംകഴിയാറില്ല. അവധിദിവസങ്ങളിൽ മിഠായിത്തെരുവിലൂടെ നടക്കാൻ പോലും പറ്റാത്ത വിധത്തിൽ ജനത്തിരക്കുണ്ടാവും. വെറും കൗതുകത്തിന് വരുന്നവരും വിൽക്കാനും വാങ്ങാനുമുള്ളവരെക്കൊണ്ടും തെരുവ് നിറയും.

നേരം സന്ധ്യയാവാറായിരുന്നു. പതിവു പോലെ മൂന്നാല് തവണ മിഠായിത്തെരുവിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഞാൻ നടന്നു. വെറുതെ നടക്കുന്നതാണ്. കോഴിക്കോട് വന്നാലുള്ള ഒരു ശീലമാണത്. പൊറ്റക്കാടിന്റെ ശില്പത്തിനരികിലുള്ള ഇരിപ്പിടങ്ങളിലൊന്നിൽ പിന്നെ വിശ്രമിക്കാനിരുന്നു. തെരുവിൽ നല്ല ജനത്തിരക്ക്. അവർക്കിടയിലൂടെ 'ഒരു തെരുവിന്റെ കഥ' യിലെ കഥാപാത്രങ്ങളായ ലാസർ എന്ന ഓമഞ്ചി, രാധ, പേപ്പർ കുറുപ്പ്, കേളു മാഷ്ടർ, കൂനൻ കണാരൻ, ഇറച്ചിക്കണ്ടം മൊയ്തീൻ, നൊണ്ടിപ്പറങ്ങോടൻ, അപ്പു നായർ, മാലതി, മുരുകൻ, റിക്ഷാക്കാരൻ ചന്തു, അന്ത്രു, സുധാകരൻ മുതലാളി എന്നിവരും ഉലാത്തുന്നുണ്ടെന്നു തോന്നി.




Credit : Sai K shanmugam

ഒരു തെരുവിന്റെ കഥയുടെ ആമുഖത്തിൽ പൊറ്റക്കാട് ഇങ്ങനെ കുറിച്ചുവച്ചിട്ടുണ്ട്:

‘‘ഇതിലെ കഥാപാത്രങ്ങളെല്ലാം രക്തവും മാംസവുമുള്ള മനുഷ്യജീവികളായിരുന്നു. ഇവരിലാരും ഇന്ന് നമ്മുടെയിടയിലില്ല. മനുഷ്യജീവിതമാകുന്ന മഹാനാടകത്തിൽ ഇവരിലോരോരുത്തരും തങ്ങളുടേതായ പങ്കു നിർവ്വഹിച്ച്, സ്വന്തമായ ജീവിതാഭിനയം പിന്തുടർന്ന് സമുദായത്തിന്റെ ബാഹ്യമണ്ഡലത്തിൽ തങ്ങളുടേതായ ലഘുപ്രകാശമോ വികൃതച്ഛായയോ വീഴ്ത്തി അന്തർദ്ധാനം ചെയ്തു! ചരിത്രകാരൻ മിനക്കെട്ടിരുന്ന് എഴുതുന്ന ഏടുകളിൽ ഇവരുടെ പേരുകൾ ഒന്നുപോലും കാണുകയില്ല. ശവക്കുഴിയിൽ, പട്ടടയിൽ, വെറും മണ്ണിൽ ഇവർ മറഞ്ഞുപോയി!- എന്നെന്നേക്കുമായി!- പക്ഷേ, ഇവരുടെ ചെത്തവും ചൂരുമേറ്റ തെരുവ് ചിരിച്ചുകൊണ്ട് ഇന്നും നിലകൊള്ളുന്നു-പുതിയ കോലങ്ങൾ ഇവിടെ കെട്ടിയാടുന്നു. പുതിയ കാല്പാടുകൾ പഴയ കാല്പാടുകളെ മായ്ക്കുന്നു. ആ കഥകൾ അങ്ങനെ നൂറ്റാണ്ടുകളായി തുടർന്നു പോകുന്നു...’’




മിഠായിത്തെരുവിന്റെ മഹാനായ ആ കഥാകാരന് പ്രണാമം അർപ്പിച്ചുകൊണ്ട്, ആ തെരുവിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത മറ്റൊരു കഥാപാത്രത്തെപ്പോലെ ആൾക്കൂട്ടത്തിൽ ഞാൻ അലിഞ്ഞുചേർന്നു.

# സ്കൂൾ ഡെയ്സ്

രാജീവ് എൻ ടി





# പറക്കാത്ത പക്ഷി

**റഫീഖ് പുതുപൊന്നാനി**





പറക്കാത്ത പക്ഷിയോ? ഇപ്പോൾ ചിലരുടെയെങ്കിലും മനസ്സിൽ കിവി എന്ന പക്ഷിയെ ഓർമ വന്നിട്ടുണ്ടാകും അല്ലേ? അതെ, പറക്കാൻ കഴിവില്ലാത്ത പക്ഷിയാണ് കിവി.

ന്യൂസിലാന്റിൽ കണ്ടുവരുന്ന ഒരു വലിയ പക്ഷി. ന്യൂസിലാന്റിന്റെ ദേശീയ പക്ഷിയും ദേശീയ ചിഹ്നവും കിവിയാണ്. ന്യൂസിലാന്റുകാരെ കിവീസ് എന്ന് വിശേഷിപ്പിക്കുന്നത് കേട്ടിട്ടില്ലേ കൂട്ടുകാർ?

കിവി എന്ന പേരിൽ ഒരു പഴവുമുണ്ട്. അതിന്റെ ജന്മദേശവും ന്യൂസിലാന്റ് തന്നെ.

ആൺ പക്ഷികൾ ഉണ്ടാക്കുന്ന ശബ്ദത്തിൽ നിന്നാണ് കിവികൾക്ക് ആ പേരുണ്ടായത്. ആൺപക്ഷികൾ 'കിവി' എന്ന ശബ്ദം ഉണ്ടാക്കുമ്പോൾ 'കുർ കുർ' ശബ്ദക്കാരാണ് പെൺപക്ഷികൾ. എന്നാൽ ആൺ പക്ഷികളും പെൺപക്ഷികളും കാഴ്ചയിൽ കാര്യമായ വ്യത്യാസമില്ല. വലിപ്പത്തിൽ പെൺ കിവികളാണ് മുന്നിൽ.

അര മീറ്ററോളം പൊക്കം വരുന്ന ഇവയ്ക്ക് മൂന്നോ നാലോ കിലോ തൂക്കമുണ്ടാകും. ഒരു വലിയ കോഴിയുടെ വലിപ്പത്തിലുള്ള ഇവയുടെശരീരം മൃദുവായ തൂവലുകളാൽ ആവൃതമാണ്. തൂവലുകൾ രോമം പോലെ തോന്നും. വാൽ തീരെയില്ല. ശരീരം വലുത്, കഴുത്തും തലയും ചെറുത്. നീണ്ടു മെലിഞ്ഞ കൊക്കും. കൗതുകം പരത്തുന്നതാണ് കിവിയുടെ ശരീരപ്രകൃതി. കിവിയുടെ ചുണ്ടിനു താഴെയുള്ള തൂവൽ രോമങ്ങൾ സ്പർശനാവയവങ്ങളായി പ്രവർത്തിക്കുന്നു.


കിവി പക്ഷികൾ രാത്രിയിലാണ് ഇരതേടുക. കൊക്കിനറ്റത്താണ് മൂക്ക്. ചെറിയ പ്രാണികളെ പിടിക്കാൻ കഴിയുന്ന കൂർത്ത കൊക്കിന്റെ അറ്റത്താണ് നാസാദ്വാരങ്ങൾ. മണം പിടിച്ചാണ് ഇരയെ കണ്ടെത്തുക. മണ്ണിൽ പൂഴ്ന്ന് കിടക്കുന്നവ പോലും കണ്ടെടുക്കാൻ ഇവർ വിദഗ്ദ്ധരാണ്. പുഴുക്കൾ, പ്രാണികൾ, ചെറുപഴങ്ങൾ എന്നിവയാണ് ഭക്ഷണം.

പ്രജനനകാലത്ത് മാത്രമേ കിവികൾ ഇണകളായി സഞ്ചരിക്കാറുള്ളു. ഒന്നോ രണ്ടോ മുട്ടകളിടും. സ്വന്തം ശരീരത്തിന്റെ നാലിലൊന്ന് വലിപ്പമുള്ള മുട്ടയിടുന്ന ഇവയ്ക്ക് സ്വന്തം ശരീരത്തെ അപേക്ഷിച്ച് ഏറ്റവും വലിയ മുട്ടയിടുന്ന പക്ഷിയെന്ന ഖ്യാതിയുമുണ്ട്.

ആൺപക്ഷിയാണ് അടയിരിക്കുക. ഒന്നര മാസം മുതൽ മൂന്നു മാസം വരെയാണ് അടയിരിപ്പ് കാലം. ശരാശരി 80 ദിവസം. തൂവൽക്കുപ്പായത്തോടെയാണ് കിവിക്കുഞ്ഞുങ്ങൾ വിരിഞ്ഞിറങ്ങുക. ഒരാഴ്ചയ്ക്കുള്ളിൽ തന്നെ സ്വയം ഇരതേടാൻ തുടങ്ങും. പർവ്വതങ്ങളിലും പ്രാന്ത പ്രദേശങ്ങളിലുമാണ് ഇവയുടെ താമസം.

# എങ്ങനെ വീതിക്കും?

**പള്ളിയറ ശ്രീധരൻ**



ഒരു വൃദ്ധന് തന്റെ സമ്പാദ്യമായി കുറേ പശുക്കളും ആടുകളുമാണുണ്ടായിരുന്നത്. അയാൾക്ക് ഏഴ് ആൺമക്കളാണ് ഉണ്ടായിരുന്നത്. എല്ലാവരം വിവാഹിതർ. വൃദ്ധൻ തന്റെ സമ്പാദ്യം അവർക്ക് വീതിച്ചു നൽകാൻ തീരുമാനിച്ചു. പശുക്കളെ പുത്രന്മാർക്കും, ആടുകളെ പുത്രഭാര്യമാർക്കുമാണ് നൽകാൻ തീരുമാനിച്ചത്.

മൂത്ത പുത്രന് കിട്ടുന്ന പശുക്കളുടെ എണ്ണത്തിൽ ഒന്ന് കുറവാണ് രണ്ടാമത്തെ പുത്രൻ എടുക്കേണ്ടത്. ഇങ്ങനെ ഓരോന്നു വീതം കുറച്ചാണ് പശുക്കളെ ഭാഗിക്കേണ്ടത്. ഈ വീതംവെപ്പ് സ്വാഭാവികമായും അൽപം നീരസത്തിനിടയാക്കി. അപ്പോൾ ആടിനെ വീതിക്കുമ്പോൾ നേരെ തിരിച്ചുള്ള രീതിയാണ് സ്വീകരിച്ചത്.

അതായത് ഇളയ പുത്രഭാര്യയ്ക്ക് കിട്ടുന്ന എണ്ണത്തിൽ ഒന്ന് കുറവാണ്, തൊട്ട് മുന്നിലുള്ള പുത്രഭാര്യയ്ക്ക് ലഭിക്കേണ്ടത്. ഇങ്ങനെ ഭാഗം വെച്ചപ്പോൾ ഓരോ കുടുംബത്തിനും (പുത്രനും, പുത്രഭാര്യയ്ക്കും) കിട്ടിയ പശുക്കളുടെയും ആടുകളുടെയും എണ്ണം തുല്യമായിരുന്നു. പക്ഷേ ആദ്യത്തെ പുത്രഭാര്യയ്ക്ക് ആടുകളെയൊന്നും കിട്ടിയില്ല. വൃദ്ധന് ആകെ എത്ര പശുക്കളും ആടുകളും ഉണ്ടായിരുന്നു എന്ന് കണ്ടുപിടിക്കാമോ?

*(ഉത്തരം 47 ാം പേജിൽ നോക്കുക)*

palliyarasreedharan@gmail.com

# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**

പുനരാഖ്യാനം: **ജോളി വർഗീസ്**

ശനിയാഴ്ച മധ്യാഹ്നത്തിൽ ആ ചെറിയ ഗ്രാമത്തിൽ സന്തോഷത്തിന്റെ അനക്കമൊന്നും ഉണ്ടായിരുന്നില്ല. ഹാർപ്പർ കുടുംബവും പോളി ആന്റിയുടെ കുടുംബവും കണ്ണീരിന്റെയും ദുഃഖത്തിന്റെയും ഇരുട്ടിലായിരുന്നു. ഗ്രാമവാസികൾ അധികമൊന്നും സംസാരിക്കാതെ തങ്ങളുടെ ജോലികൾ ചെയ്തു. പക്ഷേ അവർ ധാരാളം ദീർഘനിശ്വാസങ്ങൾ ഉതിർത്തു. കുട്ടികൾക്ക് ശനിയാഴ്ചദിവസം ഒരു ഒഴിവുദിനം ആയിരുന്നില്ല. പകരം സഹിക്കാനാകാത്ത ഒരു ഭാരമായി അനുഭവപ്പെട്ടു. ബെക്കി താച്ചർ, ഒഴിഞ്ഞ സ്കൂൾമുറ്റത്ത് ദുഃഖിതയായി നടന്നു.

‘അവന്റെ ചെറിയ പിച്ചള മൊട്ട് എങ്കിലും കൈയിലുണ്ടായിരുന്നെങ്കിൽ, അവനെ ഓർമിക്കാൻ എന്റെ കൈയിൽ ഒന്നും ഇല്ല’ അവൾ തേങ്ങി. ഇനി ഒരിക്കലും അവനെ കാണാൻ സാധിക്കില്ലെന്ന് ഓർത്തപ്പോൾ അവളുടെ ഹൃദയം തകർന്നു. അവളുടെ കവിളുകളിലൂടെ കണ്ണീർ ഒലിച്ചിറങ്ങി. ജോയുടെയും ടോമിന്റെയും സ്നേഹിതർ, അവരുടെ പഴയ വർത്തമാനങ്ങളും അവസാനമായി അവരെ കണ്ട നിമിഷവും, പറഞ്ഞ കാര്യങ്ങളുമെല്ലാം ഓർമിക്കുകയും അന്യോന്യം അവയെല്ലാം പറഞ്ഞ് ആശ്വാസം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു. അവർ ആരാണ്, ടോമിനെയും ജോയെയും അവസാനമായി കണ്ടതെന്ന് ചോദിക്കും. അതു താനാണെന്ന് പറഞ്ഞുറപ്പിച്ച് സ്വന്തം സ്ഥാനവും വലിപ്പവും സ്ഥാപിക്കാൻ ശ്രമിക്കയും ചെയ്തു. അങ്ങനെ അവരുടെ നിഴലിൽ ഹിറോകളാകാനുള്ള മോഹം.

അടുത്തദിവസം സൺഡേ സ്കൂളിന്റെ സമയം കഴിഞ്ഞപ്പോൾ പള്ളിയിലെ വലിയമണി മരണവാർത്തയും ശവസംസ്കാരശൂശ്രൂഷയും അറിയിച്ചുകൊണ്ട് പലതവണ മുഴങ്ങി. ആ ചെറിയ



വര: റോണി ദേവസ്യ

പള്ളിയിൽ അന്നുവരെ അത്രയേറെ ആളുകൾ വന്നുചേർന്ന ഒരു സംഭവം ഉണ്ടായിട്ടില്ല. ദുഃഖം ഘനീഭവിച്ച നിശ്ശബ്ദത.

പോളി ആന്റിയും സിദ്ദുവും മേരിയും ഹാർപ്പർ കുടുംബാംഗങ്ങളും ദുഃഖാചരണത്തിന്റെ കറുത്ത വസ്ത്രവും ധരിച്ച് കയറി വന്നപ്പോൾ ഇടവകാംഗങ്ങൾ ആദരപൂർവം എഴുന്നേറ്റുനിന്നു. അവർ ഇരുന്നതിനുശേഷം മാത്രമാണ് പുരോഹിതനും ബാക്കിയുള്ളവരും ഇരുന്നത്. ഇടയ്ക്കിടയ്ക്ക് ചില അടക്കിപ്പിടിച്ച കുശുകുശുക്കലുകളും ദീർഘനിശ്വാസങ്ങളും.

പുരോഹിതൻ ഒരു ഗാനം ആലപിച്ചു. പിന്നീട് വേദഭാഗം വായിക്കുകയും മരണമടഞ്ഞ കുട്ടികളുടെ നന്മകളും ഗുണഗണങ്ങളും വാചാലമായി അവതരിപ്പിക്കുകയും ചെയ്തു. അപ്പോൾ, തങ്ങൾ, അന്നുവരെ അവയൊന്നും തിരിച്ചറിഞ്ഞില്ലല്ലോ എന്നോർത്ത് വിശ്വാസികൾ പരിതപിച്ചു. അവസാനം കുറ്റബോധത്തോടെ എല്ലാവരും ഏങ്ങലടിച്ചു കരഞ്ഞു. പുരോഹിതനും തന്റെ ദുഃഖം അടക്കാനാകാതെ പ്രസംഗപീഠത്തിൽ നിന്ന് കരഞ്ഞു.

ഗ്യാലറിയിൽ ഒരു ചെറിയ അനക്കം, ആരും ശ്രദ്ധിച്ചില്ല. ദേവാലയത്തിന്റെ വാതിൽ ഒന്ന് കരഞ്ഞു. പുരോഹിതൻ, തന്റെ തൂവാലയ്ക്കു മുകളിലൂടെ, നനവൂറുന്ന കണ്ണുകൾ ഉയർത്തി നോക്കി. അദ്ദേഹം അവിടെ സ്തംഭിച്ചുനിന്നു. ആദ്യം ഒരാൾ പിന്നീട് നിരവധി ആളുകൾ, എല്ലാവരും പുരോഹിതന്റെ നോട്ടത്തെ പിന്തുടർന്ന് വാതിലിലേക്കു നോക്കി. എന്തോ ഉൾപ്രേരണയാൽ അവർ എഴുന്നേറ്റുനിന്നു. മരിച്ചുപോയ മൂന്നു കുട്ടികൾ. ദേവാലയത്തിന്റെ ഇടനാഴിയിലൂടെ മുന്നോട്ടു നടന്നുവരുന്നു. മുൻപിൽ ടോം. പിന്നാലെ ജോയും. അതിന്റെ പിന്നിൽ പിഞ്ചിക്കീറിയ നാറുന്ന

**ഗ്യാലറിയിൽ ഒരു ചെറിയ അനക്കം, ആരും ശ്രദ്ധിച്ചില്ല. ദേവാലയത്തിന്റെ വാതിൽ ഒന്ന് കരഞ്ഞു. പുരോഹിതൻ, തന്റെ തൂവാലയ്ക്കു മുകളിലൂടെ, നനവൂറുന്ന കണ്ണുകൾ ഉയർത്തി നോക്കി. അദ്ദേഹം അവിടെ സ്തംഭിച്ചുനിന്നു. ആദ്യം ഒരാൾ, പിന്നീട് നിരവധി ആളുകൾ, എല്ലാവരും പുരോഹിതന്റെ നോട്ടത്തെ പിന്തുടർന്ന് വാതിലിലേക്കു നോക്കി. എന്തോ ഉൾപ്രേരണയാൽ അവർ എഴുന്നേറ്റുനിന്നു.**

കുപ്പായവുമായി ഹക്കും. അവർ മൂന്നുപേരും ആരും ഉപയോഗിക്കാത്ത ആ ഗ്യാലറിയിൽ ഒളിച്ചിരുന്ന് അവരുടെ ശവസംസ്കാര ശുശ്രൂഷയും ചരമപ്രസംഗവും കേൾക്കുകയായിരുന്നു.

പോളി ആന്റിയും മേരിയും ഹാർപ്പർ കുടുംബാംഗങ്ങളും തങ്ങളുടെ നഷ്ടപ്പെട്ട കുട്ടികളെ തിരികെ കിട്ടിയ സന്തോഷത്തിൽ അവരെ വാരിപ്പുണർന്നും സ്നേഹാശ്രുക്കൾ പൊഴിച്ചും ദൈവത്തിന് നന്ദിപറഞ്ഞപ്പോൾ, സ്വാഗതമോതാൻ ഒറ്റൊരാളു പോലും ഇല്ലാതെ നാണക്കേടോടെ ഹക്ക് പരുങ്ങിനിന്നു. അവൻ പതുക്കെ പുറത്തിറങ്ങാൻ ഒരുമ്പെട്ടപ്പോൾ, ടോം അവനെ പിടിച്ചുനിർത്തി.

“ആന്റീ ഇത് നല്ല മര്യാദയല്ല. ആരെങ്കിലുമൊക്കെ ഹക്ക് തിരികെ വന്നതിലും സന്തോഷം പ്രകടിപ്പിക്കണം”

“ശരിയാണ്. അമ്മയില്ലാത്ത പാവം കുട്ടി. അവനെ കണ്ടതിൽ എനിക്ക് സന്തോഷമുണ്ട്.” പിന്നീട് പോളി ആന്റി അവന്റെ മേൽ ചൊരിഞ്ഞ സ്നേഹപ്രകടനങ്ങൾ, അവനെ കൂടുതൽ ലജ്ജിതനാക്കി.

പെട്ടെന്ന് വൈദികൻ ഉറക്കെ വിളിച്ചുപറഞ്ഞു. “സർവ നന്മകൾക്കും അനുഗ്രഹങ്ങൾക്കുമായി ദൈവത്തെ സ്തുതിച്ചു പാടുക. ഉറക്കെ, ഹൃദയം നിറഞ്ഞ നന്ദിയോടെ പാടണം.” ഇടവകാംഗങ്ങൾ ഉറക്കെ പാടി. മേൽക്കൂര കുലുങ്ങുന്നത്ര ഉച്ചത്തിൽ. ടോം സോയർ എന്ന കടൽക്കൊള്ളക്കാരൻ, ചുറ്റും നോക്കി. തന്നെ അസൂയയോടെ നോക്കുന്ന കൂട്ടുകാരെ കണ്ടു. തന്റെ ജീവിതത്തിലെ ഏറ്റവും അഭിമാനം നിറഞ്ഞ നിമിഷമാണ് അവിടെ അപ്പോൾ അരങ്ങേറുന്നതെന്ന് മനസ്സിൽ പറഞ്ഞു.

പോളി ആന്റിയുടെ മാനസികഭാവം തരളിതമാകുന്നത് അനുസരിച്ച് കഴിഞ്ഞ ഒരു വർഷം ലഭിച്ചതിൽ കൂടുതൽ ചുംബനങ്ങളും തലോടലുകളും ടോമിന് ലഭിച്ചു. ആന്റി ദൈവത്തോടുള്ള നന്ദിയാണോ, തന്നോടുള്ള സ്നേഹമാണോ പ്രകടിപ്പിക്കുന്നതെന്നും ടോമിനു വ്യക്തമായില്ല.

ടോമിന്റെ രഹസ്യപരിപാടി അനുസരിച്ച് സഹകടൽക്കൊള്ളക്കാരുമൊരുമിച്ച് അവരുടെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കാൻ അവർ എത്തിച്ചേർന്നതാണ്. ശനിയാഴ്ച വൈകുന്നേരം അവർ ഒരു തടിക്കഷണത്തിൽ കയറി തുഴഞ്ഞ് ഗ്രാമത്തിൽ നിന്ന് അഞ്ചാറ് മൈലുകൾ താഴെ എത്തിച്ചേരുകയും അവിടെ കുറ്റിക്കാടിനുള്ളിൽ പിറ്റേപ്രഭാതം വരെ കിടന്നുറങ്ങുകയും ചെയ്തു. പിന്നീട്, ഇടവഴികളിലൂടെയും പിൻഭാഗത്തെ തെരുവുകളിലൂടെയും ഒളിച്ചും പാത്തും നടന്ന് ഗ്യാലറിയിൽ കയറി അവിടെ കിടന്നുറങ്ങി.

എന്നിട്ട് ഒരു നിർണായക നിമിഷത്തിൽ എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് അവർ പെട്ടെന്ന് പ്രത്യക്ഷപ്പെടുകയും ചെയ്തു. രഹസ്യപരിപാടിയും അതിന്റെ അവതരണവും ഗംഭീരമായിരുന്നെന്നും അതിന്റെ ശുഭപര്യവസാനം തന്റെ മാത്രം നേട്ടമാണെന്നും വീരനായകൻ





ടോം വിശ്വസിച്ചു.

തിങ്കളാഴ്ച രാവിലെ പ്രഭാതഭക്ഷണവേളയിൽ പോളി ആന്റിയും മേരിയും ടോമിനെ സ്നേഹംകൊണ്ട് ശ്വാസം മുട്ടിക്കയും അവന്റെ എല്ലാ ആഗ്രഹങ്ങളും സാധിച്ചുകൊടുക്കുകയും ചെയ്തു. പതിവിന് വിപരീതമായി അവർ ധാരാളം സംസാരിച്ചു. അതിനിടയിൽ പോളി ആന്റി തന്റെ ദുഃഖവും നീരസവും പ്രകടിപ്പിച്ചു.

''നീ കാട്ടിക്കൂട്ടിയതൊന്നും അത്ര നല്ല തമാശക്കളിയല്ല. നിങ്ങൾ കുട്ടികൾ ഉല്ലസിച്ച് നടന്നപ്പോൾ ഞങ്ങൾ വീട്ടുകാർ ആകാംക്ഷയുടെ മുൾമുനയിലായിരുന്നു. എന്നെ അങ്ങനെ ദുഃഖിപ്പിച്ചത് നിന്റെ ക്രൂരതയുടെ ലക്ഷണമാണ്. തടിപ്പുറത്ത് കയറി അവസാനനിമിഷത്തിൽ വരാമെങ്കിൽ, ഇടയ്ക്ക് എപ്പോഴെങ്കിലും മരിച്ചിട്ടില്ലെന്നും ഒളിച്ചോടിപ്പോയതാണെന്നും ഒരു സൂചന നൽകാമായിരുന്നു.''

''ടോമേ, നീ അങ്ങനെ ചെയ്യേണ്ടതായിരുന്നു.'' മേരിയും പറഞ്ഞു.

''ടോം, നീ അങ്ങനെ ചിന്തിക്കയെങ്കിലും ചെയ്തിരുന്നെങ്കിൽ, അത് നിനക്ക് എന്നോടുള്ള സ്നേഹമായി ഞാൻ കണക്കാക്കുമായിരുന്നു. ഒരിക്കൽ നീ മനസ്സിലാക്കും, എന്നെക്കുറിച്ച് അല്പം കരുതൽ വേണമായിരുന്നു എന്ന്. അപ്പോഴേക്കും വൈകിപ്പോകും.''

''ആന്റീ, എനിക്ക് ആന്റിയെ വലിയ ഇഷ്ടമാണ്.''

''നീ അത് കാണിക്കത്തക്ക രീതിയിൽ പ്രവർത്തിച്ചാൽ ഞാൻ വിശ്വസിക്കാം.''

''പക്ഷേ ഞാൻ ആന്റിയെ സ്വപ്നം കാണുന്നത് വലിയ കാര്യമല്ലേ?'' (തുടരും)

## തിരുത്ത്

തളിര് മാസികയുടെ സെപ്റ്റംബർ ലക്കത്തിൽ 'അന്തരാത്മാവിലെ സാക്ഷി' എന്ന ലേഖനത്തിൽ എഡിസൻ എന്നതിനു പകരം ന്യൂട്ടൻ എന്ന് തെറ്റായി അച്ചടിക്കുകയുണ്ടായി. തെറ്റു പറ്റിയതിൽ നിർവ്യാജ്യം ഖേദിക്കുന്നു.

*പത്രാധിപർ*



ഹിമാചൽപ്രദേശിലെ ഒരു നാടോടി ഗാനം ആലപിച്ചതിലൂടെ രാജ്യാന്തര പ്രശസ്തി നേടിയ കുമാരി ദേവികയ്ക്ക് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വക ഉപഹാരം ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ സമ്മാനിക്കുന്നു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ എം എസ് ഇർഷാദ്, ഫിനാൻസ് ഓഫീസർ ശ്രീമതി ജി ഇന്ദു, ഓഫീസ് മാനേജർ ശ്രീ ബി എസ് പ്രദീപ് കുമാർ എന്നിവർ സമീപം.

47


## കടപയാദി (ഉത്തരം)

പശുക്കളുടെ എണ്ണം 35 ഉം ആടുകളുടെ എണ്ണം 21 ഉം ആയിരിക്കും. ഇവ എങ്ങനെ വീതിച്ചു എന്നത് പട്ടികയിൽ കാണാം.

| | 1 | 2 | 3 | 4 | 5 | 6 | 7 | ആകെ |
|---|---|---|---|---|---|---|---|---|
| പശുക്കൾ പുത്രന്മാർക്ക് | 8 | 7 | 6 | 5 | 4 | 3 | 2 | 35 |
| ആടുകൾ പുത്രഭാര്യമാർക്ക് | 0 | 1 | 2 | 3 | 4 | 5 | 6 | 21 |
| ആകെ | 8 | 8 | 8 | 8 | 8 | 8 | 8 | |

# അമ്മപ്പൂക്കളം

നൗഷാദ് പെരുമാതുറ



വര: സന്തോഷ് വെളിയന്നൂർ

ഉത്രാടസന്ധ്യയുടെ മണങ്ങളൊന്നുമില്ലാത്ത വീടിനെ നിർവികാരമായി നോക്കി അവരിരുന്നു; ഇന്ദുമോളും ശരത്തും. ഓണത്തപ്പനെത്തുമ്പോൾ കാഴ്ചയ്ക്കൊന്നും ഒരുക്കിയില്ലല്ലോ. അയൽപക്കത്തെ ടെലിവിഷനിൽനിന്ന് പഴയൊരു ഓണപ്പാട്ട് ഇടയ്ക്കിടെ വന്നുപോയി. തെരുവിലൂടെ തിടുക്കപ്പെട്ട് കടന്നുപോകുന്ന വാഹനങ്ങളും കാൽപെരുമാറ്റവും...

പുന്നമരത്തിന്റെ ചുവട്ടിൽ തളർന്നുവീണ നിഴലുകളെ കോർത്തിണക്കി കുഞ്ഞിക്കൈകൾകൊണ്ട് കളം വരയ്ക്കുമ്പോൾ അവൾ ചോദിച്ചു:

‘‘ശരത്..., അമ്മ ഇന്ന് വരുമെന്നല്ലേ നീ പറഞ്ഞത്’’

‘‘വരുമായിരിക്കും’’ – അവന് അത്രയേ അറിയൂ. കഴിഞ്ഞരാത്രി അച്ഛൻ ആരോടോ ടെലഫോണിൽ പറയുന്നത് കേട്ട അറിവേ അവനുള്ളൂ. നേരിട്ട് ചോദിക്കാൻ പലവുരു വെമ്പൽ കൊണ്ടതാണ്. വേണ്ട... അച്ഛന് ഇഷ്ടമായില്ലെങ്കിലോ. ഈയിടെയായി പെട്ടെന്ന് ക്ഷോഭിക്കുകയും പരുഷമായി സംസാരിക്കുകയും ചെയ്യുന്ന പ്രകൃതമാണ്.

വരച്ച് പൂർത്തിയാക്കാൻ കഴിയാത്ത കളങ്ങൾ ബാക്കിയാക്കി അവർ തമ്മിൽ നോക്കിയിരുന്നു. പറമ്പിൽനിന്ന്

**അമ്മയുടെ വസ്ത്രങ്ങളും സാധനങ്ങളുമെല്ലാം കുറേ ദിവസമായി അച്ഛൻ ഒതുക്കിവെക്കുകയായിരുന്നു. കാണാതെപോയ കർപ്പൂരത്തട്ടിനായി കുറേ തിരയേണ്ടിവന്നു. ഇവയൊക്കെ കൊണ്ടുപോകാനായിരിക്കുമോ അമ്മ വരുന്നത്? ഇനിയൊരിക്കലും വരില്ലേ? ഇടയ്ക്കൊരു ദിവസം അമ്മ വന്നതും സങ്കടപ്പെട്ട് മടങ്ങിയതും അവർ മുകൾ നിലയിലിരുന്ന് കണ്ടു. ആശങ്കകൾ പങ്കുവെച്ച് പൂക്കളം വരയ്ക്കാൻ മറന്ന് അവരിരുന്നു.**

ശേഖരിച്ചെടുത്ത പൂക്കൾ വാടാൻ തുടങ്ങിയിരിക്കുന്നു. ഊഞ്ഞാലായി മാറാത്ത കയർ മാവിന്റെ ചുവട്ടിൽചുരുണ്ടു കിടന്നു.

അച്ഛനും അമ്മയും തമ്മിൽ മാസങ്ങളായി പിണക്കത്തിലാണ്. കാരണമൊന്നും അറിയില്ല. ഇടയ്ക്കൊരു ദിവസം അമ്മ വന്നതും അച്ഛന്റെ ശാസനയ്ക്കു മുന്നിൽ സങ്കടപ്പെട്ട് മടങ്ങിയതും അവർ മുകൾ നിലയിലിരുന്ന് കണ്ടു. താഴേക്കിറങ്ങിവരാൻ അനുവാദമില്ലാത്തതിനാൽ മുറിയിലിരുന്ന് കരയാനേ കഴിഞ്ഞുള്ളൂ.

അമ്മയുടെ വസ്ത്രങ്ങളും സാധനങ്ങളുമെല്ലാം കുറേ ദിവസമായി അച്ഛൻ ഒതുക്കിവെക്കുകയായിരുന്നു.

കാണാതെപോയ കർപ്പൂരത്തട്ടിനായി കുറേ തിരയേണ്ടിവന്നു. ഇവയൊക്കെ കൊണ്ടുപോകാനായിരിക്കുമോ അമ്മ വരുന്നത്? ഇനിയൊരിക്കലും വരില്ലേ? ആശങ്കകൾ പങ്കുവെച്ച് പൂക്കളം വരയ്ക്കാൻ മറന്ന് അവരിരുന്നു.

“ശരത്... നീയവിടെ എന്തെടുക്കുവാ?” -അച്ഛന്റെ ഇടിമുഴക്കം.

“ഇന്ദുവിനെയും കൂട്ടി ഇങ്ങ് പോര്.”

എന്തിനാണ് വിളിക്കുന്നതെന്ന് അവർക്കറിയാം. മുഷിഞ്ഞ ഗന്ധമുള്ള മുറിക്കുള്ളിൽ പാഠപുസ്തകങ്ങൾക്കിടയിൽ എപ്പോഴും ഇരുന്നോളണം. പഠിക്കാമെന്നുവെച്ചാൽ ഇപ്പോൾ ഒന്നിനും പറ്റുന്നില്ല. പുസ്തകങ്ങൾക്ക് മുന്നിലിരിക്കുമ്പോൾ അമ്മയുടെ കരഞ്ഞു കലങ്ങിയ കണ്ണുകൾ മനസ്സിൽ ഓടിയെത്തും. എന്തിനാണ് അമ്മ എപ്പോഴുമിങ്ങനെ കരയുന്നത്? പാഠപുസ്തകങ്ങൾ അമ്മ നീട്ടുമ്പോൾ അതെടുത്ത് വായിക്കാൻ എന്ത് ഉത്സാഹമെന്നോ! ഇപ്പോൾ വല്ലാത്തൊരു വിരസതയാണ് എല്ലാത്തിനും.

സ്കൂളിലെ ഓഫീസ് മുറിയിൽ വിളിപ്പിച്ച് പ്രതാപൻ മാഷ് ചോദിച്ചതും അതുതന്നെ.

“നിങ്ങൾ രണ്ടുപേരുമെന്താ കുട്ടികളേ ഇങ്ങനെ. നന്നായി പഠിക്കുമായിരുന്നല്ലോ.ഇപ്പോഴിത് എന്തുപറ്റി? ക്ലാസിൽ ശ്രദ്ധിക്കുന്നേയില്ലല്ലോ...”

അമ്മയുടെ നിറകണ്ണുകൾ അവരെ വേട്ടയാടി. പുസ്തകങ്ങളെടുത്ത് മുന്നിൽവെച്ചെങ്കിലും ഒന്നും വായിക്കാൻ കഴിഞ്ഞില്ല. കുറേനേരം തല കുമ്പിട്ടിരുന്നശേഷം ശരത് മുറിവിട്ട് പുറത്തിറങ്ങി അച്ഛന്റെയടുത്തെത്തി.

“അമ്മയെന്താ വരാത്തതച്ഛാ? ഞങ്ങൾക്ക് അമ്മയെ കാണണം.”

ക്ഷോഭിച്ച് പൊട്ടിത്തെറിക്കുമെന്നാണ് കരുതിയത്. ചുവന്നുപോയ മുഖം കൈകളാൽ അമർത്തിത്തുടച്ച് ഇമവെട്ടാതെ നോക്കിനിന്നതേയുള്ളൂ...

“വരും...”

പുറത്തേക്കിറങ്ങാൻ തിടുക്കം കൂട്ടുന്നതിനിടെ വാതിൽക്കൽചെന്ന് തിരിഞ്ഞുനിന്നു.

“നിങ്ങളോട് ഇനി ഒന്നിനും ഞാൻ നിർബന്ധിക്കില്ല. ഇഷ്ടമുള്ളത് ചെയ്തോ...”

“അമ്മയോടും അച്ഛനോടുമൊപ്പം കഴിയാനാ ഞങ്ങൾക്കിഷ്ടം. വേറൊന്നും വേണ്ട...”

ഇന്ദു പിന്നിലുണ്ടായിരുന്നെന്ന് അപ്പോഴാണ് ശരത് അറിഞ്ഞത്. അച്ഛൻ തോൽക്കാൻ തുടങ്ങുകയായിരുന്നു.

നെറ്റിയിലെ വിയർപ്പ് ഗോളങ്ങളും കാഴ്ചകളിലൊന്നുമുറയ്ക്കാത്ത കണ്ണുകളും അത് പറഞ്ഞു. ഈശ്വരാ ആരും തോൽക്കരുതേ..! രാത്രി ഇടയ്ക്ക് ഉണർന്നപ്പോഴൊക്കെ അച്ഛന്റെ മുറിയിൽ വെളിച്ചമുണ്ടായിരുന്നു. എന്തൊക്കെയോ അലമാരയിൽ അടുക്കിപ്പെറുക്കിവെക്കുന്നതിന്റെ ശബ്ദം.പായസക്കൂട്ടിന്റെ മണമെത്തിയാണ് പുലർച്ച അവരെ വിളിച്ചുണർത്തിയത്. മുഖത്തും വീട്ടിലാകെയും അമ്മയുടെ മണം.

അമ്മ... അമ്മ..! ജനാലയിലൂടെ നോക്കിയപ്പോൾ ആദ്യം കണ്ണുകളിലുടക്കിയത് ചെത്തിമിനുക്കിയ മുറ്റമാണ്. തുളസിത്തറയ്ക്കടുത്തായി പൂക്കളം. ഓണത്തപ്പനെ ഒരുക്കുകയാണ് അമ്മ. മാവിൻ കൊമ്പിൽ ഒരുങ്ങിയ ഊഞ്ഞാലിൽ പിടിച്ച് നോക്കി നിൽക്കുകയാണ് അച്ഛൻ. ഇന്ദുമോൾക്കും ശരത്തിനും കണ്ണുകൾ നിറഞ്ഞുപോയി. ഓണത്തിന്റെ മണമെത്തി അവരുടെ മനസ്സിൽ പൂക്കളമൊരുക്കി.

# ആകാശം

സജീവൻ കല്ലാച്ചി



ഉണ്ണിയോടിന്നു ചിരിക്കും നിലാവിന്
പൊന്നിൻ നിറമാ,ണഴകാണ്
അമ്പിളിവെട്ടമൊഴുകുന്ന ഭൂമിക്ക്
പൂമാലയിട്ട നിറമാണ്.
മുറ്റത്തു കൂടെ നടന്നു കളിക്കുന്നൊ
രുണ്ണിക്കിന്നമ്പിളി കൂട്ടാണ്.
ഉണ്ണി നടക്കുമ്പോളമ്പിളിക്കുട്ടനും
കൂടെ നടന്നു കളിക്കാണ്...
ഉണ്ണിയെ നോക്കിക്കണ്ണിറുക്കാൻ
ഉത്രാടത്താരകൾക്കിഷ്ടാണ്.
വാരിവിതറിയൊരോണനക്ഷത്രങ്ങൾ
മാനത്തു കുത്തി മറിയ്യാണ്.
ഉണ്ണിക്കു രാവൊരു കാളിന്ദിയാറാണ്
ഈയുണ്ണി കണ്ണനാമുണ്ണിയാണ്.

വര : ആശ ആർ



## വയലാർ സാഹിത്യ പുരസ്ക്കാരം ശ്രീ ഏഴാച്ചേരി രാമചന്ദ്രന്



വയലാർ രാമവർമ മെമ്മോറിയൽ ട്രസ്റ്റിന്റെ 44 ാമത് പുരസ്ക്കാരത്തിന് പ്രശസ്ത കവി ശ്രീ ഏഴാച്ചേരി രാമചന്ദ്രൻ അർഹനായി. അദ്ദേഹം രചിച്ച 'ഒരു വെർജീനിയൻ വെയിൽ കാലം' എന്ന കവിതാസമാഹാരത്തിനാണ് പുരസ്ക്കാരം ലഭിച്ചത്. ഒരു ലക്ഷം രൂപയും കാനായി കുഞ്ഞിരാമൻ വെങ്കലത്തിൽ തീർത്ത ശിൽപവും അടങ്ങുന്നതാണ് പുരസ്ക്കാരം. അമേരിക്കൻ യാത്രയുടെ പശ്ചാത്തലത്തിൽ അദ്ദേഹം രചിച്ച 41 കവിതകളാണ് ഈ സമാഹാരത്തിലുള്ളത്.

കോട്ടയം രാമപുരം ഏഴാച്ചേരിയാണ് സ്വദേശം. സാഹിത്യ പ്രവർത്തക സഹകരണസംഘം പ്രസിഡന്റും പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന വൈസ് പ്രസിഡന്റുമാണ്.

കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം, ഉള്ളൂർ അവാർഡ്, ആശാൻ സ്മാരക പുരസ്ക്കാരം, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2018 ലെ പാലാ കെ എം മാത്യു പുരസ്ക്കാരം, പ്രൊഫഷണൽ നാടക ഗാനരചനയ്ക്ക് 3 സംസ്ഥാന അവാർഡുകൾ തുടങ്ങി നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.


# നവ സിനിമയ്ക്ക് മികച്ച സങ്കേതം



## ലെനിൻ സിനിമാസ്

മൂന്നാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ,
തമ്പാനൂർ, തിരുവനന്തപുരം. ഫോൺ: 0471-2339977



- ഡോൾബി സൗണ്ട് സിസ്റ്റം
- 4 കെ പ്രൊജക്ഷൻ
- റിയൽ 3 ഡി
- പുഷ്ബാക്ക് സോഫാചെയർ
- ഇ-ടിക്കറ്റിംഗ് & പാർക്കിംഗ്

### ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആധുനിക തീയേറ്ററുകൾ

| | | |
|---|---|---|
| കൈരളി/ശ്രീ/നിള | - | തമ്പാനൂർ, തിരുവനന്തപുരം ഫോൺ: 0471- 2332747 |
| കലാഭവൻ | - | വഴുതക്കാട്, തിരുവനന്തപുരം ഫോൺ: 0471- 2322314 |
| കൈരളി ശ്രീ | - | കല്ലുപാലം, ആലപ്പുഴ ഫോൺ: 0477 - 2237300 |
| കൈരളി ശ്രീ | - | ചിത്രാഞ്ജലി കോംപ്ലക്സ്,ചേർത്തല ഫോൺ: 0478 - 2822645 |
| കൈരളി ശ്രീ | - | നോർത്ത് പറവൂർ, പുല്ലംകുളം ഫോൺ: 0484 - 2442118 |
| കൈരളി ശ്രീ | - | റൗണ്ട് നോർത്ത്, തൃശ്ശൂർ ഫോൺ: 0487 - 2330310 |
| കൈരളി ശ്രീ | - | ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റിന് എതിർവശം, കോഴിക്കോട്, ഫോൺ: 0495 - 2720325 |
| കൈരളി ശ്രീ | - | അണിക്കോട്, ചിറ്റൂർ, പാലക്കാട് ഫോൺ: 0492 - 3221300 |

**ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ:** bookmyshow, keralafilms.gov.in

### ചിത്രാഞ്ജലി സ്റ്റുഡിയോ സൗകര്യങ്ങൾ

- ❖ മനോഹാരിതയുള്ള ഷൂട്ടിംഗ് ലൊക്കേഷനുകൾ
- ❖ DI ബേസ് ലൈറ്റ് II, 4K. പ്രൊജക്ഷൻ
- ❖ എ.സി ഔട്ട് ഡോർ യൂണിറ്റ്, ഗ്രീൻമേറ്റ്, ഷൂട്ടിംഗ് ഫ്ളോർ, എഡിറ്റിംഗ്, ഡബ്ബിംഗ്, സെറൗണ്ട് മിക്സ്, സൈറ്റുകൾ

| | | |
|---|---|---|
| ചിത്രാഞ്ജലി സ്റ്റുഡിയോ | - | തിരുവല്ലം, തിരുവനന്തപുരം<br>ഫോൺ: 0471- 695027, 2384150, 51, 52 |
| ചിത്രാഞ്ജലി സ്റ്റുഡിയോ | - | പഴയ എൻ.ജി.ഒ ക്വാർട്ടേഴ്സിനു സമീപം<br>കാക്കനാട്, കൊച്ചി, ഫോൺ: 0484 - 2428029 |

# കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

വഴുതയ്ക്കാട്, തിരുവനന്തപുരം
ഫോൺ: 0471-2325325, 2321586
ksfdcltd@gmail.com

നിശ്ചലമായ തേരിൽനിന്നു നിലത്തുചാടി രഥചക്രം ഊരിയെടുത്ത് സഹദേവൻ കർണന്റെ നേർക്കയച്ചുവെങ്കിലും അതും തകർക്കപ്പെട്ടപ്പോൾ സഹദേവൻ പിന്തിരിഞ്ഞുപോയി. കർണൻ പിന്നിൽ നിന്നുവിളിച്ചു. 'കുട്ടി, പോയി തുല്യന്മാരോട് പടവെട്ട്. പാർഥന്റെ അടുത്തു പോകുക. അല്ലെങ്കിൽ വീട്ടിൽ പോ!' വില്ലിൻതുമ്പാൽ അവനെ കുത്തി കർണൻ ഇങ്ങനെ പരിഹസിച്ചപ്പോൾ മനംമുറിഞ്ഞ സഹദേവൻ പാഞ്ചാലരഥത്തിൽകയറി അവിടെനിന്നു പോയി.

രാത്രിയുദ്ധം ഘോരമായി തുടർന്നു. കുരുബന്ധുവായ ശതാനീകൻ കൊല്ലപ്പെട്ടു. എതിർത്തു ചെന്ന ശകുനി കൂരമ്പുകളേറ്റു വീണുപോയി. മോഹാലസ്യപ്പെട്ടു തേരിൽ വീണ ശകുനിയെ തേരാളി അവിടെനിന്നു മാറ്റിക്കൊണ്ടുപോയി. വാശിയോടെ രണവീരന്മാർ തമ്മിൽ വീണ്ടും വീണ്ടും ഏറ്റുമുട്ടിയ ആ രണത്തിൽ ആയിരങ്ങൾ മരിച്ചുവീണു.

തിനിടയിൽ പരുന്ത് ഇരയുടെ മേലെന്നപോലെ ഘടോൽക്കചൻ ശത്രുവിന്റെ മെയ്യിലേക്ക് ഉയർന്ന് കുതിച്ചുചാടിപ്പതിച്ചു. വീണുപോയ അലംബുഷന്റെ മുടിക്കു കുത്തിപ്പിടിച്ചുയർത്തി ഭയങ്കരനായ ഭീമപുത്രൻ വാളെടുത്ത് ഒറ്റവെട്ടിന് അവന്റെ ശിരസ്സറുത്തു.

ചോരയൊലിക്കുന്ന ഭീകരമുഖമുള്ള ആ തല ദുര്യോധനന്റെ തേരിലേക്കെറിഞ്ഞു കൊടുത്തിട്ട് ഘടോൽക്കചൻ അലറി. 'ഇതാ നിന്റെ ബന്ധു! ഞാനിനി നിന്റെ കർണന്റെ നേർക്ക് പോകുന്നു...' എന്നു ഗർജിച്ചുകൊണ്ട് അവൻ പാഞ്ഞടുത്തു. അവന്റെ ഘോരാട്ടഹാസം കേട്ട് ആനപ്പട പിണ്ടമിട്ടു തിരിഞ്ഞുപാഞ്ഞു. കർണൻ ക്രൂരാസ്ത്രങ്ങളാൽ അവന്റെ പെരും മെയ്യാകെ മുറിവേൽപ്പിച്ചു. കർണന്റെ ദിവ്യാസ്ത്രങ്ങളെ രാക്ഷസമായ തടഞ്ഞു.

എട്ടു ചക്രങ്ങളുള്ളതും വന്മലപോലെ ഉയർന്നതും ചെമ്പൻ സടകളുള്ളവയും ആനകളുടെ വലിപ്പമുള്ളവയുമായ രാക്ഷസാശ്വ



## ഘടോൽക്കച പരാക്രമം

(തുടർച്ച)

കർണാസ്ത്രങ്ങളേറ്റു മങ്ങുന്ന പാണ്ഡവപ്പടയെക്കണ്ട് ശ്രീവാസുദേവൻ ഘടോൽക്കചനോട് പറഞ്ഞു.

'ഭീമപുത്ര, നിന്റെ പരാക്രമവും മായയും കൊണ്ട് കർണനെ എതിർക്കുക. നിന്റെ പിന്തുണയ്ക്കു സാത്യകി നിൽക്കും.'

ദീപ്തമായ മുഖത്തോടും ചെമ്പിച്ച മുടിയോടും കോപിച്ചടുക്കുന്ന അവനെ ചിരിച്ചുകൊണ്ട് കർണൻ എതിരേറ്റ് അവന്റെ നേർക്ക് കൂരമ്പുകൾ ചൊരിഞ്ഞു. ഇതുകണ്ട ദുര്യോധനൻ കർണന് തുണയായി അലംബുഷരാക്ഷസനെ നിയോഗിച്ചു. ഘടോൽക്കചനും അലംബുഷനും രണ്ട് കരിമേഘങ്ങളെപ്പോലെ ഏറ്റുമുട്ടിയപ്പോൾ പന്തങ്ങളെറിഞ്ഞിട്ട് സൈനികർ ഓടിത്തുടങ്ങി. മദയാനകളെപ്പോലെ അവർ പൊരുതി. തേരുവിട്ടു നിലത്തിറങ്ങി ദ്വന്ദ്വയുദ്ധം ചെയ്യുന്ന അവർ കൈചുരുട്ടി തമ്മിലിടിച്ചും അടിച്ചും പിടിച്ചിഴച്ചും മായാജാലങ്ങൾ കാട്ടിയും ഭൂമി കുലുക്കി. അലർച്ചയാൽ ദിക്കുകൾ മുഴക്കി. തമ്മിൽ ഉഗ്രമായ മുഷ്ടിയുദ്ധം ചെയ്യുന്ന

ങ്ങൾ വലിക്കുന്നതും, കഴുകൻ കൊടിയുയർന്നാടുന്നതുമായ ഭീമാകാരമായ തേരിൽ ഘടോൽക്കചൻ ഘോരാകാരനായി കാണപ്പെട്ടു. അവന്റെ കൂർത്തുയർന്ന ചെമ്പൻതലമുടിയും കൂർത്ത ചെവികളും കറുത്ത കൂറ്റൻശരീരവും ഉരുണ്ട രക്താക്ഷികളും കണ്ടവരെല്ലാം നടുങ്ങി വിറയാർന്നു. അവന്റെ ഊക്കൻ വില്ലിൽ നിന്ന് ഞാണൊലിയാൽ ഇടിയൊച്ച മുഴക്കിക്കൊണ്ട് കൂരമ്പുകൾ ചീറിപ്പാഞ്ഞു. കർണാസ്ത്രങ്ങൾ അവനെ ചോരയിൽ കുളിപ്പിച്ചു, ഭീമാശ്വങ്ങളെ കൊന്നുവീഴ്ത്തി, പെരുംതേര് ഉടച്ചെറിഞ്ഞു. ഘടോൽക്കചൻ മായയാൽ നൂറു രൂപങ്ങളായി പെരുതായും കുറുകിയും നീണ്ടും മലപോലെയായും പടക്കളമെങ്ങും നിറഞ്ഞു കാണായി. അവൻ വീണ്ടുമൊരു വൻ തേരിൽ സൂര്യപുത്രനോടടുത്ത് അട്ടഹസിച്ചു. അവന്റെ പെരുംകുണ്ഡലങ്ങൾ ആടിക്കളിച്ചു. 'നിൽക്ക് നിൽക്ക് സൂതപുത്ര, നിന്നെ ജീവനോടെ വിടില്ല ഞാൻ!' യുദ്ധം മുറുകി. കൗരവപക്ഷത്തിലുള്ള രാക്ഷസന്മാരെ ഭീമസേനൻ ഗദാഘാതത്താൽ

കൊന്നു. ഘടോൽക്കചൻ എത്ര അമ്പേറ്റിട്ടും തളരാതെ വീണ്ടും വീണ്ടും ഘോരമായി പോരാടുന്നതുകണ്ട കൗരവന്മാർ അമ്പരന്നു.

ഇടിയൊച്ചപോലുള്ള ഞാണൊലിയും മിന്നൽപോലുള്ള പടവില്ലിളക്കവും മേഘംപോലെ പാറുന്ന കൊടികളും പെരുമാരിപോലുള്ള ശരമാരിയുംകൊണ്ട് യുദ്ധഭൂമി മഹാവർഷകാലം പോലെ വിലസി.

ഉഗ്രയുദ്ധത്തിനിടയിൽ ഘടോൽക്കചൻ അദൃശ്യനായി. ആകാശത്തുനിന്നും ഇടിനാദത്തോടുകൂടി ആയുധവർഷം തുടങ്ങി. രാക്ഷസമായയാൽ മാരിപോലെ വന്നേൽക്കുന്ന അസ്ത്രശസ്ത്രങ്ങളാൽ കർണൻ വിവശനായിത്തുടങ്ങി. ദിവ്യാസ്ത്രംകൊണ്ട് രക്ഷോമായ പോക്കാൻ ആവുന്നില്ല. തേരുകൾ തെരുതെരെ തകർന്നു. ഒറ്റമുൾത്തടിയേറ്റ് കർണന്റെ തേരും കുതിരകളും ഉടഞ്ഞും മുറിഞ്ഞും പതിക്കവേ കൗരവന്മാർ വിളിച്ചുപറഞ്ഞു.

'കർണ, കൂട്ടമായി കുരുക്കൾ നശിക്കുകയാണ്. മഹാസ്ത്രങ്ങളൊന്നും ഫലിക്കുന്നില്ല- ദിവ്യമായ നിന്റെ വേൽ പ്രയോഗിച്ച് അവനെ കൊല്ലുക, വേഗമാകട്ടെ!'

കൗരവപ്പടയുടെ ആർത്തനാദംകേട്ടും ഘടോൽക്കചനെ കാലനൂർക്കയയ്ക്കാൻ മറ്റൊരു ആയുധത്തിനും ആവതില്ലെന്നു കണ്ടും വഴിമുട്ടിയ കർണൻ അർജുനവധത്തിനായി താൻ കാത്തുവെച്ചിരുന്ന ദിവ്യമായ വേലെടുത്തു. ജന്മദത്തമായ കവചകുണ്ഡലങ്ങൾ കൊടുത്ത് ദേവേന്ദ്രനിൽനിന്നു നേടിയ ആ ശക്തിയെടുത്തു ജപിച്ച് കർണൻ ഘടോൽക്കചന്റെ നേർക്ക് ആഞ്ഞുവിട്ടു. ജ്വലിക്കുന്ന ആ വേൽ മിന്നൽപോലെ മുകളിലേക്കു പാഞ്ഞുപോയി മായയാൽ മറഞ്ഞുനിന്ന ഭീമകുമാരന്റെ മാറുപിളർന്നുകൊണ്ട് നക്ഷത്രങ്ങൾക്കിടയിൽ ചെന്നു മറഞ്ഞു. ഒരു വൻമല ഇടിഞ്ഞു വീഴുംപോലെ ഉഗ്രശബ്ദത്തോടെ ഘടോൽക്കചശരീരം നിലംപതിച്ചു. കൗരവസേന ആഹ്ലാദാതിരേകത്താൽ ആർത്തുവിളിച്ചു. വാദ്യങ്ങൾ ഘോഷിച്ചു.

ദു:ഖിതരായ പാണ്ഡവന്മാർ കണ്ണുനീരോടെ ഈ മഹാനഷ്ടത്തിൽ തളർന്നുനിൽക്കവേ ചിരിച്ചുകൊണ്ട് തന്നെ ആശ്ലേഷിച്ച ശ്രീകൃഷ്ണനോട് ഖേദാദ്ഭുതങ്ങളോടെ അർജുനൻ ചോദിച്ചു.

'എന്താണിതു വാസുദേവ, വീരാധിവീരനായ ഭീമപുത്രൻ ഘടോൽക്കചൻ മരിച്ച മഹാദു:ഖത്തിനിടയിൽ എനിക്കു മനസ്സിലാകുന്നില്ല, എന്താണ് അങ്ങയ്ക്കീ സന്തോഷം?'

ശ്രീകൃഷ്ണൻ പറഞ്ഞു.

'ഈ അജയ്യമായ വേൽ അർജുനനുവേണ്ടി കർണൻ നേടിയെടുത്തു സൂക്ഷിച്ചിരുന്നതാണ്. അത് ഉപയോഗിക്കാൻ കർണൻ നിർബന്ധിതനായത് ഘടോൽക്കചന്റെ പരാക്രമം നിമിത്തം മാത്രമാണ്.

പ്രിയപ്പെട്ടവരേ, അർജുനനെയോ ഘടോൽക്കചനെയോ ഒരാളെ നഷ്ടപ്പെടുമെന്ന നിലവന്നപ്പോൾ ഘടോൽക്കചൻ നഷ്ടപ്പെടുന്നതല്ലേ ഭേദം? പാർഥനെക്കൂടാതെ ഭാരതയുദ്ധമുണ്ടോ?'

ഭീമനും മറ്റു പാണ്ഡവരും കണ്ണുനീരോടെ ആ വാക്കുകൾ സ്വീകരിച്ചു.

(തുടരും)

വര: ജയേന്ദ്രൻ



കൗരവപ്പടയുടെ ആർത്തനാദംകേട്ടും ഘടോൽക്കചനെ കാലനൂർക്കയയ്ക്കാൻ മറ്റൊരു ആയുധത്തിനും ആവതില്ലെന്നു കണ്ടും വഴിമുട്ടിയ കർണൻ അർജുനവധത്തിനായി താൻ കാത്തുവെച്ചിരുന്ന ദിവ്യമായ വേലെടുത്തു. ജന്മദത്തമായ കവചകുണ്ഡലങ്ങൾ കൊടുത്ത് ദേവേന്ദ്രനിൽ നിന്നു നേടിയ ആ ശക്തിയെടുത്തു ജപിച്ച് കർണൻ ഘടോൽക്കചന്റെ നേർക്ക് ആഞ്ഞുവിട്ടു.

ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...

# ഓർമ്മത്താളുകൾ

**സേതുലക്ഷ്മി എസ്, ക്ലാസ്സ് 7,**
**ടൗൺ യു പി എസ്, തേവള്ളി, കൊല്ലം.**

പ്രാരാബ്ധങ്ങളുടെ ജീവിതത്തിലേക്കുള്ള കടന്നുകയറ്റം അടയാളങ്ങൾ കാട്ടിക്കൊണ്ടാണോ എന്ന ചിന്തയുമായി അവൻ നടന്നു. വിദ്യാലയമുറ്റത്ത് കൂട്ടുകാരുമൊത്ത് കളിച്ചുനടന്നപ്പോൾ ഈ ചിന്തകൾ എവിടെപ്പോയി ഒളിച്ചിരുന്നിരിക്കാം. ചെളിവെള്ളവും മറ്റും പുരണ്ട് അവന്റെ വെള്ള ഷർട്ടിന്റെ നിറം ആകെ ഒരു മുഷിഞ്ഞ മട്ടിലാണ്. ചീകിയൊതുക്കാത്ത അവന്റെ ചെമ്പൻമുടി ഇളംകാറ്റിൽ ഇളകിയാടുന്നുണ്ടായിരുന്നു. വീടെത്തിയത് അവൻ അറിഞ്ഞതേയില്ല. എല്ലുപൊന്തിയ ചെറ്റക്കുടിലിന്റെ മൂലയിൽ തുരുമ്പെടുത്ത ആ പഴയ സൈക്കിൾ അവനെ നോക്കി ഇരിക്കുന്നുണ്ട്. ഇനി നേരേ പോകണം - കപ്പലണ്ടി കച്ചവടത്തിന്. ജീവിതത്തിന്റെ പച്ചയായ സന്ദർഭങ്ങൾ അവനു നൽകിയ ഉത്തരവാദിത്തം. വാതം പിടിച്ച് കട്ടിലിൽ തളർന്നു കിടക്കുന്ന അച്ഛനെ ഓർത്തപ്പോൾ അവന്റെ കണ്ണുകൾ നീരുറവകളായി. അവൻ ആദ്യമായി നീർച്ചാലുകൾ കണ്ടത് അവന്റെ അമ്മയുടെ കവിൾത്തടങ്ങളിലാണ്.

''ദാമോദരാ... വരുന്നില്ലേ നീയ്യ്?''

രാമുണ്ണിയുടെ വിളിയാണ്.

''ഇല്ല നീ പൊയ്ക്കോ. എനിക്കിന്ന് കച്ചവടത്തിന് പോകണം...''

അവൻ ഒരുവിധം പറഞ്ഞൊപ്പിച്ചു. പ്രാരാബ്ധങ്ങൾക്ക് വിയർപ്പിന്റെ മണമാണല്ലോ! അവന് പോകാൻ സമയമായി. രാവിലെ ഒരു കാലിച്ചായ കുടിച്ചതാണ്. വയറ് ചൂളം പാടാൻ തുടങ്ങിയിട്ടുണ്ട്. സ്കൂളിൽ പോകുന്നതുതന്നെ ഉച്ചക്കഞ്ഞിയേ ആഗ്രഹിച്ചാണ്. പള്ളകീറിത്തുടങ്ങിയ ആ സൈക്കിളിന്റെ നെഞ്ചത്ത് ഇരുപ്പുറപ്പിച്ച് അവൻ യാത്രയാരംഭിച്ചു. വഴിയരികിൽ തന്റെ കൂട്ടുകാർ, സമപ്രായക്കാർ. അവർ വിനോദങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്.

വിഷമം ഉള്ളിൽ കടിച്ചമർത്തി അവൻ യാത്ര തുടർന്നു. അച്ഛന് വാതം പിടിപെട്ടതോടെ വിട്ടിലെ കാര്യം താറുമാറായി. ഇനി ആകെയുള്ള വരുമാനം ഈ കച്ചവടമാണ്. പാടവരമ്പിലൂടെ യാത്ര ചെയ്യുമ്പോൾ കാണുന്ന കാഴ്ചകൾ അവന്റെ സങ്കടക്കനലിനെ തെല്ലൊന്നു തണുപ്പിക്കാറുണ്ട്. ഇളംകാറ്റിന്റെ തലോടലും ചപ്പിലക്കിളികളുടെ കലപിലയും പ്രകൃതിക്ക് കൂടുതൽ സൗന്ദര്യം ഏകുന്നു. സൂര്യചന്ദ്രന്മാർ ഒളിച്ചുകളിയിൽ ഏർപ്പെട്ടിരിക്കുന്ന ആ യാമങ്ങളാണ് അവന്റെ ജീവിതത്തിന് പശ്ചാത്തലം ഒരുക്കുന്നത്.

''കപ്പലണ്ടിയേയ്യ്...''

അവൻ നീട്ടിവിളിച്ചു. ഒരുപറ്റം കുട്ടികൾ ഓടിയടുത്തു. 10 പൈസയ്ക്ക് 10 കപ്പലണ്ടി. കണക്ക്

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd, Thiruvananthapuram.

കൂട്ടാൻ പിറകിലായ അവനു മാഷിന്റെ അടി ദിവസേന ലഭിക്കാറുണ്ട്. എന്നിരുന്നാലും കപ്പലണ്ടി കച്ചവടത്തിൽ അവന്റെ കണക്കുകൾ ഒരിക്കലും തെറ്റാറില്ല. ബോർഡിൽ കൈപ്പത്തി അമർത്തിച്ച് വിരലുകളുടെ പുറത്ത് ചൂരൽ അമർത്തുമ്പോൾ മാഷിന് ആശ്വാസമാകുമെങ്കിൽ ആകട്ടെ എന്ന് അവൻ പലപ്പോഴും തീരുമാനിച്ചിട്ടുണ്ട്. രണ്ട് വളവ് കഴിയണം, ഒരു ഒറ്റയടിപ്പാത. പാടത്തിന്റെ നടുവിലാണത്. അവിടെയെത്തുമ്പോൾ അവൻ നീട്ടിവിളിക്കും. 'കപ്പലണ്ടിയേയ്യ്...' അതിനൊരു പ്രത്യേക ഈണമാണ്. വിദൂരതയിലേക്കുള്ള ആ വിളി കച്ചവടത്തിന്റെ ഭാഗമല്ല. അതിന് ജീവിതത്തിന്റെ ഈണമാണ്. ആ ശബ്ദങ്ങൾ വിദൂരതകളിൽ



വര: ഗോപു പട്ടിത്തറ

തട്ടി തിരികെയെത്തുന്നു.

പണ്ടെപ്പൊഴോ സിസിലിക്കുട്ടി ടീച്ചർ പഠിപ്പിച്ച 'എക്കോ'. ഒരു സംതൃപ്തിയെന്നോണം അവൻ ഒരു ദീർഘനിശ്വാസം അയച്ചു.

'കപ്പലണ്ടിയേയ്യ്...'

അവൻ നീട്ടിവിളിച്ചു.

ആ പാതയുടെ അറ്റത്തുള്ള പുരയുടെ ഭിത്തിയിൽ ചാരിനിന്ന തുരുമ്പെടുത്ത ഒരു കാലൻകുട അവനെ തുറിച്ചു നോക്കി.

വീണ്ടും അവൻ നീട്ടി വിളിച്ചു. 'കപ്പലണ്ടിയേയ്യ്...'

അയാൾ ഞെട്ടിയുണർന്നു!

*********

ജോലിസ്ഥലത്തു നിന്നും നാട്ടിലേക്കുള്ള യാത്രയിൽ ട്രെയിനിന്റെ 'കട കട' ശബ്ദം കർണപുടങ്ങളെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു. യാഥാർത്ഥ്യമായ ഒരു സ്വപ്നം. വിയർപ്പിന്റെ ഗന്ധമുള്ള ആ ഓർമ്മതാളുകൾ അടയ്ക്കപ്പെട്ടു.

'കപ്പലണ്ടിയേയ്..... കപ്പലണ്ടിയേയ്...'

ഇതാ വർഷങ്ങൾക്കു ശേഷം ജീവിതത്തിന്റെ ഈണമുള്ള ആ വിളി. ''കപ്പലണ്ടി വേണോ സാർ?''

ഒരു ചെറുപുഞ്ചിരിയോടെ അയാളതു വാങ്ങി. പക്ഷെ 10 പൈസയ്ക്ക് 10 കപ്പലണ്ടിയല്ലെന്നു മാത്രം.

'വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും' എന്ന പഴംചൊല്ല് മന്ത്രിച്ചു കൊണ്ട് അയാൾ അവ ഓരോന്നായി കൊറിച്ചുകൊണ്ടിരുന്നു. താളത്തിൽ....

## വര



**സനിഷ ബി, 7 ബി, ഗവ. എച്ച് എസ് ഉളിയനാട്, കൊല്ലം**

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 November 2020
Regd KL/TV (N)/399/2018-2020 Published on 20-11-2020 Vol:26, Issue:11, ₹20

## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം, സാഹിതി തിരുവനന്തപുരം തുടങ്ങിയ ഇടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.




**തളിര്**

**കുട്ടികളുടെ മാസിക**
**വില 20രൂപ**
**വാർഷികവരിസംഖ്യ 200രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക. അല്ലെങ്കിൽ താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: **8547971483.**

ACCOUNT NUMBER : **30583524448**. IFSC : **SBIN0004360**